
കുമരകം

ഗ്രാമപഞ്ചായത്ത്




വികസന രേഖ


കേരളം
Kottayam


ERNAKULAM
കോട്ടയം ജില്ല
IDUKKI
ALLEPPEY
കുമരകം
PATHANAMTHITTA
VAIKOM TALUK
MEENACHIL TALUK
KOTTAYAM TALUK
CHANGANACHERRY TALUK
KANJIRAPPALLY TALUK
KOTTAYAM
VAIKOM
PALAI MUNICIPALITY
KOTTAYAM MUNICIPALITY
CHANGANACHERRY MUNICIPALITY
VEMBANAD LAKE

54-2

കുമരകം പഞ്ചായത്ത്



കുമരകം ഗ്രാമ പഞ്ചായത്ത്



വി.പി. കുഞ്ഞുകുഞ്ഞ് (പ്രസിഡൻറ്)



കെ.എം. ശാമുവൽ (വൈസ് പ്രസിഡൻറ്)



എ.പി. ഗോപി (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)

അലക്സണ്ടർ ചാക്കോ (മെമ്പർ)
ശോഭന ചന്ദ്രദാസ് ...
ജോർജ്ജ് മാത്യു ...
ഇ.കെ. തങ്കമ്മ ...
അയിഷാ പ്രകാശൻ ...
പി. കെ. പാപ്പ ...
സാലി ചാക്കോ ...
പി.എസ്. എം. സീതി (സെക്രട്ടറി)



കെ. ശങ്കുണ്ണിമേനോൻ
തെരഞ്ഞെടുക്കപ്പെട്ട ആദ്യ പഞ്ചായത്ത് പ്രസിഡൻറ്



വി. ദിവാകരൻ
രണ്ടാമത്തെ പഞ്ചായത്ത് പ്രസിഡൻറ്

കുമരകം ഗ്രാമപഞ്ചായത്ത്
വികസനരേഖ

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക-സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി ജനപ്രകൃതി
5. വികസനമേഖലകൾ
    - 5.1. കൃഷിയും ജലസേചനവും
    - 5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
    - 5.3. വ്യവസായം, ടൂറിസം
    - 5.4. വിദ്യാഭ്യാസം
    - 5.5. കുടിവെള്ളം, പൊതുജനാരോഗ്യം
    - 5.6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
    - 5.7. പാർപ്പിടം, സാമൂഹ്യക്ഷേമം
    - 5.8. സംസ്കാരം
    - 5.9. വനിത
    - 5.10. സഹകരണം
    - 5.11. പട്ടികജാതി-പട്ടികവർഗം
    - 5.12. വിഭവസമാഹരണം
6. ഉപസംഹാരം
7. അനുബന്ധം

കുമരകം ഗ്രാമപഞ്ചായത്ത്
വികസനരേഖ

ജനറൽ എഡിറ്റർ

പി. ജി. പത്മനാഭൻ

എഡിറ്റേഴ്സ്

ജി. സി. ദാമോദരൻ

സി. കെ. രാജമോഹൻ

വി. പി. അശോകൻ

ടി. യു. സുരേന്ദ്രൻ

റിസോഴ്സ് ഗ്രൂപ്പ് കൺവീനർമാർ

- ❑ കൃഷിയും ജലസേചനവും
  ടി. സി. ജോണി, തുണ്ടിയിൽ
- ❑ മൃഗസംരക്ഷണവും മത്സ്യബന്ധനവും
  പി. കെ. രഘുദാസ്, പടിഞ്ഞാറെപ്പറമ്പിൽ
- ❑ വ്യവസായം, ടൂറിസം
  പി. എസ്. ബാലചന്ദ്രൻ, സജിതാ ബേക്കറി.
- ❑ വിദ്യാഭ്യാസം
  പി. റ്റി. ആനന്ദൻ, എസ്.കെ.എം. ഹൈസ്കൂൾ
- ❑ കുടിവെള്ളവും പൊതുജനാരോഗ്യവും
  വി. ജി. വിശ്വദാസ്, കലാക്ഷേത്രം
- ❑ ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
  വി. കെ. പ്രകാശൻ, വല്ലയ്ക്കാട്
- ❑ പാർപ്പിടം, സാമൂഹ്യക്ഷേമം
  സി. സി. രാജേന്ദ്രൻ, ചേലയ്ക്കാപ്പള്ളി
- ❑ സംസ്കാരം
  സി. കെ. രാജമോഹൻ, നടുപ്പുരയിൽ
- ❑ വനിതാക്ഷേമം
  സരസ്വതി നാരായണൻ, മാളേക്കൽ
- ❑ സഹകരണം
  കെ. ജോൺ, മറ്റത്തിൽ
- ❑ പട്ടികജാതി പട്ടികവർഗ്ഗവികസനം
  കെ. കെ. ഗോപാലൻ, കദളിക്കാട്ടുമാലി
- ❑ വിഭവസമാഹരണം
  വി. ജി. ശിവദാസ്, കലാക്ഷേത്രം

കുമരകം ഗ്രാമപഞ്ചായത്ത്
വികസനരേഖ

ആമുഖം

ആ സൂത്രണത്തിൽ ജനപങ്കാളിത്തം എന്ന ആശയം നാം ഏറെ നാളായി കേൾക്കുന്നു. സൈദ്ധാന്തികതലത്തിൽ ഈ ആശയത്തെ എല്ലാവരും അംഗീകരിച്ചിരുന്നു. എങ്കിലും ഇത് നമുക്ക് ആകാശകുസുമമായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ 74-ാം ഭേദഗതിയിൽ ഈ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള സാധ്യതയ്ക്ക് വഴിതുറക്കുന്ന ഒരു അനുശ്ചേദം എഴുതിച്ചേർത്തു. 243ZD എന്ന ഈ അനുശ്ചേദം ജില്ലാ ആസൂത്രണകമ്മറ്റിക്ക് രൂപം നൽകി. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും തയ്യാറാക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ ക്രോഡീകരിക്കുകയും ജില്ലയ്ക്ക് മൊത്തമായി ഒരു വികസനപദ്ധതിയുടെ നക്കൽ തയ്യാറാക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്തമാണ് ജില്ലാ പ്ലാനിംഗ് കമ്മറ്റിക്കുള്ളത്. ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽ നിന്നും നഗരസഭാ കൗൺസിലർമാരിൽ നിന്നും ഗ്രാമ-നഗര ജനസംഖ്യാനുപാതികമായി തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണം ഈ സമിതിയിലെ എൺപതുശതമാനം അംഗങ്ങളും എന്നും ഭരണഘടന അനുശാസിക്കുന്നു. അങ്ങനെ ജനപ്രതിനിധികൾക്ക് മഹാഭൂരിപക്ഷമുള്ള ജില്ലാ പ്ലാനിംഗ് സമിതിക്ക് വികസന ആസൂത്രണകാര്യത്തിൽ നിശ്ചിതമായ ഉത്തരവാദിത്തങ്ങൾ കൈവന്നു.



മൂന്നാം വാർഡിലെ ഗ്രാമസഭയിൽ നടന്ന 12 ഗ്രൂപ്പു ചർച്ചകളിൽ ഒന്ന്

കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് 1994-ലെ 53-ാം വകുപ്പു പ്രകാരം ജില്ലാ പ്ലാനിംഗ് കമ്മറ്റിയിൽ 15 അംഗങ്ങൾ വേണമെന്നും ഇതിൽ 12 അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണമെന്നും നിശ്ചയിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഈ സമിതിയുടെ

ചെയർമാനും ജില്ലാ കളക്ടർ സെക്രട്ടറിയും ആസൂത്രണഭരണരംഗങ്ങളിൽ ഗണ്യമായ പരിചയമുള്ള ഒരാൾ സർക്കാർ നോമിനിയായും ഉണ്ടാവും. ജില്ലയിൽ നിന്ന് ലോകസഭയിലേക്കും രാജ്യസഭയിലേക്കും സംസ്ഥാന നിയമസഭയിലേക്കും തിരഞ്ഞെടുക്കപ്പെടുന്ന എം.പി.മാരും എം.എൽ.എ. മാരും സ്ഥിരം ക്ഷണിതാക്കളായിരിക്കും. ഈ സമിതിക്ക് സർക്കാർ നിശ്ചയിക്കുന്ന ഏതൊരുസ്ഥാപനവുമായും ഇക്കാര്യത്തിൽ കൂടിയാലോചിക്കാം.

ഉദ്യോഗസ്ഥന്മാരുടെയും ആസ്ഥാനവിദഗ്ധന്മാരുടെയും നിയന്ത്രണത്തിലിരുന്ന ആസൂത്രണ സമിതികളുടെ സ്ഥാനത്ത് ജനപ്രതിനിധികൾക്ക് മഹാ ഭൂരിപക്ഷമുള്ള സമിതി നിലവിൽ വന്നു. ഓരോ വാർഡിലെയും മുഴുവൻ വോട്ടർമാർക്കും പങ്കെടുക്കാവുന്ന ഗ്രാമസഭകളും പഞ്ചായത്ത് രാജ് നിയമത്തിലൂടെ യാഥാർത്ഥ്യമായി. ജനങ്ങൾ നേരിട്ടുഭരണകാര്യങ്ങൾ ചർച്ചചെയ്യുന്ന ഗ്രാമസഭകൾ അടിത്തട്ടിൽ നിന്നുള്ള ആസൂത്രണപ്രവർത്തനങ്ങൾക്ക് സഹായകരമായ ഒരു സംഘടനാരൂപമായി.

ഈ പശ്ചാത്തലത്തിലാണ് കേരളഗവൺമെന്റും 1996-ൽ നിയമിതമായ പുതിയ സംസ്ഥാന പ്ലാനിംഗ് ബോർഡും 9-ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതി എന്ന ആശയവും അതിനുള്ള കർമ്മപരിപാടികളും അംഗീകരിച്ചത്. പ്ലാനിംഗിനുള്ള അധികാരം ജനങ്ങളിലേയ്ക്ക് പകർന്നു നൽകിയതോടൊപ്പം, ആസൂത്രണപ്രവർത്തനത്തിൽ ജനങ്ങളെ ഫലപ്രദമായി പങ്കാളികളാക്കുന്നതിന് പ്രോത്സാഹനവും പ്രചോദനവും നൽകുന്ന പരിശീലനപരിപാടികളും മറ്റുപ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കി. ആസൂത്രണപ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്തുകളേയും നഗരസഭകളേയും സഹായിക്കുന്നതിനുള്ള വിദഗ്ദസംഘത്തെ നാട്ടിൽ നിന്നുതന്നെ കണ്ടെത്തുവാനും അവർക്കുപരിശീലനം നൽകി ഗ്രാമ-നഗരവികസന റിപ്പോർട്ടും പദ്ധതികളും തയ്യാറാക്കുന്നതിനുള്ള കോർഗ്രൂപ്പാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നിർദ്ദേശിക്കപ്പെട്ടു. വികസന ദാഹികളായ ഗ്രാമീണജനത ഈ പുത്തൻ വ്യതിയാനത്തെ ആവേശഭരിതരായി സ്വാഗതം ചെയ്തു. എങ്ങും നൂറുകണക്കിനു ജനങ്ങൾ ആസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായ പഠന പ്രവർത്തനങ്ങളിൽ കൂട്ടായി പങ്കെടുക്കാൻ തുടങ്ങി.


ഗ്രാമതലാസൂത്രണത്തിൽ കുമരകം പഞ്ചായത്തിൽ പ്രവർത്തനങ്ങൾ അല്പം നേരത്തെ തന്നേ ആരംഭിക്കുവാൻ കഴിഞ്ഞു. 1993 ഏപ്രിൽമാസം പരിശീലനം ലഭിച്ച 160 സന്നദ്ധപ്രവർത്തകർ കുമരകത്തിന്റെ വിഭവഭൂപട നിർമ്മാണവും സാമൂഹ്യസാമ്പത്തിക സർവേയും പൂർത്തിയാക്കി. ഇതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകിയത് സെൻറർ ഫോർ എർത്ത് സയൻസ്സ് സ്റ്റഡീസ് (CESS) ആയിരുന്നു. തുടർന്ന് 1995 ഡിസംബർ മുതൽ കേരള ശാസ്ത്രസാഹിത്യപരിഷത്തും സെൻറർ ഫോർഡവലപ്പ്മെൻറ് സ്റ്റഡീസും (CDS) ചേർന്ന് സംഘടിപ്പിച്ച "പ്രോഗ്രാം ഫോർ പാർട്ടിസിപ്പേറ്ററി ആന്റ് സസ്റ്റയിനബിൾ പഞ്ചായത്ത് ലവൽ ഡവലപ്പ്മെൻറ് പ്ലാനിംഗ്" എന്ന പദ്ധതിയിൽ കോട്ടയം ജില്ലയിൽ കുമരകം തെരഞ്ഞെടുക്കപ്പെട്ടു. ഇതുമൂലം ഗ്രാമവിഭവങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള പഠനങ്ങളും ചർച്ചകളും നടത്താൻ കഴിഞ്ഞു. ഈ ചർച്ചകളാവട്ടെ ഓരോ 50 വീടുകൾക്കായി രൂപീകരിക്കപ്പെട്ട 94 അയൽക്കൂട്ടങ്ങളിലും 10 ഗ്രാമസഭകളിലും നടന്നു. സന്നദ്ധപ്രവർത്തനത്തിന് വിവിധതലങ്ങളിൽ നിന്ന് പ്രതീക്ഷയിൽ കവിഞ്ഞു ആളുകളെത്തി.

93 ഏപ്രിൽ മാസം നടത്തിയ സാമൂഹ്യസാമ്പത്തിക സർവേ, വിഭവഭൂപടം, ഓഫീസുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ഉള്ള ദ്വിതീയ വിവരശേഖരണം, വിദഗ്ധന്മാരുമായുള്ള ചർച്ചകൾ, അനുഭവസമ്പന്നരായ വയോധികന്മാരുമായുള്ള കൂടിക്കാഴ്ചകൾ, 94 അയൽക്കൂട്ടങ്ങളിലും ഗ്രാമസഭകളിലും നടത്തിയ ചർച്ചകൾ ഇവയെല്ലാം ഈ വികസനറിപ്പോർട്ടിനെ സമ്പുഷ്ടമാക്കിയ ഘടകങ്ങളാണ്: മേൽപ്പറഞ്ഞ റിപ്പോർട്ടുകളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധവിഷയങ്ങൾക്കുള്ള റിസോഴ്സ് ഗ്രൂപ്പുകളുടെ കൂട്ടായയത്നത്തോടെയാണ് ഈ കരട് റിപ്പോർട്ട് എഴുതിയിട്ടുള്ളത്.

ഈ രേഖ 96നവമ്പർ 2നു ചേരുന്ന വികസന സെമിനാർ വിഷയാടിസ്ഥാനത്തിൽ വിശദമായി ചർച്ച ചെയ്യുകയാണ്. ഈ ചർച്ച രേഖയെ കൂടുതൽ സമ്പുഷ്ടമാക്കും.

വികസന സെമിനാർ ഓരോ വിഷയത്തിനും പദ്ധതി നചനാ സമിതികളെ തെരഞ്ഞെടുക്കുന്നു. ഉദ്യോഗസ്ഥന്മാരും, വിദഗ്ധന്മാരും അനുഭവസമ്പന്നരായ ഗ്രാമീണരും ഉൾക്കൊള്ളുന്ന ഈ കർമ്മ സമിതിയാണ് ഒമ്പതാം പദ്ധതിയിൽ നടപ്പിലാക്കാനുള്ള സ്കീമുകളും പ്രോജക്റ്റുകളും തയ്യാറാക്കുന്നത്.






2

പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്.....കുമരകം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്.....കുമരകം
ബ്ലോക്ക് പഞ്ചായത്ത്.....പള്ളം
താലൂക്ക്.....കോട്ടയം
അസംബ്ലി മണ്ഡലം.....കോട്ടയം
വിസ്തീർണ്ണം.....51.67 ച. കി. മി.
(ഇതിൽ24.13 ച.കി.മീ. വേമ്പനാട്ടുകായലാണ്)
അതിരുകൾ.....വടക്ക്: കവണാർ, അയ്മനംപഞ്ചായത്ത്
കിഴക്ക്: തിരുവാർപ്പ് പഞ്ചായത്ത്
തെക്ക്: കോട്ടയം - ആലപ്പുഴ കനാൽ
പടിഞ്ഞാറ്: വേമ്പനാട്ടുകായൽ
(ഉത്തര രേഖാംശം 9° 38' - പൂർവരേഖാംശം 76° 25'-നും ഇടക്ക്)
ജനസംഖ്യ.....22232 (1991)
വീടുകളുടെ എണ്ണം.....4510(1991)
വാർഡുകൾ.....10
പ്രസിഡന്റിന്റെ പേര്.....വി.പി കുഞ്ഞുകുഞ്ഞ്
വൈസ് പ്രസിഡന്റിന്റെ പേര്.....കെ. എം. ശാമുവൽ

1953 ജൂലൈ 17-ാം തീയതിയാണ് പൊതു തെരഞ്ഞെടുപ്പിലൂടെയുള്ള ആദ്യത്തെ പഞ്ചായത്തു ഭരണസമിതി അധികാരം ഏൽക്കുന്നത്. അതിനു മുൻപ് ശ്രീ. ഇട്ടിയവിര ഫിലിപ്പോസ് പ്രസിഡന്റ് സർവ.ശ്രീ. ജോൺ ഏബ്രഹാം, കുഞ്ഞപ്പി, മത്തായി മത്തായി വിശാഖാതറ ഉതുപ്പു മത്തായി, ലൈഷെൽ ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായും സർക്കാർനാമ നിർദ്ദേശം ചെയ്തു നിയമിച്ച ഒരു പഞ്ചായത്തു കമ്മറ്റി ഭരണം നടത്തിയിരുന്നു.

കുമരകം പഞ്ചായത്തിന്റെ അതിർത്തിയിൽ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. കുമരകം റവന്യു വില്ലേജ് തന്നെയായിരുന്നു. പഞ്ചായത്തു ഭരണ സമിതി അംഗങ്ങളുടെ പേരുവിവരം അനുബന്ധം 1ൽ ചേർത്തിട്ടുണ്ട്. ●



3

സാമൂഹിക സാംസ്ക്കാരിക ചരിത്രം

വേമ്പനാട്ടുകായലിന്റെ കിഴക്കൻ തീരത്തു സ്ഥിതി ചെയ്യുന്ന 'കുമരകം' ഒരു കാലത്ത് കടലിന്റെയും പിന്നീട് വേമ്പനാട്ടുകായലിന്റെയും ഭാഗമായിരുന്നു. ക്രിസ്ത്വാബ്ദം രണ്ടാം ശതകത്തിൽ കേരളത്തിന്റെ പടിഞ്ഞാറൻ തീരത്തുണ്ടായിരുന്ന തുറമുഖങ്ങളുടെ കൂട്ടത്തിൽ "കൊരായുരാ" എന്നൊന്നുള്ളതായി ടോളമി രേഖപ്പെടുത്തിയിട്ടുണ്ട്. കൊരായുരാ എന്നത് ഇന്നത്തെ കുമരകം തന്നെയാണെന്നാണ് കേസരിബാലകൃഷ്ണപിള്ള പറഞ്ഞിച്ചിട്ടുള്ളത്. കുമരകം മുതൽ കോടിമത വരെ അന്നു കടൽ കേറിക്കിടന്നിരുന്നു എന്നും ആ കടലിലേക്ക് അവിടവിടെ ചെറിയ കോടികൾ നീണ്ടുനിന്നിരുന്നതുകൊണ്ട് 'കോടിയൂർ' എന്ന് ഈ പ്രദേശത്തിന് മൊത്തത്തിൽ പേരുണ്ടായി എന്നും കരുതാം. കുമാരന്റെ ക്ഷേത്രമുണ്ടായിക്കഴിഞ്ഞ ശേഷമായിരിക്കണം കുമരകത്തിന് ഇന്നത്തെ പേരു ലഭിച്ചത്. പിൽക്കാലത്ത് പടിഞ്ഞാറ് കടൽ കരവെച്ച് കടപ്പുറവും വേമ്പനാട്ടുകായലും ഉണ്ടായപ്പോൾ ഈ പ്രദേശത്തിനു തുറമുഖം എന്ന സ്ഥാനം നഷ്ടപ്പെട്ടുപോയി. എങ്കിലും വെമ്പനാട്ടുകായലിൽ കപ്പൽച്ചാൽ എന്ന പേരിൽ അറിയപ്പെടുന്ന ഒരു ചാൽ ഇന്നുമുണ്ട്.

അറിയപ്പെടുന്ന ചരിത്രകാലത്തു കുമരകവും കോട്ടയവുമെല്ലാം വെമ്പലനാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്നു. 12-ാം നൂറ്റാണ്ടിൽ ചോളന്മാരുടെ ആക്രമണഫലമായി ചേരരാജ്യം തകർന്നു. നാടുവാഴികൾ സ്വതന്ത്രരായി. 15-ാം ശതകത്തിൽ കുമരകം തെക്കുംകൂർ രാജ്യത്തിന്റെ ഒരു വാണിജ്യകേന്ദ്രമായിരുന്നു.

1749ൽ തെക്കുംകൂർ രാജ്യം തിരുവിതാംകൂർ പിടിച്ചടക്കി. യുദ്ധതന്ത്രപ്രധാനമായ കുമരകത്ത് ഒരു സൈന്യത്തെ സ്ഥിരമായി പാർപ്പിക്കാൻ രാമയ്യൻ ദളവാ ഏർപ്പാടുചെയ്തു. 1754-ൽ അമ്പലപ്പുഴയിൽ യുദ്ധം ജയിച്ച ശേഷം വേമ്പനാട്ടുകായൽകടന്ന് രാമവർമ്മ രാജകുമാരൻ (പിന്നീട് ധർമ്മരാജാ) കുമരകത്തു വന്നു. ഇവിടെ സൈന്യത്തെ കേന്ദ്രീകരിച്ചു. അക്കാലത്തു കൊച്ചി രാജാവുമായുള്ള സന്ധി സംഭാഷണത്തിന് രാമവർമ്മ പോയത് കുമരകത്തുനിന്നായിരുന്നു. കുമരകത്തിന്റെ തന്ത്രപ്രാധാന്യം മനസിലാക്കിയ രാജാകേശവദാസൻ കുമരകം മുതൽ പൂഞ്ഞാറിലെ കൊണ്ടൂർമലവരെ നീണ്ട ഒരു കോട്ടയ്യുടെ പണിയാരംഭിച്ചു. കായൽ വഴിയുള്ള ആക്രമണത്തെ ചെറുക്കുന്നതിനുള്ള സൈന്യസങ്കേതം അന്നു കുമരകത്തായിരുന്നു.

കുമരകത്തെ അധഃകൃതരുടെ പൂജാമൂർത്തി ബുദ്ധൻ ആയിരുന്നു എന്നും അതല്ല "മുത്തൻ" അഥവാ ശിവൻ ആയിരുന്നു എന്നും തർക്കമുണ്ട്. ഏതായലും അധഃകൃതരുടെ ആരാധനാലയമായ മുത്തന്റെ കോണിലെ ക്ഷേത്രത്തിന്റെ ആദ്യകാല ചരിത്രം അജ്ഞാതമാണ്.

കുമരകം കരയുടെ പ്രത്യേകമായ വിവരങ്ങൾ ആദ്യമായി രേഖപ്പെടുത്തിയിട്ടുള്ളത് 1891 ലെ സെൻസസിലാണ്. അന്ന് കുമരകത്ത് 1729 വീടുകളിലായി 8332 ജനങ്ങൾ അധിവസിച്ചിരുന്നതായിട്ടാണ് കണക്ക്.


1941 ലെ കാനേഷുമാരി പ്രകാരം കുമരകത്ത് 2185 വീടുകളുണ്ട്. ഇതിൽ 206 എണ്ണത്തിൽ ആൾപാർപ്പില്ലായിരുന്നു. ജനസംഖ്യ 13027 ആയിരുന്നു. ഇവരിൽ

7960 പേർ സാക്ഷരരുമായിരുന്നു. മൊത്തം ജനസംഖ്യയുടെ മൂന്നിലൊന്നു് ക്രിസ്ത്യാനികളായിരുന്നു. 15 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 1215 ആൺകുട്ടികളും 1034 പെൺകുട്ടികളും അന്നു പഠിച്ചിരുന്നു. ഒരു വായനശാലയും 4 ആശുപത്രികളും ഡിസ്പെൻസറികളും ഉണ്ടായിരുന്നു. കക്കനീറ്റ് (Lime burning) മീനുണക്കൽ (Fish Curing) വള്ളം പണി (Canoe making) ഇവയായിരുന്നു പ്രധാനവ്യവസായങ്ങൾ.

1950കളിൽ 4394 ഏക്കർ വിസ്തീർണ്ണം വരുന്ന 46 പാടശേഖരങ്ങൾ കുമരകത്തുണ്ടായിരുന്നു. ഇതിൽ 13 എണ്ണം കായൽനിലങ്ങളും ബാക്കി കരപ്പാടങ്ങളും ആയിരുന്നു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ തിരുവിതാംകൂറിൽ രൂക്ഷമായ ഭക്ഷ്യക്ഷാമം സൃഷ്ടിച്ചു. പുറത്തുനിന്നുള്ള അരി ഇറക്കുമതി നിലച്ചതായിരുന്നു കാരണം. ഈ ക്ഷാമം പരിഹരിക്കുവാൻ വേമ്പനാട്ടുകായലിൽ നിന്നും കൂടുതൽ ഭൂമി വളച്ചുകെട്ടി നെൽവയലുകളാക്കുന്ന പ്രവൃത്തിക്ക് അന്നത്തെ രാജഭരണം എല്ലാ പ്രോത്സാഹനങ്ങളും നൽകി. അന്ന് രൂക്ഷമായ ക്ഷാമം നിലനിന്നിരുന്നതിനാൽ നാമമാത്രകൂലിക്ക് പണിചെയ്യാൻ ധാരാളം തൊഴിലാളികളെ ലഭിച്ചിരുന്നു. രാജാവിൽ നിന്നും കായൽ പതിച്ചുവാങ്ങി നിലം കുത്തിയെടുക്കാൻ മുന്നോട്ടുവന്നവർ പ്രധാനമായും ക്രിസ്ത്യാനികളായിരുന്നു.

1760 ലാണ് കുമരകത്ത് കത്തോലിക്കാ വിഭാഗത്തിന്റെ കരിയിൽപ്പള്ളി പണികഴിപ്പിച്ചത്. ചങ്ങനാശ്ശേരി രൂപതയുടെ കീഴിലായിരുന്നു ഈ പള്ളി. 1841ൽ സിറിയൽ കത്തോലിക്കാ വിഭാഗത്തിന്റെ കോട്ടയം രൂപത മറ്റൊരു പള്ളി (വള്ളാറപ്പള്ളി) പണിതീർത്തു. ഹൈന്ദവ ക്ഷേത്രങ്ങളിൽ ഏറ്റവും പഴക്കം ചെന്നത്. ഇന്ന് ശാസ്താം കാവിന് സമീപം കാണുന്ന സുബ്രഹ്മണ്യ (കുമാര) ക്ഷേത്രമായിരുന്നു. ഇവിടെയുള്ള ഒറ്റക്കൽ മണ്ഡപം പ്രസിദ്ധമാണ്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ പോലും രൂക്ഷമായ അയിത്തവും ഉച്ചനീചത്വങ്ങളും കുമരകത്ത് നിലനിന്നിരുന്നു. ഇതിനെതിരെ പിന്നോക്കവിഭാഗങ്ങളുടെ ഉയിർത്തെഴുന്നേല്പിന് ആക്കം വർദ്ധിച്ചത് ശ്രീനാരായണഗുരുവിന്റെ കുമരകംസന്ദർശനത്തോടെയാണ്. കൊല്ലവർഷം 1080ൽ ആണ് ഗുരുവിന്റെഗ സന്ദർശനം. എല്ലാ ജാതിമതസ്ഥരും നാരായണഗുരുവിനെ കാണാനെത്തിയിരുന്നു. എന്നാൽ പുലയരെ ദൂരെ ഒരു കയറുകെട്ടി അകത്തിനിർത്താൻ ഈഴവർ ശ്രദ്ധിച്ചിരുന്നു. പിന്നോക്കക്കാരുടെയിടയിലെ ഈ അയിത്തത്തെ ഗുരുതന്നെ എതിർത്തു.



കരിയിൽ സായിപ്പ് റോബർട്ട്, അമ്മ മൗഡ്, അമ്മാവി ആനിഡൊറോത്തി എന്നിവർ ബംഗ്ലാവിലെയും വയലിലെയും തൊഴിലാളികളോടൊപ്പം

ശ്രീകുമാരമംഗലം ക്ഷേത്രപ്രതിഷ്ഠ നടത്തിയത് നാരായണഗുരുവായിരുന്നു. ക്ഷേത്രപ്രതിഷ്ഠക്കായി എത്തിയ ഗുരു കളിവള്ളങ്ങളുടെ അകമ്പടിയോടെ സ്വീകരിച്ച് ആനയിക്കപ്പെട്ടു. ഈ വരവേൽപ്പിന്റെ സ്മാരകമായാണ് ഇന്ന് ഗുരുദേവജയന്തിദിവസമായ ചതയത്തിന് വള്ളംകളിനടത്തുന്നത്.

ഇ.ജെ.ജോൺ, ടി.കെ മാധവൻ എന്നിവരുടെ നെതൃത്വത്തിൽ നടന്ന 'പൗരസമത്വവാദപ്രക്ഷോഭം' കുമരകത്തെ പിന്നോക്ക ജനവിഭാഗങ്ങളെ സ്വാധീനിച്ചിരുന്നു. സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി 1924 മാർച്ച് 30 മുതൽ നടന്ന ചരിത്ര പ്രസിദ്ധമായ വൈക്കം സത്യാഗ്രഹവും കുമരകം കാരെ സ്വാധീനിച്ച സംഭവമായിരുന്നു.

ഈ സത്യാഗ്രഹത്തെ പിൻതുണച്ചുകൊണ്ട് 1924 നവമ്പർ 1 ന് വൈക്കത്തുനിന്നും തിരുവനന്തപുരത്തേക്ക് മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ നടന്ന സവർണ്ണ ജാഥയിൽ കുമരകത്തുനിന്നും എം.എൻ. നായർ പങ്കെടു

ത്തു. 'സഞ്ചാരസ്വാതന്ത്ര്യം എല്ലാ പൗരന്മാരുടെയും ജന്മാവകാശം എന്ന ബാനറുമായിപോയ ഈ ജാഥ 25,000 പേർ ഒപ്പിട്ട ഒരുഭീമഹർജ്ജി നവംബർ 12ന് മഹാറാണി സേതുലക്ഷ്മിഭായിക്കു സമർപ്പിച്ചു.

വൈക്കം സത്യാഗ്രഹം വിജയിച്ചശേഷം ഇതേ മുദ്രാവാക്യമുയർത്തിക്കൊണ്ടു നടത്തിയ തിരുവാർപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത സി. കുട്ടൻനായർ, സി. കെ. കുഞ്ഞുകൃഷ്ണൻ എന്നിവരെ സവർണ്ണ പ്രമാണിമാർ മർദ്ദിച്ചതിനെതിരെ നടന്ന രോഷപ്രകടനത്തിൽ കുമരകത്തുനിന്നും നിരവധിപേർ കൂട്ടമായി പങ്കെടുത്തു. 1927 ൽ മഹാത്മാഗാന്ധിയെ ടി. കെ. മാധവൻ ആലപ്പുഴ പോയി സന്ദർശിച്ച് ഈ സമരത്തിനു പിൻതുണ നേടുകയുണ്ടായി.

അവർണ്ണരുടെയിടയിൽ കഴിഞ്ഞ നൂറ്റാണ്ടുമുതലേ വിദ്യാഭ്യാസം നേടുന്നതിനുള്ള അഭിനിവേശം നിലനിന്നിരുന്നു. ആദ്യകാലത്ത് ഈഴവർ പള്ളിക്കൂടത്തിൽ വരുന്നത് സവർണ്ണപ്രമാണിമാർ ശാരീരികശക്തിയുപയോഗിച്ചു




പി. എം.എൻ. നാരായണമേനോൻ

കുമരകത്തെ ആദ്യവില്ലേജ് യൂണിയൻ പ്രസിഡണ്ട്. എം.എൽ.സി., കോട്ടയം-കുമരകം റോഡ് നിർമ്മിക്കുന്നതിന് അക്ഷീണപരിശ്രമം കാഴ്ചവച്ച രാജ്യസ്നേഹി.

തടഞ്ഞിരുന്നു. ഇതിനെ അവശജനവിഭാഗം എതൃത്തുപോന്നു. വിദ്യകൊണ്ടു പ്രബുദ്ധതനേടുന്നതിനുള്ള എല്ലാ വിഭാഗങ്ങളുടെയും ശ്രമങ്ങളെ സർക്കാരും ക്രിസ്ത്യൻ പള്ളികളും പ്രോത്സാഹിപ്പിച്ചു. കുമരകത്തിന്റെ സാംസ്കാരിക വളർച്ചയെ സഹായിച്ച ആളായിരുന്നു കരിയിൽ സായപ് എന്നറിയപ്പെടുന്ന ആൽഫ്രഡ് ജോർജ് ബേക്കർ. ബഞ്ചമിൻ ബയ്ലിയോടൊപ്പം കേരളത്തിലെത്തിയ ഹെൻട്രിബേക്കറുടെ പുത്രനായിരുന്ന ഇദ്ദേഹം 1846 ൽ (1022 ആവണിമാസം 12-ാംതീയതി) കവണാറിനടുത്ത് 750 ഏക്കറോളം ഭൂമിപതിച്ചുവാങ്ങി നെല്ലും തെങ്ങും വളരുന്ന മനോഹരമായ പ്രദേശമാക്കി തന്റെ സഹോദരിയുടെ സ്മരണക്കായി ഒരു സ്ക്കുളും പണിതീർത്തു. പുലയർക്കായി ഒരു പള്ളിയും നിർമ്മിച്ചുനൽകി.

അറിവിന്റെ വെളിച്ചം എത്തിയതോടെ ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള സമരാവേശവും പാവങ്ങളുടെയിടയിൽ ഉയിർത്തെഴുനേറ്റു. ജന്മിമാരുടെ കുടികിടപ്പുകാരായിരുന്ന ആയിരക്കണക്കിനു കർഷകതൊഴിലാളികൾ തങ്ങളുടെ താല്പര്യ സംരക്ഷണത്തിനായി യൂണിയനുണ്ടാക്കി. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തനവും പടർന്നുകയറി ജനങ്ങളിൽ ആവേശം വിതറി. 1955 ൽ കർഷകസ്ത്രീ തൊഴിലാളികൾക്ക് 5കൂലിയാൻ (രണ്ടേകാൽ ഇടങ്ങഴി) നെല്ലിന്റെ സ്ഥാനത്ത് 3 ഇടങ്ങഴി നെല്ലുകൂലി നൽകണമെന്നു ആവശ്യമുന്നയിച്ച് കൃഷിരാജാവായ കാവാലം ജോസഫ് മുരിക്കുംമൂട്ടിലിന്റെ വീട്ടുപടിക്കൽ കൂട്ടസത്യാഗ്രഹം നടത്തി. ഈ സമരവും അതിന്റെ വിജയവും കമ്മ്യൂണിസ്റ്റു പാർട്ടിക്ക് കൂടുതൽ ശക്തി നൽകി.

ആദ്യം നടന്ന പഞ്ചായത്തുതെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ഭൂരിപക്ഷം ലഭിച്ചു. കുടികിടപ്പുനിരോധിച്ചുകൊണ്ടുള്ള 1957ലെ ഉത്തരവും 1970 മുതൽ പ്രാബല്യത്തിൽ വന്ന ഭൂപരിഷ്ക്കരണവും കുമരകത്തെ സാധാരണക്കാർക്കും തൊഴിലാളികൾക്കും വലിയ പ്രയോജനം ചെയ്തിട്ടുണ്ട്. വലിയ ഭൂവുടമകൾ തങ്ങളുടെ ഭൂമി സാധാരണക്കാർക്ക് വിൽക്കാൻ ഓടി നടന്നു. നൂറുകണക്കിനു വീട്ടുകാർക്ക് 10സെന്റു വീതം കുടികിടപ്പവകാശം ലഭിച്ചു. തണ്ണീർമുക്കം ബണ്ടും തുടർന്നു വ്യാപിച്ച ഇരുപ്പൂവു കൃഷിയും തൊഴിലാളികൾക്കും കർഷകർക്കും അനുഗ്രഹമായി. എന്നാൽ ബണ്ട് മത്സ്യവളർച്ചക്കു ഭീഷണിയായി. ജലമലിനീകരണത്തിനും പരിസ്ഥിതി നാശത്തിനും ഇടയാക്കി. ഭൂപരിഷ്ക്കരണത്തിനുശേഷം ചെറ്റപ്പുരകളും ആനവായൻ പുരകളും മാറ്റി തൽസ്ഥാനത്ത് കല്ലുകെട്ടിയ അടിത്തറമേൽ പണികഴിപ്പിച്ച ഇടത്തരം വീടുകൾ പെരുകാൻ തുടങ്ങി. 1990-ൽ കുമരകം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചു.





4

ഭൂപ്രകൃതി ജനപ്രകൃതി

കുട്ടനാടിന്റെ ഭാഗമാണ് കുമരകം. ഈർപ്പവും ചൂടുമുള്ള (Humid tropical) കാലാവസ്ഥയും തീരപ്രദേശത്ത് താഴ്ന്ന് നിരപ്പായ ഭൂപ്രദേശവും, വെള്ളംവറ്റിച്ചുമാത്രം കൃഷിചെയ്യാൻ കഴിയുന്ന വയലുകളുമാണ് ഈ ഗ്രാമത്തിലുള്ളത്. പ്രതിവർഷം ശരാശരി 2469 മില്ലീമീറ്റർ മഴ ഇവിടെ ചെയ്യുന്നു. ജൂൺ-ജൂലൈ മാസങ്ങളിലാണ് വർഷകാലം, 60 ശതമാനം മഴയും ഇക്കാലത്താണ് ലഭിക്കുന്നത്. ജില്ലയുടെ കിഴക്കൻ മലകളിൽ പെയ്യുന്ന മഴവെള്ളവും ഉരുൾപൊട്ടി ഒഴുകാറുള്ള വെള്ളവും മീനച്ചിലാറിന്റെ കൈവഴികളിലൂടെ കുമരകം കടന്നാണ് വേമ്പനാട്ടുകായലിലെക്കൊഴുകി ഇറങ്ങുന്നത്. ഈ വെള്ളപ്പാച്ചിൽ മിക്കവർഷങ്ങളിലും വെള്ളപ്പൊക്കം സൃഷ്ടക്കാറുണ്ട്.

ഡിസംബർ-ജനുവരി മാസങ്ങളിൽ വരണ്ടകാലാവസ്ഥയാണ്. ഇക്കാലത്ത് തോടുകളും കുളങ്ങളും വറ്റിവരളുന്നു. രൂക്ഷമായ ശുദ്ധജലക്ഷാമവും അനുഭവപ്പെടാറുണ്ട്. 1990 മുതൽ കുമരകത്തു പെയ്തമഴയുടെ അളവുകാണിക്കുന്ന പട്ടിക1 താഴെചേർക്കുന്നു. സാധാരണ താപനില 25° Cമുതൽ 30° Cവരെയാണ്. ഈർപ്പം(Humidity) 87% ആകുന്നു. കുമരകത്ത് രേഖപ്പെടുത്തിയ താപനിലയും ആപേക്ഷികആർദ്രതയും കാണിക്കുന്ന പട്ടിക 2 നോക്കുക.

ഭൗമ വിഭവങ്ങൾ: നദികളിൽ നിന്നും ഒഴുകിയെത്തിയ മണ്ണു എക്കലും അടിഞ്ഞുകൂടി ആഴം കുറഞ്ഞ വേമ്പനാട്ടുകായൽ പ്രദേശം വീണ്ടെടുത്തു കൃഷിഭൂമിയും ആവാസകേന്ദ്രങ്ങളുമാക്കി മാറ്റിയാണ് ഇന്നത്തെ കുമരകം എന്ന ഭൂവിഭാഗം രൂപം കൊണ്ടത്.

കരഭൂമി (ചിറ), പാടശേഖരങ്ങൾ, കായലുൾപ്പെടെയുള്ള ജലായശങ്ങൾ എന്നിങ്ങനെ കുമരകത്തെ മൂന്നായി തിരിക്കാം. കരഭൂമി 0.5 മീറ്റർ മുതൽ 2.5 മീറ്റർ വരെ സമുദ്രനിരപ്പിൽ നിന്നും താഴെയാണ്. പരമ്പരാഗതമായി പുഞ്ചപാടങ്ങൾ എന്നറിയപ്പെടുന്ന വിശാലമായ നെൽവയലുകൾക്കുചുറ്റും മനുഷ്യനിർമ്മിതമായ ചുറ്റുബണ്ട് ഉണ്ട്. കൃഷിയിറക്കുന്നതിനുമുൻപ് ബണ്ടിനുള്ളിലെ വയലിലെ വെള്ളം വറ്റിച്ചെടുക്കണം. കൃഷികഴിഞ്ഞാൽ ബണ്ടുതുറന്ന് വെള്ളം ഉള്ളിൽ കടത്തിവിട്ട് മുക്കിയിടുന്നു. കരപ്പാടം, കായൽനിലങ്ങൾ, കരിനിലങ്ങൾ എന്നിങ്ങനെ നെൽവയലുകളെ മൂന്നായി തിരിക്കാം. ഇവയുടെ സ്വഭാവം താഴെ വിവരിക്കുന്നു.

1. **കരപ്പാടം:** പഴക്കം ചെന്ന എക്കൽ മണ്ണുകളാൽ സമ്പുഷ്ടമായ ഈ പ്രദേശം പ്രധാനജലാശയങ്ങളോട് ചേർന്നു കിടക്കുന്നു. കായൽനിലങ്ങളെ അപേക്ഷിച്ച് ആഴം കുറവായിരിക്കും.

2. **കായൽനിലം:** വേമ്പനാട്ടുകായലിൽ നിന്നും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബണ്ടു കെട്ടി വേർതിരിച്ച് കാർഷികയോഗ്യമാക്കി മാറ്റിയെടുത്ത ഭാഗങ്ങൾ.

3. **കരിനിലങ്ങൾ:** കരിയുടെ അംശം കൂടുതലുള്ള - Black Peaty Soil-ഉം അമ്ലത ഏറിയതുമായ മണ്ണ്. ഫല പുഷ്ടി കുറവായിരിക്കും.

പട്ടിക - 1

കുമരകത്ത് പെയ്ത മഴയുടെ കണക്ക് (മില്ലിമീറ്ററിൽ) 1990-1996

കുമരകം റീജിയണൽ റിസേർച്ച് സ്റ്റേഷനിൽ രേഖപ്പെടുത്തിയത്

വർഷം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
1990	24.5	22.4	103.5	16	536.5	443.2	627.6	150.2	135.4	286.6	211	9.4
1991	Nil	3.2	68.2	56.4	227.7	12112	626.4	448.4	30	188.5	61.6	Nil
1992	Nil	Nil	Nil	36.8	306.2	772.2	731.1	434.6	215.0	327.8	273.6	41.6
1993	Nil	15.8	7.2	72.2	312.2	998.2	770.6	157.2	199.00	576.8	198.8	75
1994	21.2	55.2	25.4	176.2	205.4	604.6	554.8	453.2	215.8	421.8	188	33.2
1995	0.6	Nil	134.4	188.8	525.4	526.8	457.6	518.6	368	213.8	83.6	Nil
1996	8.2	5.4	3.4	97.4	57.8	450.2	602	282				

പട്ടിക - 2

കുമരകത്ത് രേഖപ്പെടുത്തിയ താപനിലയും (Temperature) ആപേക്ഷിക ആർദ്രതയും (Relative Humidity)

	Jan.	Feb.	Mar.	April	May	June	July	Aug.	Sept.	Oct.	Nov.	Dec.
1991												
കൂടിയതാപനില	33.2	33.9	34.8	34.8	34.8	29.6	29.2	29.0	32.2	31.2	32.3	32.6
കുറഞ്ഞതാപനില	22.1	21.9	24.8	24.3	25.3	23.0	24.6	23.7	23.9	22.9	22.7	20.8
ആപേക്ഷികാർദ്രത	67%	72	72	67	74	89	81	87	75	81	74	65
1992												
കൂടിയതാപനില	32.2	33.2	34.6	35.2	33.2	30.6	28.9	29.8	30.7	30.6	31.8	32.6
കുറഞ്ഞതാപനില	19.2	22.0	22.9	24.3	23.9	23.0	21.9	21.9	24.7	26.9	27.2	25.6
ആപേക്ഷികാർദ്രത	65%	71	72	77	80	86	88	86	83	81	82	66
1993												
കൂടിയതാപനില	32.3	33.5	34.6	34.4	33.4	30.8	29.2	30.8	31.6	31.2	29.8	32.4
കുറഞ്ഞതാപനില	21.1	21.6	24.2	24.8	24.8	23.6	21.8	22.6	21.9	71.9	21.9	21.6
ആപേക്ഷികാർദ്രത	67%	69	72	74	87	96	95	96	95	89	79	71
1994												
കൂടിയതാപനില	32.9	32.9	33.1	32.9	33.1	28.3		31.1	32.1	33	32.7	33.4
കുറഞ്ഞതാപനില	20.8	21.5	22.1	20.7	18.5	23.9	23.1	23.7	24.0	23	24.0	21.9
ആപേക്ഷികാർദ്രത	69%	77	72	75	79	86	87	84	82	80	75	75
1995												
കൂടിയതാപനില	33.5	34.2	35.1	34.4	33.1	31.4	30.5	30.9	31.2	32.4	32.1	33.1
കുറഞ്ഞതാപനില	22.7	24.1	24.4	26.0	25.1	24.7	23.6	24.1	23.9	22.1	18.1	15.7
ആപേക്ഷികാർദ്രത	72%	76	79	78	74	85	91	87	84	83	79	77.0

കുമരകത്ത് കണ്ടുവരുന്ന വ്യത്യസ്ഥമൺതരങ്ങൾ താഴെ വിവരിക്കുന്നു.

എക്കൽ മണ്ണ് (Riverrine Alluvium) അമ്ലത ഏറിയ ഈ മണ്ണിന്റെ P^H മൂല്യം 5-5.4 ആണ്. ശരാശരി നൈട്ര ജനിക മൂലകങ്ങളും സാധാരണയിൽ താഴ്ന്ന പൊട്ടാസ്യം, ഫോസ്ഫറസ് മൂലകങ്ങളുമാണ് മണ്ണിന്റെ സ്വഭാവം. ട്രോപ്പോ ഫ്ലൂവിയന്റ് വിഭാഗത്തിലെ ഫ്ലൂവിയന്റ് ഉപവി ഭാഗത്തിൽ പെടുന്നതാണ് റിവറൈൻ അലൂവിയം മണ്ണ്.

മണൽ കലർന്ന ചെളി (Sandy Clay) പ്രദേശമാണ് കരഭൂമിയിൽ (ചിറ) പൊതുവേ കണ്ടുവരുന്നത്. മണലും ചെളിയും കൂടിക്കലർന്ന് ഈ മണ്ണ് ചെടികൾക്കു നല്ല വേരോട്ടം നൽകും.

ഊറൽ ചെളിയും (Silty Clay) എക്കൽ മണലും (Loamy Sand) ആണ് നെൽവയലുകളിൽ പൊതുവേ കണ്ടുവ രുന്ന മൺതരങ്ങൾ.

ജൈവ വൈവിദ്ധ്യം

കുട്ടനാട് മേഖലയിൽ പൊതുവേ കണ്ടു വരുന്ന എല്ലായിനം സസ്യജാലങ്ങളും പക്ഷിമൃഗാദികളും കുമര കത്തു ദൃശ്യമാണ്. വിവിധയിനം കണ്ടൽച്ചെടികളാൽ നിബിഡമായിരുന്ന വേമ്പനാട്ടു കായൽത്തീരങ്ങളിൽ ഇന്ന് കണ്ടൽ മരങ്ങൾ കാണാനില്ല. കവണാറ്റിൻകരഭാഗത്ത് കായലിനരികിൽ ഏതാനും കണ്ടൽമരങ്ങൾ സംരക്ഷിക്ക പ്പെടുന്നുണ്ട് മറ്റെല്ലാ ഇടങ്ങളിലും സ്വാഭാവികമായി വളർന്നുവന്നിരുന്ന മരങ്ങളെല്ലാം മനുഷ്യർവെട്ടിയെടുത്തു മാവ് പ്ലാവ്, പന, തെങ്ങ്, ആഞ്ഞിലി, ശീമകൊന്ന, പരുത്തി, പൂവരശ് തുടങ്ങിയവയാണ് ഇവിടെ കണ്ടുവ രുന്നത് എല്ലാവിധ മരങ്ങളും ഇവിടെവളരുന്നതിനാൽ മാഞ്ചിയം, തേക്ക്, മഹാഗണി തുടങ്ങിയ മരങ്ങൾ നട്ടു വളർത്തുന്നുണ്ട്. സാമൂഹ്യ വനവൽക്കരണ പരിപാടിയു ടെഭാഗമായി വെച്ചുപിടിപ്പിച്ച ചില മഴമരങ്ങൾ നന്നായി വളർന്നുനിൽക്കുന്നുണ്ട്.

താഴെ വിവരിക്കുന്ന ജലസസ്യങ്ങൾ കുമരകത്തു കാണപ്പെടുന്നു. കുളവാഴ (Water Hyacinth) ആഫ്രിക്കൻ പായൽ(Salvinia molesta)കുളപ്പായൽ (Nymphaea Stelta) മുളളൻപായൽ, ആമ്പൽ, താമര.

മത്സ്യങ്ങളിൽ ഏറ്റവും അധികമായി കണ്ടുവരുന്ന കരിമീൻ (Etroplus Suratensis) ആണ്. കണമ്പ്, പള്ളത്തി, ചെമ്മീൻ, കൊഞ്ച്, കണ്ണി, പുല്ലൻ, കുറുവ, മുരശ് എന്നീ മത്സ്യങ്ങളും ചിലയിനം ഞണ്ടുകളും, ഇറച്ചിക്കക്ക എ ന്നിവയും കണ്ടുവരുന്നു.

കുമരകം പക്ഷി സങ്കേതത്തിൽ ചേക്കേറുന്ന വിവിധ ഇനം പക്ഷികൾ.

RESIDENT BIRDS

1. Snake Bird or Dater (ചേരക്കോഴി)
2. Cormorant (നീർകാക്ക)
3. Little Egret (കൊക്ക്)
4. Cattle Egret (കാലികൊക്ക്)
5. Paddy Bird (മുണ്ടി)
6. Night Heron (പാതിരാകൊക്ക്)
7. Little Grebe or Dabchick
8. Brahmini Kite (കൃഷ്ണപ്പരുന്ത്)
9. Marsh Harreier
10. Moor Hen.
11. Water Hen (കുളക്കോഴി)
12. Rose ringed Parakeet (തത്ത)
13. Koel (കുയിൽ)
14. Crow Preasant (ഉപ്പൻ)
15. Brown Fish owl
16. Osprey.
17. Blue Jay.
18. Small Blue King Fisher (പൊൻമാൻ)
19. White breasted King Fisher
20. Strock billed King Fisher
21. Pied King Fisher
22. Golden back wood picker (മരം കൊത്തി)
23. Wire Tailed Swallow
24. Black Drongo (കാക്കതമ്പുരാട്ടി)
25. Racket Tailed Drongo
26. Golden Orioie (മഞ്ഞക്കിളി)
27. Tree Pie (ഓലേഞ്ഞാലി)
28. Jungle Crow (കാട്ടുകാക്ക / ബലികാക്ക)
29. Barbet
30. Indian Chestnut bittiern

ശൈത്യകാലത്ത് എത്തുന്നവ (WINTER VISITORS)

1. Siberian Cranes
2. Siberian Terns
3. Teals
4. Swallows
5. Warblers
6. Bitterns
7. Black Ibis
8. White Ibis

ജനപ്രകൃതി

1991ലെ കാനേഷുമാരി കണക്കുകൾ പ്രകാരം കുമര കത്തെ ജനസംഖ്യ 22232 ആണ്. ഇതിൽ 11022 പുരു ഷന്മാരും 11210 സ്ത്രീകളുമാണ് വാർഡുതിരിച്ചു കണക്ക്

പട്ടികയിൽ കൊടുക്കുന്നു. ഇതിൽ 6വയസ്സു വരെയുള്ള കുട്ടികൾ 2411. അവരുടെ ആൺപെൺ അനുപാതം 1252:1159 ആണ്. പട്ടിക ജാതി വിഭാഗത്തിന്റെ ജന സംഖ്യ 1020 ആണ്. സ്ത്രീപുരുഷ അനുപാതം 525:495. പട്ടിക വർഗ്ഗം 90 പേർ. ഇതിൽ 45 ആണുങ്ങളും 45 പെണ്ണുങ്ങളും ആകുന്നു. മൊത്തം 4510 വീടുകളുണ്ട്. ഇതിൽ 8 എണ്ണത്തിൽ ആൾപ്പാർപ്പില്ല. ശരാശരി വീടൊന്നിന് 4.9 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്.

വാർഡ്	വീടുകൾ	ജനസംഖ്യ
1	561	2723
2	448	2233
3	479	2316
4	394	1923
5	472	2324
6	411	1995
7	454	2408
8	391	1936
9	437	2163
10	455	2211
ആകെ	4502	22,232

സാക്ഷരതാ നിരക്ക് 96.5 ശതമാനം ആണ്.

1993 ഏപ്രിൽമാസം 3940വീടുകളിലെ18,311 പേരിൽ നടത്തിയ സർവേപ്രകാരം കുമരകത്തുള്ളവരുടെ വിദ്യാഭ്യാസ നിലവാരം താഴെ വിവരിക്കാം.

നിരക്ഷരർ- 76

SSLCക്കുതാഴെ - 12816

SSLC - 3027

ബിരുദധാരികൾ - 372

ബിരുദാനന്തര ബിരുദധാരികൾ - 80

സാങ്കേതിക ഡിഗ്രി, ഡിപ്ലോമ/സർട്ടിഫിക്കറ്റുള്ളവർ 204

ഇപ്രകാരമായിരുന്നു 4729 പേർവിദ്യാർത്ഥികളും 1760 പേർ തൊഴിൽ രഹിതരുമായിരുന്നു.

തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ കുമരകം താരതമ്യേന മെച്ചപ്പെട്ട നില പുലർത്തുന്നുണ്ട്. കുട്ടികളുൾപ്പെടെയുള്ള പുരുഷന്മാരിൽ പകുതിയിലേറെ പേരും എന്തെങ്കിലും ജോലി ചെയ്യുന്നവരാണ്.സ്ത്രീകളുടെ കാര്യത്തിൽ നാലിൽ മൂന്നുപേരും വരുമാനമുള്ള ഒരു ജോലിയും ചെയ്യാത്തവരാണ്. എന്നാൽ കർഷക തൊഴിലാളികളിൽ പകുതിയിലേറെ സ്ത്രീകളാണ്. ആറു വയസ്സിനു താഴെയുള്ള കുട്ടികളെയും വിദ്യാർത്ഥികളെയും വയോധികന്മാരേയും ഒഴിവാക്കിയുള്ള ജനസംഖ്യയിൽ തൊഴിൽ രഹിതരുടെ എണ്ണം അത്ര വലുതല്ല. 1993 ഏപ്രിലിൽ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവേ പ്രകാരം തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവരും എന്നാൽ തൊഴിൽ ഇല്ലാത്തവരുമായ ആളുകളുടെ എണ്ണം 1760 ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശാലമായ കൃഷിയിടങ്ങളും കായലും കുമരകംകാർക്ക് നല്ല തൊഴിൽ മേഖലകൂടിയാണ്. ജാതിയുടേയും മതത്തിന്റെയും സ്വാധീനം ജനങ്ങളിൽ പൊതുവേ കണ്ടുവരുന്നുണ്ട്. ഹൈന്ദവക്ഷേത്രങ്ങളുടെ എണ്ണം 9 ആണ്. ഈ ക്ഷേത്രത്തിലെ ആരാധനകളിൽ പൊതുവേ ചുറ്റുപാടുമുള്ള ഹൈന്ദവർ പങ്കെടുക്കുമെങ്കിലും ഇതിൽ പലതും സാമുദായികമായ ഉടമസ്ഥതയിലാണ്. SKM ഈഴവർ, മുത്തന്റെ നട പുലയർ നാഷ്ണാന്റെ ധീവരർ. പുതിയകാവു ക്ഷേത്രവും, ശാസ്താംകോവിലും ട്രാവൻകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിലാണ്. ഇവിടെ നായർ സമുദായക്കാർ കൂടുതലായി ആരാധനക്കെത്തുന്നു. മറ്റു ക്ഷേത്രങ്ങളാവട്ടെ ചില കുടുംബങ്ങളുടെ വകയാണ്.

പട്ടിക - 3
തൊഴിലെടുക്കുന്നവരുടെ എണ്ണം (1991)

	പുരു.	സ്ത്രീ.	മൊത്തം
മുഖ്യ തൊഴിലുകൾ	5218	2379	
കൃഷിക്കാർ	521	22	
കർഷകതൊഴിലാളികൾ	1156	1777	
കാലിവളർത്തൽ മീൻ പിടുത്തം മുതലായവ	1209	53	
കക്കവാരുകാർ	186	2	
കുടിൽവ്യവസായവുമായി ബന്ധപ്പെട്ട ഉല്പാദനം പ്രോസസിംഗ്, അറ്റകുറ്റപ്പണി	60	21	
കുടിൽ വ്യവസായവുമായി ബന്ധപ്പെടാത്ത ഉല്പാദനജോലി പ്രോസസിംഗ് മുതലായവ	341	26	
കെട്ടിടനിർമ്മാണം	128	6	
കച്ചവടം	725	132	
ട്രാൻസ്പോർട്ടിംഗ്, വാർത്താവിനിമയം	268	10	
മറ്റു സേവനങ്ങൾ	624	330	
മാർജിനൽ ജോലിക്കാർ	316	474	
തൊഴിൽ ചെയ്യാത്തവർ	5488	8357	
തൊഴിൽ പങ്കാളിത്തനിരക്ക്	51.2	25.4	37.4%

ക്രിസ്ത്യൻ പള്ളികൾ 11 എണ്ണമുണ്ട്. ഇവയിലെല്ലാം വിവിധവിഭാഗങ്ങളിൽപ്പെട്ട ക്രിസ്ത്യാനികൾ ആരാധനകളിൽ പങ്കെടുക്കുന്നു. കുമരകത്തെ ക്രിസ്ത്യൻ പള്ളികളെ പരസ്പരം ബന്ധിതമാക്കുന്ന യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് പ്രവർത്തിച്ചുവരുന്നു. ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങൾ ഇതിന്റെ ആഭിമുഖ്യത്തിൽ സംയുക്തമായി കൊണ്ടാടുന്നു.

മുസ്ലീം ആരാധനാലയങ്ങൾ ഒന്നുമില്ല. ഒരു മുസ്ലീം വീടു പോലും കുമരകത്തില്ല.




കവണാറ്റിൻ കര പാലം ഉദ്ഘാടനം ചെയ്തപ്പോൾ

5

വികസനമേഖലകൾ

കുമരകത്തിന്റെ സമ്പത്ഘടന കാർഷികാധിഷ്ഠിതമാണ്. തെങ്ങുകൃഷിയും നെൽകൃഷിയുമാണ് പ്രധാനം. കാർഷിക രംഗത്ത് തണ്ണീർമുക്കം ബണ്ടു വന്നതിനു ശേഷം കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ മേഖലയിൽ സംയോജിത കൃഷിരീതി പരീക്ഷിക്കപ്പെടുന്നു.

ചെറുകിട വ്യവസായങ്ങളുടെ വളർച്ച കാർഷികാധിഷ്ഠിതമായി നേടേണ്ടതാണ്. വേമ്പനാട്ടുകായലും അതിലെ മത്സ്യസമ്പത്തും നല്ലൊരു തൊഴിൽ മേഖലയാണ്. ഓരോ മേഖലയും ചില വെല്ലുവിളികളെ നേരിടുന്നുണ്ട്.എങ്കിലും പരസ്പരബന്ധിതവും സംയോജിതവുമായ വളർച്ചക്ക് ഏറെ സാധ്യതകളുണ്ട് എന്നത് ആശാവഹമാണ്. ഓരോ മേഖലയും താഴെ കൂടുതൽ വിശദമായി പരിശോധിക്കപ്പെടുന്നു.



5:1

കൃഷിയും ജലസേചനവും

കുമരകത്തിന്റെ കാർഷിക കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായ കൃഷി തെങ്ങും നെല്ലുമാണ്. 1470 ഹെക്ടർ നെൽവയലുകളും 853 ഹെക്ടർ തെങ്ങിൻപുരയിടങ്ങളും ഉണ്ടെന്നാണ് കൃഷിഭവൻ കണക്കുകൾ. റവന്യൂ രേഖകൾ പ്രകാരം നിലം 1713 ഹെക്ടറാണ്. പുരയിടം 761 ഹെക്ടറും. റവന്യൂ കണക്കുകൾ അല്പം പഴയതാണ്. കൂടുതൽ നെൽവയലുകൾ നികർത്തിയതിനാലാണ് കൃഷിഭവൻ കണക്കിൽ നെൽവയലുകൾ കുറവായും തെങ്ങിൻപുരയിടങ്ങൾ കൂടുതലായും കാണുന്നത്.

പട്ടിക 4

വിളവിസ്തീർണ്ണവും ഉല്പാദനക്ഷമതയും (95-96)

വിള	വിതവിസ്തീർണ്ണം	ഉല്പാദനക്ഷമത
നെല്ല്-വർഷ കൃഷി	- 750 ഹെക്ടർ	- 3.8 ടൺ/ഹെക്ടർ
നെല്ല്-പുഞ്ചകൃഷി	- 1245 "	- 3.5 "
പച്ചക്കറികൾ	- 5	-
തെങ്ങ്	- 756	- 8000 തേങ്ങ/ ഹെക്ടർ
വാഴ	- 55	- 25 ടൺ/ ഹെക്ടർ
മാവ്	- 10,000 മരം	- 120 കിലോ/മാവ്
റബ്ബർ	- 4 ഹെക്ടർ	- 16 കിലോ/ഹെക്ടർ
കൊക്കോ	- 30 ഹെക്ടർ	- 2000കിലോ/ഹെക്ടർ

പട്ടിക 5

കാർഷികമേഖല സൃഷ്ടിച്ച സമ്പത്ത് (95--96)

വിള	അളവ്	മൊത്തവില
നെല്ല്	- 46425 ടൺ	- 232 ലക്ഷംരൂപ
തേങ്ങ	- 60.48 ലക്ഷം	- 272 ലക്ഷം
കൊക്കോ	- 60 ടൺ	- 84 ടൺ
മാങ്ങ	- 120 ടൺ	- 60 ലക്ഷം
വാഴക്കുല	- 1375 ടൺ	- 83 ലക്ഷം
പച്ചക്കറി		- 1 ലക്ഷം
മറ്റുവിളകൾ		- 5 ലക്ഷം
ആകെ രൂപ		737 ലക്ഷം

തണ്ണീർമുക്കം ബണ്ട്

കുമരകത്തിന്റെ കാർഷികമേഖലയിൽ ശ്രദ്ധേയമായ മാറ്റം കുറിച്ച വർഷമായിരുന്നു 1976. അന്നാണ് തണ്ണീർമുക്കം ബണ്ട് പൂർത്തിയാക്കി കടലിൽ നിന്നും ഉപ്പുവെള്ളം വേമ്പനാട്ടുകായലിലേക്കും നെൽപ്പാടങ്ങളിലേക്കും കയറുന്നത് തടഞ്ഞത്. ഓരു കയറ്റം കൃഷിയെ പ്രതികൂലമായി ബാധിച്ചിരുന്നു. എന്നാൽ തെങ്ങിന് ഓരുവെള്ളം കയറുന്നത് ഉപദ്രവകരമല്ലായിരുന്നു. അക്കാലത്ത് തെങ്ങിന്റെ ഉല്പാദനക്ഷമത ഇന്നത്തേതിൽനിന്നും കൂടുതലുണ്ടായിരുന്നു. നാടൻമാവുകളും അന്നു ധാരാളമായുണ്ടായിരുന്നു. മറ്റു വൃക്ഷങ്ങൾ നന്നായി വളർന്നിരുന്നില്ല. വാഴ, കൊക്കോ, പച്ചക്കറികൃഷി ഇവയൊന്നും അന്ന് നന്നായി കൃഷി ചെയ്യാൻ കഴിഞ്ഞില്ല.

വെള്ളപ്പൊക്കവും ഉപ്പുവെള്ളവും മൂലം ഒരു നെൽകൃഷിക്കുള്ള അവസരം മാത്രമേ അന്നു ലഭിച്ചിരുന്നുള്ളൂ. പുഞ്ചകൃഷി സംരക്ഷിക്കുന്നതിനു തന്നേ പ്രധാനതോടുകളിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയാൻ ഓരു മുട്ടുകൾ ഇടേണ്ടി വന്നിരുന്നു. നാമമാത്രമായ തോതിൽമാത്രം നടന്നിരുന്ന വർഷകൃഷി ബണ്ടുവന്നശേഷം വ്യാപകമായി. നെൽകൃഷിക്ക് പൊതുവേ ബണ്ട് പ്രയോജനപ്രദമായി. മാത്രമല്ല തെങ്ങിനോടൊപ്പം ധാരാളം ഇടവിളകൃഷി ചെയ്യാനും കഴിഞ്ഞു. പ്ലാവ്, കൊക്കോ, പുതിയ ഇനം മാവുകൾ, വാഴ, പച്ചക്കറികൾ, തേക്ക്, പെരുമരം ഇവയെല്ലാം കുമരകത്ത് സമൃദ്ധമായി വളരുമെന്നായി.

ബണ്ടിന്റെ വരവ് കൃഷിക്ക് ചില ഉപദ്രവങ്ങളും ചെയ്തിട്ടുണ്ട്. ഒഴുക്കും ഓരും തടഞ്ഞതിലൂടെ നിശ്ചല ജലാശയങ്ങളിൽ പായലും മറ്റുജലകളകളും സമൃദ്ധമായി വളർന്നു. ഇത് ജലമാർഗങ്ങൾ അടച്ചുകളഞ്ഞു. വേനൽകാലത്ത് ജലനിരപ്പ് നന്നായി താഴ്ന്നതുമൂലം തോടുകൾ

വറ്റിവരണ്ടു. ജലമലിനീകരണം ഉൾനാടൻ തോടുകളിലെ മത്സ്യപ്രജനനവും വളർച്ചയും പൂർണ്ണമായും ഇല്ലാതായി. കൃഷിയെ ബാധിക്കുന്ന കളകളും കീടങ്ങളും അഭൂതപൂർവമായി വർധിച്ചതായും കാണാൻ കഴിയും.

നെൽകൃഷിയുടെ പ്രശ്നങ്ങൾ

45 പാടശേഖരങ്ങളിലായി 3744 ഏക്കർ നെൽവയലുകൾ കുമരകത്തുണ്ട്. ഇതിലെ കൃഷിക്കാരുടെ മൊത്തം എണ്ണം 1704 ആണ്.

കുമരകത്തെ പുഞ്ചപ്പാടങ്ങൾക്ക് ഏറ്റവും അനുയോജ്യമായ കൃഷിനെല്ലുതന്നെയാണ്. ഇവിടത്തെ നെല്ലിന്റെ ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാൾ വളരെ ഉയർന്നതാണ്. നെല്ലിന്റെ സംസ്ഥാന ശരാശരി ഉല്പാദനം രണ്ടുടണ്ണാണ്. കുമരകത്ത് ഇത് മൂന്നരടൺ ആകുന്നു. എങ്കിലും ഇവിടെ നെൽകൃഷിവളരെ അനാകർഷകമായി മാറിയിരിക്കുന്നു. പലരും നെൽവയലുകൾ വിറ്റ് കൃഷി ഉപേക്ഷിച്ചിരിക്കുന്നു. ചിലരാകട്ടെ നിലം തരിശിടുന്നു. പലരും പാട്ടത്തിനു നൽകുന്നു. ഇന്ന് നെൽകൃഷിയെ ബാധിക്കുന്ന പ്രധാനപ്രശ്നങ്ങൾ താഴെ വിവരിക്കുന്നവയാണ്.

1) കർഷക തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ. വിളവ് നന്നല്ലെങ്കിൽ കൊയ്യാൻ ആളു കിട്ടാതെ വിള അഗ്നിക്കിരയാക്കുന്ന സംഭവം പലപ്പോഴുമുണ്ടാകുന്നു.
2) മട വീഴ്ചമൂലമുള്ള കൃഷി നാശം, കീടബാധ, കളകളുടെ ആക്രമണം ഇവമൂലം വർദ്ധിക്കുന്ന കാർഷികചെലവ്.
3) തണ്ണീർമുക്കം ബണ്ട് ചോർച്ച മൂലം ഉണ്ടാകുന്ന ഉപ്പുവെള്ള ഭീഷണി വിളവ് ഗണ്യമായി കുറയ്ക്കുന്നു.
4) ഇടയ്ക്കിടെയുണ്ടാകുന്ന കൃഷിപ്പിഴമൂലം വർദ്ധിച്ചുവരുന്ന കടഭാരം.
5) കർഷകർ നിരന്തര ബന്ധപ്പെടേണ്ടി വരുന്ന പുഞ്ച സ്പെഷ്യൻ ഓഫീസ്, കൃഷി ഡിപ്പാർട്ട്മെന്റ്, വൈദ്യുതി ഓഫീസ് ഇവിടങ്ങളിൽ നിലനിൽക്കുന്ന അഴിമതിയും കൈക്കൂലിയും.
6) വിളവെടുപ്പിനുശേഷം രൊക്കവിലയ്ക്ക് നെല്ല് വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട്. ന്യായമായ വില കിട്ടാത്ത സ്ഥിതി. 1993ലും 1994ലും സഹകരണസംഘം വഴി നെല്ല് സംഭരിച്ച് കാലടിയിലും മറ്റുമുള്ള വൻകിടമില്ലുകൾക്ക് എത്തിച്ചിരുന്നു. എന്നാൽ ഇത് 1995-ൽ കൃഷിവകുപ്പിന്റെ തെറ്റായനിലപാട് മൂലം നടപ്പിലാക്കാൻ കഴിഞ്ഞില്ല.
7) ഇലക്ട്രിസിറ്റി കണക്ഷൻ, പമ്പിംഗ് സബ്സിഡി, തുടങ്ങിയ ആനുകൂല്യങ്ങൾ കൃഷിക്ക് സഹായകരമായ സമയത്ത് ലഭിക്കാതിരിക്കൽ. ഇതിനെല്ലാമായി ഓഫീസ് കയറിയിറങ്ങുന്ന കഷ്ടപ്പാടുകൾ.
8) പുതിയ തലമുറ രൂക്ഷമായ വെയിലും മഴയും മേൽവിവരിച്ച കഷ്ടപ്പാടുകളും സഹിച്ച് കാർഷികമേഖലയിൽ പണിയെടുക്കാൻ ഇഷ്ടപ്പെടുന്നില്ല. അദ്ധ്വാനത്തിന്റേയും മുടക്കുമുതലിന്റേയും, തോതനുസരിച്ച് കൃഷിയിൽനിന്നും കാര്യമായ വരുമാനം ഇല്ല എന്ന അവസ്ഥ നിലനിൽക്കുന്നു.
9) പരമ്പരാഗതതോടുകൾ അടഞ്ഞുപോയതുകൊണ്ട് വളളത്തിൽ നെല്ല് കയറ്റിയിറക്കൽ ദുഷ്ക്കരമായി. പാടശേഖരങ്ങളിലാവട്ടെ മറ്റുവാഹനങ്ങൾ എത്തുകയുമില്ല.
10) നെല്ല് സംഭരിച്ചുവെയ്ക്കാനുള്ള സൗകര്യങ്ങളും ഇല്ലാതായ അവസ്ഥ.

രാസവളം കീടനാശിനി: നെൽപ്പാടങ്ങളിൽ വൻതോതിൽ രാസവളങ്ങളും കീടനാശിനികളും പ്രയോഗിക്കപ്പെടുന്നുണ്ട്. രാസവളങ്ങളുടെ പ്രധാനവ്യാപാരം സഹകരണബാങ്കുകൾ വഴിയാണ്. കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ഇവിടെ പ്രയോഗിച്ച രാസവളങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

1993-94	94-95	95-96
1227 ടൺ	1240 ടൺ	1308 ടൺ

വളം ഇട്ടശേഷം ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും കീടനാശിനി പ്രയോഗിക്കുന്ന ഒരു രീതി ഇവിടെ വ്യാപകമായിരുന്നു. എന്നാൽ ഗ്രൂപ്പുഫാമിംഗ്, കാർഷിക ക്ലീനിക്കുകൾ ഇവയിലൂടെ നടന്ന ബോധവൽക്കരണം അനാവശ്യകീടനാശിനി പ്രയോഗത്തെ നിയന്ത്രിച്ചിട്ടുണ്ട്. 1993-94 വർഷത്തേതിൽ നിന്നും കീടനാശിനി പ്രയോഗം മൂന്നിൽരണ്ടായികുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു.

രാസവളങ്ങളും കീടനാശിനികളും വൻതോതിൽ ജനമലിനീകരണത്തിന് കാരണമാകുന്നുണ്ട്. ജൈവവളപ്രയോഗം നെൽപാടങ്ങളിൽ ഏതാണ്ട് അപ്രത്യക്ഷമായിക്കഴിഞ്ഞു. നെൽപ്പാടങ്ങളിൽ നിന്നും തൊട്ടടുത്തുള്ള ജലാശയങ്ങളിൽ കലരുന്ന നൈട്രജൻ രാസവളങ്ങളാണ് പായൽ വളർച്ചയ്ക്കും മലിനീകരണത്തിനും കാരണമാകുന്നത്. കീടനാശിനികളും ജലമലിനീകരണം സൃഷ്ടിക്കുന്നുണ്ട്. മുമ്പ് കുടിക്കാൻ ഉപയോഗിച്ചിരുന്ന തോട്ടുവെള്ളം ഇന്ന് ഒരാവശ്യത്തിനും ഉപയോഗിക്കാൻ കഴിയില്ല. വേനൽക്കാലത്താണെങ്കിൽ ഈ വെള്ളത്തിന് രൂക്ഷമായ ദുർഗന്ധം പോലുമുണ്ട്.

സംയോജിത കൃഷി

കർഷകർക്ക് നല്ല വരുമാനം നൽകുന്നതും പരിസ്ഥിതിക്കിണങ്ങുന്നതുമായ ഒരു കൃഷിരീതി കുമരകത്തിന്റെ അടിയന്തിരാവശ്യമായിരിക്കുന്നു.



തൊട്ടിൽ തോപ്പിൽ വാഴയും പച്ചക്കൃഷിയും, കുളത്തിൽ താറാവും മത്സ്യവും, കുമരകം കാർഷികഗവേഷണ കേന്ദ്രത്തിലെ വിജയകരമായ പരീക്ഷണം.

നെൽക്കൃഷിയും മത്സ്യകൃഷിയും ഒപ്പം പന്നി, കന്നുകാലികൾ, താറാവ് ഇവ വളർത്തലും ഓരോ പാടശേഖരങ്ങളിലും വീട്ടുവളപ്പിലും സംയോജിതമായി നടത്താൻ കഴിയും എന്നു തെളിഞ്ഞിട്ടുള്ളതാണ്. ജൂലൈ, നവംബർ മാസങ്ങളിൽ നെൽക്കൃഷി ഒപ്പം നഴ്സറിയിൽ മത്സ്യക്കുഞ്ഞുങ്ങളെയും വളർത്തുക. കൊയ്ത്തു കഴിഞ്ഞ് പാടത്ത് വെള്ളം കയറ്റിയ ശേഷം നഴ്സറിയിൽ അല്പം വളർന്ന മത്സ്യകുഞ്ഞുങ്ങളെ വിശാലമായ പാടത്ത് നിക്ഷേപിച്ച് 7-8 മാസക്കാലം തീറ്റി നൽകി വളർത്തുക. ഒപ്പം പുറവരമ്പിൽ താറാവ്, പന്നി, കന്നുകാലി ഇവയേയും വളർത്താം. ഇതിൻെറയെല്ലാം വിസർജ്യവസ്തുക്കൾ മത്സ്യവളർച്ചയ്ക്ക് സഹായകരമാകും. മത്സ്യം പിടിച്ചുകഴിഞ്ഞ് ഉടനെ വെള്ളം വറ്റിച്ച് നെല്ല് വിതയ്ക്കാം. തുടർന്നുള്ള നെൽകൃഷിയ്ക്ക് രാസവള പ്രയോഗം ആവശ്യമില്ല. കളകളും ഉണ്ടാകില്ല, കീടബാധയും കുറവായിരിക്കും. അതിനാൽ മീൻപാടത്തു അവശേഷിക്കുന്ന ജൈവവളത്തിന്മേൽ മാത്രം നെൽകൃഷി സാധ്യമാകുന്നു. കൃഷിച്ചെലവ് ഗണ്യമായി കുറയും. കർഷകൻെറ വരുമാനം മൂന്നിരട്ടിയെങ്കിലും ആയി വർദ്ധിക്കും. പരിസ്ഥിതി മലിനീകരണം ഒഴിവാകുന്നു. കുമരകത്ത് ചില പാടശേഖരങ്ങളിൽ വിജയകരമായി നടക്കുന്ന ഈ കൃഷിരീതി വ്യാപകമാക്കേണ്ടതാണ്. ഇതിൻെറ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നത് നോക്കുക.

കർഷകരുടെ നിർദ്ദേശങ്ങൾ


നെൽകൃഷി നിലനിൽക്കാനും അഭിവൃദ്ധിപ്പെടുത്താനും കർഷകരുടെ നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

1. മേൽവിവരിച്ച സംയോജിതകൃഷി കഴിവുള്ളടത്തേക്കെല്ലാം വ്യാപകമാക്കുക.
2. കൃഷിഭവൻ, പുഞ്ചസ്പെഷ്യൽ ഓഫീസ്, വൈദ്യുതി ഓഫീസ്, വില്ലേജ് ഓഫീസ് ഇവിടങ്ങളിലൂടെ കർഷകർക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കാനും അഴിമതി തടയാനും കഴിയത്തക്കവിധത്തിൽ ഈ ഓഫീസുകൾ കർഷകപങ്കാളിത്തമുള്ള സമിതികളുടെ നിയന്ത്രണത്തിൽ ആക്കുക. ഇവയുടെ പ്രവർത്തനങ്ങൾ പൂർണമായും സുതാര്യമാക്കുക.
3. തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുക, നിലം ഒരുക്കൽ, മെതിക്കൽ ഇവ പൂർണ്ണമായും യന്ത്രവൽക്കരിക്കുക. അതിനാവശ്യമായ സഹായങ്ങൾ നൽകുക.
4. ആധുനിക കാർഷികസാങ്കേതികവിദ്യകൾ കർഷകരിൽ എത്തിക്കാൻ കൃഷിവിദഗ്ധൻമാർ വയലേലകളിൽ നിരന്തരം സന്ദർശിച്ച് കർഷകർക്ക് സാങ്കേതിക ഉപദേശങ്ങൾ നൽകുന്നത് അവരുടെ ഡ്യൂട്ടിയുടെ ഭാഗമാക്കണം.
5. കൃഷിഭവൻ എല്ലാവർക്കും എത്തിച്ചേരാൻ കഴിയുന്ന ഒരു സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുക. കർഷകർക്കുള്ള എല്ലാ അറിയിപ്പുകളും പ്രധാനകേന്ദ്രങ്ങളിൽ സ്ഥാപിക്കപ്പെടുന്ന വാർത്താബോർഡുകൾ വഴി കൃത്യമായി അറിയിക്കുക.
6. സഹകരണബാങ്കുവഴി നെല്ലുവിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുക. ഇതിനുള്ള സാമ്പത്തിക സഹായം നൽകുക.
7. തരിശുസ്ഥലം കൃഷിചെയ്യാൻ പ്രാരംഭത്തിലുണ്ടാകുന്ന

അധികച്ചെലവ് പൂർണ്ണമായും ധനസഹായമായി നൽകുക.

8. പൊതുതോടുകൾക്ക് ആഴവും വീതിയും വർദ്ധിപ്പിച്ചും ഓരങ്ങൾ ശക്തമാക്കിയും പായലും തടസ്സങ്ങളും നീക്കിയും വെള്ളം ഒഴുകാൻ ഉള്ള സൗകര്യവും ജലയാത്രസൗകര്യവും വർദ്ധിപ്പിക്കുക. ഇത് വെള്ള പ്പൊക്കത്തേയും നിയന്ത്രിക്കും.
9. മൂവാറ്റുപുഴ ആറ് കുട്ടനാട്ടിലേക്ക് തിരിച്ചുവിട്ട് വേമ്പനാട്ടുകായലിലേക്ക് ഒഴുക്കി ഉപ്പുവെള്ളഭീഷണിയും ജലമലിനീകരണവും തടയുക.
10. കൃഷി, യാത്ര, കയറ്റിറക്ക്സൗകര്യങ്ങൾ. നെല്ലും, കച്ചിയും വിൽക്കാനുള്ള സൗകര്യം ഇവയ്ക്കായി വലിയ പാടശേഖരങ്ങൾ ഇടയ്ക്ക് തോടും ബണ്ടും കെട്ടി തിരിക്കുന്നത് കൃഷിക്ക് സഹായകരമാണ്. പാറേക്കാട്, മെത്രാൻകായൽ, പള്ളിക്കായൽ, എം.എം. ബ്ലോക്ക് തുടങ്ങിയ പാടശേഖരങ്ങൾ ഇപ്രകാരം ബണ്ടും, തോടും പൂർത്തിയാക്കി വേർതിരിക്കണം.
11. വിളഇൻഷ്വറൻസ് ഫലപ്രദമായി നടപ്പിലാക്കുക.
12. നെൽകൃഷിക്ക് ശേഷമുള്ള മത്സ്യകൃഷി സുഗമമാവാൻ ഒരു ഫിഷ് ഹാച്ചറി സ്ഥാപിക്കണം. ഇടത്തോടുകൾ വൃത്തിയാക്കി പരിപാലിച്ച് മത്സ്യകുഞ്ഞുങ്ങളെ 3-4 മാസം വളർത്തി പാടത്തുവളർത്തുവാൻ വിതരണം ചെയ്യുന്ന സമ്പ്രദായം പ്രായോഗികമാക്കണം.
13. കൃഷി സമയത്ത് തൊഴിൽ തർക്കം പൂർണ്ണമായും ഒഴിവാക്കുന്നതിന് നേരത്തെ അത്തരം തർക്കങ്ങൾ ചർച്ചചെയ്ത് പരിഹരിക്കണം.
14. എല്ലാ പാടശേഖരങ്ങളിലും എത്തുവാനുള്ള റോഡ്യാത്രാസൗകര്യം മെച്ചപ്പെടുത്തണം.

തെങ്ങുകൃഷി: 756 ഹെക്ടർ സ്ഥലത്താണ് ഇവിടെ തെങ്ങുകൃഷിയുള്ളത്. പുതിയ തെങ്ങിൻതൈ വെയ്ക്കുന്നതിൽ കൃഷിക്കാർ താല്പര്യം കാണിക്കുന്നുണ്ട്. കുമരകത്ത് ആകെ 1.5 ലക്ഷം തെങ്ങുകളുണ്ട്. ഇവയിൽ എൺപതിനായിരം എണ്ണവും കായ്ചുതുടങ്ങിയിട്ടില്ല.



കായ്ഫലമുള്ള തെങ്ങുകളുടെ എണ്ണം 70000 ആണ്. ഇതിൽ 14260 എണ്ണം രോഗബാധിതമാണ്. എങ്കിലും ഉത്പാദനക്ഷമത സംസ്ഥാനശരാശരിയേക്കാൾ വളരെക്കൂടുതലാണ്. കുമരകത്തെ ശരാശരി നാളികേര ഉത്പാദനം ഹെക്ടറിന് 80000. സംസ്ഥാനശരാശരി 5843ഉം ആണ്.

തെങ്ങിന്റെ രോഗവിവരം	രോഗംബാധിച്ച തെങ്ങുകളുടെ എണ്ണം
കാറ്റുവീഴ്ച (റൂട്ട് വിൽറ്റ്)	- 5000
ലീഫ്റോട്ട്	- 4000
ബഡ്റോട്ട്	- 5000
സ്റ്റെംബ്ലീഡിംഗ്	- 160
മറ്റുരോഗങ്ങൾ	- 100
രോഗബാധിതമായ മൊത്തം തെങ്ങ്	- 14260

രോഗം ബാധിച്ചതെങ്ങുകൾ വെട്ടിമാറ്റി പകരം സങ്കരയിനം തെങ്ങിൻതൈ നടുന്നതിന് സാമ്പത്തികസഹായം നൽകുന്ന പദ്ധതി കൃഷിഭവൻ വഴി നടപ്പിലാക്കുന്നുണ്ട്.

സങ്കരയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നുണ്ട്. സൗജന്യനിരക്കിൽ വളവും പമ്പുസെറ്റുകളും നൽകുന്നു. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ കുമരകം കൃഷിഭവൻ 7055 തൈ വിതരണം ചെയ്തു. കൂടാതെ കുമരകത്ത് ചില സ്വകാര്യവ്യക്തികളും തെങ്ങിൻതൈ ഉല്പാദിപ്പിച്ച് വിൽക്കുന്നുണ്ട്. വെളിയിലുള്ള നേഴ്സറികളിൽ നിന്നും ഇവിടെ സീസണിൽ ധാരാളമായി തൈകൊണ്ടുവന്നു വിൽക്കുന്നു. കാർഷിക സർവ്വകലാശാലയുടെ കുമരകം പ്രാദേശിക ഗവേഷണ കേന്ദ്രവും ആയിരക്കണക്കിന് തെങ്ങിൻതൈ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്.

തെങ്ങുകൃഷി തകരുന്നു: പുതിയതെങ്ങിൻതൈകൾ ധാരാളമായി കൃഷിചെയ്യാൻ തുടങ്ങിയിട്ടും ഇവിടെ തേങ്ങയുടെ ഉല്പാദനം വർദ്ധിച്ചിട്ടില്ല. ഉത്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്നതാണ് ഇതിനു കാരണം.

തെങ്ങിന് ആവശ്യമായ വളവും, വെള്ളവും പരിപാലനവും നൽകുന്നതിൽ കർഷകർ ഇവിടെ ശ്രദ്ധിക്കുന്നില്ല. തേങ്ങയ്ക്കുണ്ടാകുന്ന വിലത്തകർച്ചയാണ് ഇതിന് പ്രധാന കാരണം.

കാർഷികമേഖലയിൽ പണിയെടുക്കാൻ തൊഴിലാളികളെ കിട്ടാൻ ഇല്ലാത്ത അവസ്ഥയുണ്ട്. പറമ്പുകിളയ്ക്കുന്ന തൊഴിലാളികളുടെ എണ്ണം കഴിഞ്ഞകാലത്ത് ഗണ്യമായി കുറഞ്ഞു. തെങ്ങിന് കായൽക്കട്ടയും, മണ്ണും ഇറക്കുന്ന പഴയപരിപാലനരീതി ഫലപ്രദമായിരുന്നു. എന്നാൽ പുരയിടത്തിനടുത്ത് വള്ളം എത്തുന്ന തോടു

കൾ പലതും അടഞ്ഞുപോയതിനാൽ ഇത് മിക്കയിടത്തും അസാദ്ധ്യവും ഏറെ പണച്ചിലവ് ഉള്ളതുമായി. ഇക്കാരണങ്ങളാൽ തെങ്ങിൻപുരയിടങ്ങളിൽ മനുഷ്യാധ്വാനമോ വളമോ എത്തുന്നില്ല. എത്ര അവഗണിച്ചാലും അല്പം വിളനൽകുന്ന കേരവൃക്ഷത്തിന്റെ ഗുണവിശേഷമാവട്ടെ അധ്വാനത്തെ അകറ്റി നിർത്തുന്നു.

വേനൽക്കാലത്ത് തെങ്ങിന് വെള്ളം നനയ്ക്കുക. യഥാവസരം വളപ്രയോഗം നടത്തുക, രോഗങ്ങളിൽ നിന്നും സംരക്ഷിക്കുക, തെങ്ങിൻതോപ്പുകൾ ഇടവിളകളെകൊണ്ട് നിറയ്ക്കുക ഇവ കർഷകന്റെ ആദായം വർദ്ധിപ്പിക്കും. ഇപ്രകാരമുള്ള പരിപാലനത്തിന് പ്രചോദകമായ ആദായം തേങ്ങാവിറ്റ് ലഭിക്കുന്നില്ല എന്നതും കാർഷിക ജോലിക്ക് ആളുകിട്ടാത്ത അവസ്ഥ സൃഷ്ടിച്ച വർദ്ധിച്ചകൂലി ച്ചെലവുമാണ് പ്രധാനപ്രശ്നം.

തെങ്ങുകയറ്റതൊഴിലാളികളുടെ എണ്ണവും കുറഞ്ഞുവരികയാണ്.

കുമരകത്ത് ഉല്പാദിപ്പിക്കപ്പെടുന്ന 60ലക്ഷത്തിൽപ്പരം നാളികേരത്തിന് ന്യായമായ വില കർഷകന് ലഭിക്കുന്നില്ല. തേങ്ങാ ആദായകരമായി പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഇവിടെ നിലവിലില്ല. മെച്ചപ്പെട്ട വിപണനസൗകര്യങ്ങളും പ്രോസസ്സിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തിയാൽ കൂടുതൽ തൊഴിൽസാദ്ധ്യത സൃഷ്ടിക്കുവാനും കർഷകരെ സഹായിക്കുവാനും കഴിയുന്നതാണ്.


കുമരകത്ത് മുൻപ് കയർ പിരിക്കുന്ന തൊഴിൽ വ്യാപകമായിരുന്നു. എന്നാൽ കാര്യമായ ആദായമില്ലാതിരുന്നതിനാൽ ഈ തൊഴിൽ ഉപേക്ഷിക്കപ്പെട്ടു. അതിനാൽ ഇന്ന് തൊണ്ട് തീകത്തിക്കുവാനും കയറ്റിഅയ്ക്കാനും മാത്രമാണ് ഉപയോഗിക്കുന്നത്. ഇതിന്റെ പ്രയോജനം തെങ്ങുകൃഷിക്കാർക്ക് ലഭിക്കുന്നില്ല. യന്ത്രവൽക്കരിക്കപ്പെട്ട കയർവ്യവസായത്തിനുള്ള സാദ്ധ്യത പരിശോധിക്കപ്പെടണം.

ഇടവിളകൾ: കൊക്കോ, വാഴ, പച്ചക്കറി. കൈതച്ചക്ക ഇവ സൗകര്യപ്രദമായ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുവാനുള്ള സാദ്ധ്യത ഏറെയുണ്ട്. കൊക്കോയുടെ വിലയിൽ ഉണ്ടായതകർച്ച പലരേയും കൊക്കോ കൃഷി നശിപ്പിക്കാൻ പ്രേരിപ്പിച്ചു. കൊക്കോയുടെ ഉല്പാദനക്ഷമത ഇവിടെ സംസ്ഥാനശരാശരിയേക്കാൾ വളരെക്കൂടുതലാണ്. വെള്ളപ്പൊക്ക ബാധിതപ്രദേശങ്ങളിൽ വാഴയും, പച്ചകൃഷിയും സാദ്ധ്യമല്ല. അല്ലാത്ത ഇടങ്ങളിൽ ഇത്തരം കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാകണം.

റബർകൃഷി അപൂർവ്വം ചിലയിടങ്ങളിൽ പരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും നമ്മുടെ മണ്ണ് ഈകൃഷിക്ക് അത്രയോജിച്ചതല്ല.

കുമരകം കൃഷിഭവൻ വഴി നടപ്പിലാക്കിയ കാർഷികവികസന പദ്ധതികൾ

1. സമഗ്രധാന്യ വികസന പദ്ധതി: ഈ പദ്ധതിയുടെ ഭാഗമായി 30 കർഷകർക്ക് പരിശീലനം നൽകി, കൈരളി നെൽ വിത്ത് കൃഷി ചെയ്യുന്നതിന് നൽകി. 2 ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾക്ക് 2000 രൂപാ ധനസഹായം നൽകി.
2. മിനി കിറ്റ് പദ്ധതി: പയർ വിത്ത് പായ്ക്കറ്റുകൾ (20 കിലോ), നെൽ വിത്ത് കിറ്റ്, ഇവ നാമമാത്ര വിലയ്ക്ക് അഞ്ചു പേർക്ക് നൽകി.
3. ഗ്രൂപ്പുഫാമിംഗ് നിരവധി പാടശേഖരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 9192 ൽ കുമ്മായം, കീടനാശിനി ഇവ സഹായമായി നൽകിയിരുന്നു.
4. പ്രധാനമന്ത്രിയുടെ പ്രത്യേകപദ്ധതിപ്രകാരമുള്ള നെൽ വികസനം: ഗ്രൂപ്പുഫാമിംഗ് നടപ്പിലാക്കിയ പതിമൂന്നു നെൽ പാടങ്ങൾക്ക് കൃഷിവികസനത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ കുമരകത്ത് 60 ലക്ഷത്തിൽ പരം രൂപാ അനുവദിച്ചിട്ടുണ്ട്. എന്നാൽ പല പാടശേഖരങ്ങളും നിശ്ചിതജോലികൾ മുഴുവൻ പൂർത്തിയാക്കി മുഴുവൻ പണവും പറ്റിയിട്ടില്ല. തെക്കേപ്പള്ളിപ്പാടം, മൂലേപ്പാടം, നാലുപങ്ക്, വിളക്കുമരക്കായൽ, ഇടവട്ടം, പടിഞ്ഞാട്ടുകാട്, എം. എം. ബ്ലോക്ക് കരപാടം, എം. എം. ബ്ലോക്ക് കായൽ, ആലക്കാടൻ തറ, പാറേക്കാട്, പൊന്മാൻ തുരുത്ത്, ചാഴിവലത്തുകരി, തുമ്പേക്കായൽ, പടിഞ്ഞാറേക്കരി എന്നീ പാടശേഖരങ്ങൾക്ക് പുറംബണ്ട് കരിങ്കല്ല് കെട്ടുക, വാച്ചാൽ നിർമ്മാണം, പമ്പുസെറ്റ്, മോട്ടോർ ഷെഡ്, തറ, പെട്ടിയും പറയും നിർമ്മിക്കുക തുടങ്ങിയ ജോലികൾക്ക് 1.20 ലക്ഷം രൂപാ മുതൽ 9.16 ലക്ഷം രൂപാവരെ അനുവദിച്ചു. ഇതുപ്രകാരമുള്ള പണിപൂർത്തിയാക്കിയവർക്ക് സമയത്ത് കൃഷി ഇറക്കുവാനും മറ്റും കഴിഞ്ഞിട്ടുണ്ട്.
5. ഉൽപാദന ബോണസ്: 95 വിരിപ്പ് സീസൺ മുതലുള്ളത് കുടിശ്ശികയാണ്.
6. സമഗ്രനാളികേര വികസനപദ്ധതി: ഇത് അനുസരിച്ച് കിണർ പണിയുന്നതിനും പമ്പുസെറ്റ് വാങ്ങുന്നതിനും ധനസഹായം നൽകി. വളം, സ്പ്രെയർ, തെങ്ങുകയറ്റ യന്ത്രം ഇവ വിതരണം ചെയ്തു. കൂടാതെ നാടനും സങ്കരയിനവുമായ തെങ്ങിൻ തൈകളുടെ വിതരണം നടത്തിയിട്ടുണ്ട്.
7. പച്ചക്കറി വികസനപദ്ധതിയുടെ ഭാഗമായി സ്ക്കൂൾകുട്ടികൾക്ക് പച്ചക്കറിവിത്ത് സൗജന്യമായി നൽകി.
8. ഫലവർഗ്ഗ വികസനപദ്ധതി അനുസരിച്ച് ഫലവൃക്ഷതൈകൾ വിതരണം ചെയ്തു.
9. വിള ഇൻഷ്വറൻസിൽ 45 പേരെ ചേർത്ത് വാഴ, തെങ്ങിൻതൈ, റബ്ബർ ഇവ ഇൻഷ്വർ ചെയ്തു. ഈ പദ്ധതിക്ക് അത്ര പ്രചാരം കിട്ടിയിട്ടില്ല.
10. വിള മത്സരം സെമിനാർ എന്നിവ പൊതു ജനപങ്കാളിത്തത്തോടെ സംഘടിപ്പിച്ചു.
11. അംഗീകൃത നഴ്സറികളുടെ പുരോഗതിക്കുവേണ്ടി 17000 രൂപാ ഒരു വ്യക്തിക്ക് സബ്സിഡി നൽകി.
12. ഗ്രൂപ്പു ഫാമിംഗ് സമിതികളിലൂടെ ഭക്ഷ്യവിളവിത്തുല്പാദന പദ്ധതി ഇടവട്ടം പാടശേഖരത്തിലെ ചില കൃഷിക്കാരിലൂടെ നടപ്പിലാക്കി വരുന്നു.



5:2

മൃഗസംരക്ഷണവും മത്സ്യബന്ധനവും

1200 സങ്കരയിനം പശുക്കളും, 500 ആടുകളും ഒരു ഡസനോളം എരുമകളും കുമരകത്തുണ്ട്. ഇവയുടെ ഉല്പാദനക്ഷമത ആകർഷകമല്ല. 1987ലെ ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം കുമരകത്തുള്ള വളർത്തു മൃഗങ്ങളുടെ സംഖ്യ താഴെ ചേർക്കുന്നു.

പശുക്കൾ	- 2182
എരുമ	- 39
ചെമ്മരിയാട്	- 7
കോലാട്	- 573
കോഴികൾ	- 20656
താറാവ്	- 5318

ഈ മേഖലയിൽ ലഭ്യമായ സാധ്യതകൾ നാം പ്രയോജനപ്പെടുത്തുന്നില്ല. ഈ വളർത്തുമൃഗങ്ങൾ ശാസ്ത്രീയമായി പരിപാലിക്കപ്പെടുന്നില്ല. നാടൻ പശുക്കളെ തുറസായ സ്ഥലത്തേക്ക് അഴിച്ചു വിടുകയും അവ സ്വയം പുല്ലും കച്ചിയും തിന്ന് വിശപ്പടക്കുകയും വീട്ടിലെത്തുമ്പോൾ അല്പം കാടി നൽകുകയും ചെയ്തിരുന്ന പതിവായിരുന്നു ഇവിടെ. കോഴികളെ വളർത്തുന്നതും കാര്യമായ ചെലവില്ലാതെയായിരുന്നു. എന്നാൽ പുതിയ സങ്കരയിനം പശുക്കൾക്ക് കൂടുതൽ ശ്രദ്ധയോടെ പരിപാലനം അത്യാവശ്യമാണ്. 90 ശതമാനം തൊഴുത്തുകളും വളരെ വൃത്തിഹീനമായാണ് കിടക്കുന്നത്. സിമന്റിട്ട തറയും, മൂത്രവും ചാണകവും ഒഴുകിപ്പോകുന്ന ചാലും ഉള്ള വൃത്തിയായ തൊഴുത്ത് അത്യാവശ്യമാണ്. എന്നാൽ ഇത്തരം കാര്യങ്ങളൊന്നും ആരും അത്ര പരിഗണിക്കുന്നില്ല. വൃത്തിഹീനമായ പരിതസ്ഥിതിയിൽ വളരുന്നതുകൊണ്ട് നമ്മുടെ കന്നുകാലികൾക്ക് നിരവധിരോഗങ്ങളും കണ്ടുവരുന്നു.

താഴെപ്പറയുന്ന രോഗങ്ങൾ ഇവിടെ കണ്ടുവരുന്നു. 1. അകിടുവീക്കം 2. ദഹനസംബന്ധമായ രോഗങ്ങൾ 3. പരാദരോഗങ്ങൾ. വളരെ വൃത്തിഹീനമായ തൊഴുത്തുകളിലാണ് ഇവിടെ കന്നുകാലികൾ വളരുന്നത്.

പാലിന്റെ വിപണനരംഗത്ത് നിലനിന്ന പ്രശ്നങ്ങൾ രണ്ട് ക്ഷീരോല്പാദകസഹകരണസംഘങ്ങളുടെ വരവോടുകൂടി പരിഹരിക്കപ്പെട്ടിട്ടുണ്ട്. കന്നുകാലിതീറ്റയുടെ വിലവർദ്ധനയും പരിപാലനചിലവുവർദ്ധനയും മൂലം ആകർഷകമായ ആദായം ലഭിക്കുന്നില്ല. കറവക്കാരുടെ ദൗർലഭ്യവും പ്രശ്നമാണ്.

ഈ മേഖലയുടെ വികസനത്തിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾകൂടിയുണ്ട്.

1. വ്യവസായികാടിസ്ഥാനത്തിൽ ശാസ്ത്രീയമായി കന്നുകാലികളെ വളർത്തുകയും കന്നുകുട്ടികളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുകയും ചെയ്യുന്ന സംവിധാനം 4-5 കേന്ദ്രങ്ങളിൽ എങ്കിലും ഉണ്ടാവണം.
2. വീടുകളോടനുബന്ധിച്ചുള്ള വൃത്തിഹീനമായ തൊഴുത്തുകൾക്കുപകരം ശാസ്ത്രീയമായ തൊഴുത്തുകൾ വ്യാപകമായി നിർമ്മിക്കപ്പെടണം. ഇതിന് ധനസഹായം നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. പക്ഷേ ഫലപ്രദമായി അത് കർഷകരിലെത്തുന്നില്ല.
3. മൃഗാശുപത്രി സ്ഥാപിക്കപ്പെടണം.
4. കന്നുകാലിവളർത്തൽ കൃഷിയ്ക്ക് വൻതോതിൽ ജൈവവളം നൽകുന്ന സ്രോതസ്സാവണം. ഗോബർഗ്യാസ് പ്ലാന്റുകളും വ്യാപിപ്പിക്കണം.
5. കന്നുകാലിച്ചന്ത ആരംഭിക്കണം.
6. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കാനും, കുറഞ്ഞവിലയ്ക്ക് ഇവ നാട്ടിൽത്തന്നെ ലഭ്യമാക്കാനും

കഴിയുന്ന ഒരു ഫാക്ടറി ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മുൻകൈയ്യെടുത്ത് സ്ഥാപിക്കുന്നതിന് കഴിയണം.

7. എരുമകളെ ആദായകരമായി വളർത്തുവാനുള്ള എല്ലാ സാധ്യതകളും കുമരകത്തുണ്ട്. തൊട്ടടുത്ത് ആറും തോടുകളുമുള്ള ചുറ്റുപാട് എരുമയ്ക്ക് ഏറ്റവും പ്രിയപ്പെട്ടതാണ്. ഈ സാധ്യതപ്രയോജനപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിൽ എരുമകളെ വളർത്തുന്ന ഫാമുകൾ കുമരകത്ത് ആരംഭിക്കുവാൻ കഴിയണം.
8. കാലി വളർത്തൽ രംഗത്ത് കൃഷിക്കാരനനുകൂലമായ സാങ്കേതികവിദ്യ കാര്യമായി പ്രചരിപ്പിക്കുവാനുള്ളപദ്ധതി ഇന്നു നമുക്കില്ല. പഴയനാട്ടറിവുപയോഗിച്ച് പുത്തൻ സങ്കരയിനം പശുക്കളെ വളർത്താൻ കഴിയില്ല. അവയെ ശാസ്ത്രീയമായും ലാഭകരമായും വളർത്തുന്നതിനുള്ള സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിന് കഴിയണം. എങ്കിൽമാത്രമേ ഈ രംഗത്തെ പുരോഗതിയുടെ സദ്ഫലങ്ങൾ സാധാരണ കാലിവളർത്തലുകാർക്കു കിട്ടുകയുള്ളൂ.

കോഴിവളർത്തൽ: 40,500 കോഴികൾ ഇവിടെ ഉണ്ട്. ഇറച്ചിക്കോഴികളെ വളർത്തുന്ന നാലു കേന്ദ്രങ്ങൾ ഉണ്ട്. വീടുകളോടുചേർന്ന് അലഞ്ഞുനടന്നു വളരുന്ന കോഴികളാണ് ഏറെയും. കോഴിവളർത്തൽ രംഗത്ത് വികസിച്ചുവന്നിട്ടുള്ള പുതിയ ശാസ്ത്രീയ സങ്കേതങ്ങൾ ഇവിടെ പ്രയോഗിക്കപ്പെടുന്നില്ല. വൻതോതിൽ ഇറച്ചി/മുട്ടകോഴികളെ വളർത്തുന്ന കൂടുതൽ കേന്ദ്രങ്ങൾക്ക് ഇവിടെ സാദ്ധ്യതയുണ്ട്. കോഴിക്കാഷ്ടം വിശിഷ്ടമായ ജൈവളമാണെങ്കിലും അത് ശരിയായി പ്രയോജനപ്പെടുത്തുന്നില്ല. ഈ നില മാറണം.

താറാവുകൃഷി: വൻതോതിൽ താറാവുകൃഷി നടത്തിക്കൊണ്ടിരുന്ന ചിലവ്യക്തികൾ കുമരകത്ത് ഉണ്ടായിരുന്നു. എന്നാൽ താറാവിനെ കൂട്ടമായി കൊന്നൊടുക്കുന്ന രോഗങ്ങളുടെ ആവിർഭാവത്തോടെ ഈ തൊഴിൽ ഉപേക്ഷിക്കപ്പെട്ടു. 1987ലെ ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം കുമരകത്ത് 5318 താറാവുകളുണ്ടായിരുന്നു. ഇപ്പോൾ ആയിരത്തോളം താറാവുകൾ മാത്രമാണ് ഇവിടെയുള്ളത്.

സംയോജിത കൃഷിയുടെ ഭാഗമായി പാടശേഖരങ്ങളിൽ വൻതോതിൽ താറാവിനെ വളർത്താൻ കഴിയും. ഇതിനുള്ള പദ്ധതികൾ ഉണ്ടാവണം.

മത്സ്യവികസനം-മത്സ്യബന്ധനം: വേമ്പനാട്ടുകായലും, കായലിലേക്ക് ഒഴുകി എത്തുന്ന മീനച്ചിലാറിന്റെ കൈവഴികളും തോടുകളും ആറുകളുമെല്ലാം വിവിധയിനം മത്സ്യസമ്പത്തുകൊണ്ട് സമൃദ്ധമായിരുന്നു. കുമരകത്ത് ഏതാണ്ടെല്ലാ വീടുകളിലും മീൻപിടിക്കുന്ന ഉപകരണങ്ങളുമുണ്ടായിരുന്നു. വീശുവല, തെറ്റാലി, ചൂണ്ട, ഒറ്റാൽ, കൂട് ഇവ ഉപയോഗിച്ച് തോടുകളിൽ നിന്നും നാട്ടുകാർ ഭക്ഷണത്തിനുള്ളമീൻ പിടിക്കുക സാധാരണമായിരുന്നു. കൂർത്തകമ്പി, കുടക്കമ്പി കൊണ്ടുള്ള തെറ്റാലി, തടിത്തെറ്റാലി ഇവ ഉപയോഗിച്ച് കുട്ടികൾ പോലും മീൻപിടിച്ചിരുന്നു. സ്വന്തം കടവിൽ ഉറിവല ഇട്ടും, രണ്ടുവാഴത്തടക്കമ്പുപയോഗിച്ച് പുല്ലടി വച്ചും വീട്ടമ്മമാരും പെൺകുട്ടികളും മീൻപിടിച്ചിരുന്നു. മഴക്കാലത്ത് തോടുകളിൽ നല്ല ഒഴുക്കുള്ളപ്പോൾ മടവലകെട്ടി ധാരാളം മീൻപിടിക്കുമായിരുന്നു. പുഞ്ചകൃഷിക്കുപാടം വറ്റിക്കുമ്പോൾ കോരുവലയും, വട്ടവലയും, ഒറ്റാലും വീശുവലയും പമ്പിംഗ് പെട്ടിമുഖത്ത് വലകെട്ടിയും ധാരാളം മീൻപിടിച്ചിരുന്നു. വേമ്പനാട്ടുകായലിൽ മീൻപിടിക്കുന്ന തൊഴിലാളികൾ ഉടക്കുവല, മുരശുവല, കൂരിവല, വീശുവല ഇവയാണ് ഉപയോഗിച്ചിരുന്നത്. അന്ന് കുമരകംകാർക്കു മത്സ്യം പ്രകൃതിയുടെ ദാനമായിരുന്നു.

കൊഞ്ച്, ചെമ്മീൻ, നാരൻചെമ്മീൻ, കരിമീൻ, കാളാഞ്ചി, കതിരോൻ, പൂമീൻ, പൂക്കത്തി, കുറുവ, കൊമ്പൻ, കാളാഞ്ചി, കണ്ണി, കണമ്പ്, കൂരി, കാരി, മുഷി, വരാൽ, പള്ളത്തി, കല്ലട, ആരാൻ, ചേറുമീൻ, തിരണ്ടി, മുരശ് തുടങ്ങി നിരവധിയിനം രുചികരമായ മത്സ്യങ്ങൾ അന്നു സുലഭമായിരുന്നു. കൂടാതെ നിസാര വിലയ്ക്ക് കടലിൽനിന്നും കൊണ്ടുവരുന്ന മീനും ലഭ്യമായിരുന്നു. കൂരി, പള്ളത്തി, ചെമ്മീൻ തുടങ്ങിയ മീനുകൾ ധാരാളമായി ഉണങ്ങിയെടുത്ത് വിൽക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്നു.

എന്നാൽ തണ്ണീർമുക്കം ബണ്ടും, പുഞ്ചപ്പാടങ്ങളിലെ കടുംകൃഷിയും വന്നതോടെ മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞു. പലയിനം മീനുകളും അപ്രത്യക്ഷമായി. ബണ്ട് അടച്ചിടുമ്പോൾ ജലനിരപ്പ് ഗണ്യമായി താഴുകയും തോടുകളിലേയും കുളങ്ങളിലേയും വെള്ളം വറ്റിവരളുകയും ചെയ്യുന്നു. ഇത് മീൻ മുട്ടയിട്ടുപെരുകുന്ന സ്ഥലങ്ങളും അവയുടെ ആവാസ കേന്ദ്രങ്ങളും ഇല്ലാതാക്കി. ജലാശയങ്ങളിൽ വളർന്നു തിങ്ങിനിറഞ്ഞ പായലുകളും മത്സ്യവളർച്ചയ്ക്കു തടസമായി. കുമരകത്തുധാരാളമായുണ്ടായിരുന്ന കണ്ടൽച്ചെടികളുടെ നാശവും മത്സ്യങ്ങളുടെ പ്രജനനകേന്ദ്രങ്ങളെ ഇല്ലാതാക്കി. ചുരുക്കത്തിൽ ആറുകളിലും തോടുകളിലും മത്സ്യം ഇല്ലാതായി. അതോടെ ഭക്ഷണാവശ്യത്തിനു നാട്ടുകാരെല്ലാം മീൻ പിടിക്കുന്ന രീതിയും അസാധ്യമായി. കടലിലും കായലിലുമായി ജീവിതചക്രം പൂർത്തീകിരിച്ചിരുന്ന നിരവധിയിനം ചെമ്മീനുകളും മറ്റും ബണ്ടു വന്നതോടെ അപ്രത്യക്ഷമായി.

വേമ്പനാട്ടുകായലിൽ ഉടക്കുവലയും വീശുവലയും ഉപയോഗിച്ചും വെള്ള വലിച്ചും പരിചയസമ്പന്നരായ തൊഴിലാളികൾക്കുമാത്രമേ മത്സ്യം പിടിക്കാൻ കഴിയൂ എന്നായി. തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന അവസരത്തിൽ ബണ്ടിനുള്ളിൽ പിടിക്കാൻ അധികം മത്സ്യം ഉണ്ടാവില്ല. അതിനാൽ അക്കാലത്ത് കുമരകത്തു മത്സ്യതൊഴിലാളികൾ ബണ്ടിനുവെളിയിൽ വൈക്കം പ്രദേശത്തു പോയി മീൻ പിടിക്കുന്നു.

മത്സ്യബന്ധനത്തോടൊപ്പം ഇറച്ചിക്കക്കവാരുന്നതും ഇവിടെ സാധാരണമായിരുന്നു. തോടുകളിലും ആറുകളിലും ഇന്ന് കാര്യമായി ഇറച്ചിക്കക്ക ലഭ്യമല്ല. വേമ്പനാട്ടുകായലിൽ ചിലവർഷങ്ങളിൽ നന്നായി കക്ക ലഭിച്ചിരുന്നു. 1995ൽ ധാരാളം ഇറച്ചിക്കക്കലഭ്യമായിരുന്നു. കായലിൽ അല്പം ഉപ്പുവെള്ളം കയറുന്ന അവസ്ഥയുണ്ടാവുമ്പോഴാണ് കക്കാ സമൃദ്ധമായി വിളയുന്നത്. കഴിഞ്ഞ വർഷം തണ്ണീർമുക്കംഷട്ടറിനുണ്ടായ ലീക്കുമൂലം ഉപ്പുവെള്ളം കയറിയത് കക്കാ വളർച്ചയ്ക്ക് അനുകൂലമായി. മറ്റുവർഷങ്ങളിൽ പൊതുവേ ഇറച്ചിക്കക്കയുടെ ലഭ്യതയും കുറയുകയാണുണ്ടായത്.

മത്സ്യലഭ്യത കുറവാണെങ്കിലും മീനിന് നല്ല വിലലഭിക്കുമെന്നതിനാൽ മത്സ്യതൊഴിലാളികളുടെ വരുമാനത്തിൽ വലിയ തകർച്ച ഉണ്ടായതായി കാണുന്നില്ല.

ചിലയിനം മീനുകളുടെ വിലയിൽ വന്നമാറ്റം കാണിക്കുന്ന കണക്ക് താഴെ ചേർക്കുന്നു.

വർഷം	കരിമീൻ (കിലോഗ്രാം വില)	കൊഞ്ച് (കിലോഗ്രാം വില)	കണമ്പ് കിലോഗ്രാം വില)
1981	11.50	30.00	10.60
1982	13.20	35.00	12.00
1983	14.00	40.00	13.00
1984	18.00	42.00	15.00
1985	18.00	48.00	15.00
1986	22.00	60.00	17.00
1987	24.50	60.00	22.50
1988	25.50	70.00	21.00
1989	27.00	75.00	24.00
1990	28.50	80.00	25.00
1991	25.00	100.00	15.00
1992	38.00	150.00	40.00
1993	47.00	180.00	45.00
1994	47.00	200.00	47.00
1995	50.00	200.00	50.00
1996	55.00	210.00	55.00

(1991-ൽ കരിമീനും കണമ്പിനും വിലയിടിവു കാണുന്നത് മത്സ്യരോഗം മൂലമായിരുന്നു)

മത്സ്യവിലയിലെ ഈ മാറ്റം കുട്ടനാടിന്റെയോ കുമരകത്തിന്റെയോമാത്രം പ്രത്യേകതയല്ല. കടലിൽ നിന്നുള്ള മത്സ്യവരവ് കുറഞ്ഞതും ഇതിനു കാരണമാണ്. ഈ വിലവർധനയും സ്വന്തമായി മീൻപിടിക്കൽ അസാധ്യമായി വരികയും ചെയ്തതോടെ പാവങ്ങളുടെ പാത്രത്തിൽ മത്സ്യം നിഷേധിക്കപ്പെട്ടു. ഇത് ഇക്കൂട്ടർക്ക് ചില പോഷകാഹാരപ്രശ്നവും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

മത്സ്യബന്ധനം ഉപജീവനമാർഗമായി സ്വീകരിച്ചിട്ടുള്ളവരുടെ എണ്ണം 1600-ൽപരമാണ്

മത്സ്യതൊഴിലാളികൾ ഇന്ന് സംഘടിതരാണ്. അവർക്ക് യൂണിയനുണ്ട് 3 സഹകരണ സംഘങ്ങളിലൂടെ മത്സ്യവിപണനം നടത്തുന്നുണ്ട്. ഒപ്പം കുറേ സ്വകാര്യവ്യാപാരികളും വിപണനത്തെസഹായിക്കുന്നു. മത്സ്യകച്ചവടക്കാർക്കും യൂണിയനുണ്ട്.

മത്സ്യതൊഴിലാളി ക്ഷേമനിധിബോർഡിന്റെ ഒരു പ്രാദേശിക ഓഫീസ് കുമരകത്ത് പള്ളിച്ചിറയിൽ പ്രവർത്തിക്കുന്നു. കുമരകത്തുള്ള 797തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാണ്. 124പേർക്ക് പെൻഷൻ ലഭിക്കുന്നു. 85രൂപയാണ് പ്രതിമാസപെൻഷൻ. എന്നാൽ അത് കൃത്യമായി കിട്ടുന്നില്ല. ഇപ്പോൾ 20മാസത്തെ പെൻഷൻ കുടിശികയാണ്. ക്ഷേമനിധി ബോർഡുവഴി കുമരകത്തു ലഭിച്ച ആനുകൂല്യങ്ങളുടെ വിവരം താഴെ ചേർക്കുന്നു. മത്സ്യബന്ധനസമയത്ത് മരണപ്പെട്ട 4തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 15,000/- രൂപ വീതം നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. അപകടനഷ്ടപരിഹാരം എന്ന നിലയിൽ ചിലർക്ക് നാമമാത്രമായ തുക ലഭിച്ചിട്ടുണ്ട്. പെൺമക്കളുടെ വിവാഹധനസഹായമായി 1500 രൂപ വീതംകിട്ടിയിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വളരെ വിഷമകരമായ നടപടിക്രമങ്ങളാണ് നിലവിലുള്ളത്.

മത്സ്യകൃഷി: അടുത്ത കാലത്തായി ചില പുഞ്ചപ്പാടങ്ങളിൽ നെൽകൃഷിക്കുശേഷം മത്സ്യകൃഷി നടത്തുന്ന രീതി തുടങ്ങിയിരിക്കുന്നു. ഇവിടെ മീൻ പിടിക്കുന്നതിന് കിലോഗ്രാമിന് 2രൂപ പ്രകാരമാണ് കൂലി.

ആയിരത്തിയറുനൂറിലധികം കുടുംബങ്ങളുടെ ഉപജീവനമാർഗവും ഏതാണ്ടുമുഴുവൻ ജനങ്ങളുടെയും ആഹാരവുമാണ് മത്സ്യം. തണ്ണീർമുക്കം ബണ്ട് ഇവിടെ മത്സ്യസമ്പത്തിനേല്പിച്ച ആഘാതം നമുക്കുപരിഹരിക്കുവാൻ കഴിയേണ്ടതാണ്. തണ്ണീർമുക്കം ബണ്ട് വളരെ അത്യാവശ്യമായ കാലത്തേക്കു മാത്രം അടച്ചിടുകയും അല്ലാത്തപ്പോൾ പൂർണ്ണമായും തുറന്നിടുകയും ചെയ്യേണ്ടതാണ്.

വേമ്പനാട്ടുകായൽ പോലുള്ള പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് അവവളർന്നുവരുമ്പോൾ മത്സ്യതൊഴിലാളികൾക്കു പിടിക്കാൻ കഴിയുന്ന സാഹചര്യം ഒരുക്കണം.

പുഞ്ചനിലങ്ങളിൽ ഒരു നെൽകൃഷിയും തുടർന്ന് മത്സ്യ കൃഷിയും നടപ്പിലാക്കണം. നമ്മുടെ സ്വകാര്യതോടുകളിൽ വെള്ളം പമ്പു ചെയ്തു നിർത്തിക്കൊണ്ട് മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന നഴ്സറികളാക്കിമാറ്റുകയും കൊയ്ത്തുകഴിഞ്ഞാൽ അവയെ നെൽപ്പാടത്തു നിക്ഷേപിച്ചു വളർത്തുവാനും കഴിയണം. ഇങ്ങനെ കൂടുതൽ മത്സ്യം വളർത്താൻ അത് മത്സ്യതൊഴിലാളികൾക്കും കർഷകർക്കും പ്രയോജനപ്രദമായിരിക്കും.

മത്സ്യവികസനത്തോടൊപ്പം പുതിയ ഹാച്ചറികൾക്കും നഴ്സറികൾക്കും ഐസ്ഫാക്ടറികൾക്കും സാധ്യതയേറും. ഈ സംരംഭം വിജയിച്ചാൽ അത് മത്സ്യതൊഴിലാളികൾക്കുമാത്രമല്ല നാടിന്റെറയാകെ സമ്പത്ഘടനയ്ക്ക് ഗുണകരമാവും. മത്സ്യതൊഴിലാളികൾക്ക് ഇന്നു നിലവിലുള്ള ക്ഷേമപദ്ധതിയുടെ ആനുകൂല്യങ്ങൾ തുശ്ചവും യഥാവസരം കിട്ടാത്തതുമാണ്. ക്ഷേമപദ്ധതികൾമൂലം കിട്ടുന്ന സഹായങ്ങൾ ഫലപ്രദമാക്കാൻ കഴിയുന്നില്ല. ഈ രംഗത്ത് ബഹുജന ഇടപെടൽ ഫലപ്രദമാക്കണം.

കുമരകത്തിന് തൊട്ടടുത്തുള്ള വേമ്പനാട്ടകായലിലും മറ്റുജലാശയങ്ങളിലും കൃത്രിമമായി ഉല്പാദിപ്പിക്കുന്ന ലക്ഷക്കണക്കിനെ മത്സ്യകുഞ്ഞുങ്ങളെയും, കൊഞ്ചുകുഞ്ഞുങ്ങളെയും വിതച്ച് വളർത്തിയെടുക്കുവാൻ കഴിയും. ഈ സാദ്ധ്യതപ്രയോഗിച്ചാൽ മത്സ്യതൊഴലാളികളുടെ വരുമാനവും, മത്സ്യ ഉല്പാദനവും ഗണ്യമായി ഉയർത്താൻ കഴിയും.




ഒപ്പം വർദ്ധിച്ച മത്സ്യ ഉല്പാദനം വിറ്റഴിക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തണം.

ചെറുമത്സ്യങ്ങളെ കൊന്നൊടുക്കുന്ന അടക്കം കൊല്ലി വല, പറ്റുകണ്ണിവലകൾ, നഞ്ചുകലക്കൽ, തോട്ടാപ്രയോഗം ഇവ കർശനമായും നിരോധിക്കുകയും ഈ നിരോധനം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും വേണം.

കറുത്തകക്ക

വേമ്പനാട്ടുകായലിൽ സമൃദ്ധമായി വിളയുന്ന മറ്റൊരു സമ്പത്താണ് ഇറച്ചികക്ക. ഇറച്ചികക്ക വാരുന്നവരെ മത്സ്യ



കുമരകം കായലിൽ സുലഭമായ ഇറച്ചിക്കക്ക ജപ്പാനിലെ
ഒരു കടയിൽ വില്പനയ്ക്കുവച്ചിരിക്കുന്നതിന്റെറ
ചിത്രം സഹിതമുള്ള പരസ്യമാണ് മുകളിൽ.
"വേനൽക്കാലത്തു ക്ഷീണം തോന്നുമ്പോൾ ഖായി(കക്കയിറച്ചി) ഭക്ഷിക്കൂ"
എന്നതാണ് പരസ്യവാചകം.
തോടുൾപ്പടെയുള്ള ഇറച്ചികക്ക 100ഗ്രാമിന്റെറ വിലയും എഴുതിയിരിക്കുന്നു.
വിലയെന്തെന്നോ? 98യെൻ (30രൂപ). നമ്മുടെ ഇറച്ചിക്കക്ക
വിമാനത്തിൽ കയറ്റി അയച്ചു പോലും വിദേശമാർക്കറ്റിൽ വിൽക്കാനുള്ള
സാധ്യതയാണ് ഈ പരസ്യം വ്യക്തമാക്കുന്നത്. ഇവിടെ
കിലോഗ്രാമിന് 2രൂപ കിട്ടുന്ന കക്കയ്ക്ക് ജപ്പാനിലെ
വിൽപ്പനവില 300രൂപയാണ്.


ത്തൊഴിലാലികളായി പരിഗണിക്കപ്പെടുന്നു. ഇരുനൂറോളം പേർ ഇറച്ചികക്ക വാരി ഉപജീവനം നടത്തുന്നു. 1995-96ൽ വേമ്പനാട്ടുകായലിൽ ഇറച്ചികക്കയുടെ അത്ഭുത പൂർവ്വമായ ഉല്പാദനവർദ്ധനവ് കാണുകയുണ്ടായി. നിരവധിപേർ വൻതോതിൽ ഇറച്ചികക്കവാരി ഇറച്ചിയെടുക്കാതെ കക്കാവിലയ്ക്ക് അളന്നുനൽകി. പതിവിലും നേരത്തെ ബണ്ടുതുറന്നതുമൂലം അല്പം ഉപ്പുകയറിയ സാഹചര്യത്തിലാണ് ഈ ഉല്പാദനവളർച്ച ഉണ്ടായതെന്ന് കരുതുന്നു.

ഇറച്ചികക്കയുടെ കുഞ്ഞുങ്ങളെയും കൃത്രിമമായി ഉല്പാദിപ്പിക്കുവാനും ജലാശയങ്ങളിൽ വൻതോതിൽ വളർത്തിയെടുക്കുവാനും കഴിയും. ഈ സാദ്ധ്യത വേമ്പനാട്ടുകായലിൽ പ്രയോഗിക്കപ്പെടണം.

മത്സ്യതൊഴിലാളികൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ മത്സ്യകൃഷി സംഘടിപ്പിക്കുവാനുള്ള സഹായങ്ങൾ നൽകണം.

തണ്ണീർമുക്കം ബണ്ട് യഥാകാലം തുറക്കണം.

മത്സ്യസമ്പത്ത് തിന്നൊടുക്കുന്ന വേമ്പനാട്ട്കായലിലെ നീർകാക്കകളുടെ ബാഹുല്യം തടയണം. ●



5:3

വ്യവസായം ടൂറിസം

വ്യാവസായികരംഗത്ത് കുമരകം വളരെ പിന്നിലാണ്. കക്ക നീറ്റി കുമ്മായം ഉണ്ടാക്കുക, വള്ളം പണി, മീനുണക്കൽ ഇവയായിരുന്നു പരമ്പരാഗതമായുണ്ടായിരുന്ന തൊഴിൽ. ഇതിൽ മത്സ്യം ഉണക്കും വള്ളംപണിയും ഇല്ലാതായി. കുമ്മായച്ചൂളകൾ പഴയ രീതിയിൽ ഇന്നും തുടരുന്നു.

കുമരകത്തിന്റെ കാർഷികവിഭവങ്ങൾ മൂല്യം വർദ്ധിപ്പിച്ച ഉല്പന്നങ്ങളാക്കി വിദൂരസ്ഥലങ്ങളിൽ വിൽക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായണം. ഗ്രാമത്തിനു സമുചിതമായ വ്യവസായങ്ങൾ ഇതാണ്. നമ്മുടെ കാർഷികോല്പാദനം താഴെ വിവരിക്കുന്നു.

നെല്ല്	46425 ടൺ
തേങ്ങ	60.48 ലക്ഷം
പാക്ക്	1.2 ലക്ഷം
കൊക്കോ	84 ടൺ

വേമ്പനാട്ടുകായലിൽ നിന്നും കുമരകംകാർവാരിയെടുക്കുന്ന ഒരു വിലപ്പെട്ട വ്യാവസായിക അസംസ്കൃത സാധനമാണ് കക്ക. വെള്ളകക്കയും ഇറച്ചിക്കക്കയുമുണ്ട്. അവയുടെ വാർഷികഉല്പാദനം താഴെ ചേർക്കുന്നു.

വെള്ളക്കക്ക	30,000 ടൺ
കറുത്തകക്ക (ഇറച്ചിക്കക്ക)	500 ടൺ

കുമരകത്തുനിന്നുള്ള വെള്ളക്കക്കയിൽ ചെറിയൊരംശം മാത്രമാണ് ഇവിടെ നീറ്റി കുമ്മായമാക്കുന്നത്. ബാക്കിമുഴുവൻ തമിഴ്നാട്ടിലെ കാത്സ്യം കാർബൈഡ് കമ്പനികൾക്കും കോഴിത്തീറ്റ ഫാക്ടറികൾക്കുമായി കയറ്റി അയക്കുന്നു. കക്കായുടെ വമ്പിച്ച വിലവർദ്ധനമൂലം നാട്ടിൽ കുമ്മായത്തിന് വിൽപനകുറഞ്ഞിരിക്കുന്നു. കെട്ടിടനിർമ്മാണം, കൃഷി ഇവയ്ക്ക് കുമ്മായം ഉപയോഗിക്കുന്ന രീതിയും വളരെ കുറഞ്ഞുവരികയാണ്. ബോർഡോ മിശ്രിതം ഉണ്ടാക്കുന്നതിന് വെള്ളകക്കാ നൽകുന്നത് കുമരകത്തുള്ള ചൂളകളിൽ നിന്നു കൂടിയാണ്.

കുമരകത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

കാർഷികാധിഷ്ഠിതം (നെല്ലുപുഴുക്ക്, അവൽ നിർമ്മാണം, കൊപ്രായുണക്ക്, എണ്ണയാട്ട്)	28
തടി (ഫർണിച്ചർ, അറക്കമിൽ)	16
തുണി (വസ്ത്രനിർമ്മാണം)	7
കെമിക്കൽസ്	2
എൻജിനീയറിംഗ്	4
ഇലക്ട്രോണിക്സ്	1
കക്ക	6
കെട്ടിട ഉപകരണങ്ങൾ	5
മറ്റുള്ളവ	21
ആകെ	90

കൂട്ടിച്ചേർക്കുന്ന മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ ഈ വ്യവസായങ്ങൾ വളരെ ദുർബലമാണ്. 300 ഓളം തൊഴിലാളികൾ മാത്രമാണ് ഇതിൽ ജോലി ചെയ്യുന്നവർ.

മനോഹരമായ പായ്ക്കറ്റിൽ 'ബ്രാൻഡഡ് റൈസ്' വില്പന വളരെയധികം മാർക്കറ്റ് പിടിച്ചടക്കി മുന്നേറു

ന്നു. ആകെ വിൽക്കപ്പെടുന്ന അരിയുടെ 15 ശതമാനം ഇത്തരം അരിയാണ്. ധാരാളം നെല്ല് രണ്ടുകൃഷിയിലൂടെ ലഭിക്കുന്ന കുമരകത്തു ഇത്തരം അരിയുണ്ടാക്കുന്ന മോഡേൺ റൈസ് മില്ലുകൾക്ക് ഏറെ സാധ്യതയുണ്ട്. നെല്ലിൽനിന്നും അവൽ ഉല്പാദിപ്പിച്ചും പായ്ക്കറ്റുകളിൽ വില്പന നടത്താം. ഈ സാധ്യതയെയും പ്രയോജനപ്പെടുത്തണം.

തേങ്ങ മടപ്പുറം വില്പനയാണു നടക്കുന്നത്. മുൻപ് ഒരു ഡസനോളം തേങ്ങ ഉണക്കു കേന്ദ്രങ്ങളുണ്ടായിരുന്നെങ്കിൽ ഇന്ന് 2 എണ്ണം മാത്രമാണുള്ളത്. തേങ്ങ വേഗം ഉണക്കി കൊപ്രായാക്കി മില്ലിൽ ആട്ടിയെടുത്തു മേൽത്തരം വെളിച്ചെണ്ണ നിർമ്മിച്ച് ബ്രാണ്ട്നെയ്മിൽ വിപണനം നടത്തി ലാഭമുണ്ടാക്കുന്ന വ്യവസായത്തിന് ഇവിടെ സാധ്യതയുണ്ട്. തേങ്ങ ഉണങ്ങുന്നത് വികേന്ദ്രീകൃതമാക്കുകയും അവ എക്സ്പ്പെല്ലറുകളിൽ ആട്ടി പ്രത്യേക പായ്ക്കിംഗിലും പേരിലും മാർക്കറ്റിലിറക്കാൻ കഴിയും.

നെല്ലും കൊപ്രയും പ്രോസസ് ചെയ്യുന്നതിലൂടെ ലഭിക്കുന്ന തവിടും പിണ്ണാക്കും കാലിത്തീറ്റ കോഴിത്തീറ്റ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുവാണ്. ഇതുപയോഗിച്ച് ഇത്തരം വ്യവസായങ്ങളും ആരംഭിക്കുവാൻ കഴിയും.

തയ്യൽ അഭ്യസിച്ച നിരവധി വനിതകളും പുരുഷന്മാരും നാട്ടിലുണ്ട്. ആധുനിക ഡിസൈനിംഗ്, കട്ടിംഗ് സമ്പ്രദായം ഇവ കേന്ദ്രീകൃതമായി ചെയ്തുകൊണ്ട്, തയ്യൽ ജോലി വീടുകളിൽ നടത്താവുന്നതാണ്. ഇപ്രകാരം ഉല്പാദിപ്പിക്കപ്പെടുന്ന വസ്ത്രങ്ങൾ കച്ചവടനാമം ഉപയോഗിച്ച് മാർക്കറ്റ് ചെയ്യാൻ കഴിയണം.

ഇറച്ചികക്ക വികസിത രാജ്യത്ത് നല്ലവിലകിട്ടുന്ന വിഭവമാണ്. വെള്ളകക്കയാവട്ടെ കാത്സ്യം കാർബൈഡ് പോലെ കൂടുതൽ മൂല്യം കൂട്ടിച്ചേർക്കാവുന്ന വിഭവങ്ങളാക്കി മാറ്റുന്ന കാര്യം നാം ഗൗരവമായി ചിന്തിക്കണം.

വ്യവസായസംരംഭങ്ങൾക്ക് പണം ലഭിക്കാൻ കാര്യമായ ബുദ്ധിമുട്ട് ഉണ്ടാവില്ല. കുമരകത്തെ ദേശസാൽകൃത ബാങ്കിൽ ലഭിക്കുന്ന നിക്ഷേപത്തിന്റെ അഞ്ചിലൊന്നു പോലും ഇവിടെ മുടക്കുവാൻ അവർക്കുകഴിയുന്നില്ല. ജീവനക്ഷമമായ പ്രോജക്ടുകൾക്ക് പണം ലഭിക്കാനുള്ള സാധ്യത നന്നായുണ്ട്.

ഗ്രാമത്തിന്റെ വ്യവസായിക വികസനത്തിന് ഒരു സിരാകേന്ദ്രം ആവശ്യമാണ്. പൊതുമേഖലയിൽ ഒന്നോ രണ്ടോ വ്യവസായ എസ്റ്റേറ്റ് പണികഴിപ്പിക്കണം. വ്യവസായ സംരംഭങ്ങൾക്ക് കെട്ടിടം പണിയാൻ സൗകര്യപ്രദമായ സ്ഥലം ഇവിടെ നൽകണം. എല്ലാ വ്യവസായങ്ങൾക്കുംസഹായകരമായ സെക്രട്ടേറിയൽ അസിസ്റ്റൻസ് പീസ് റേറ്റിൽ നൽകുന്നതിനുള്ള സംവിധാനം വ്യവസായ എസ്റ്റേറ്റിംഗ് സാധ്യതകൾ പഠിക്കുക, പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക ഇടക്കിടെ ആധുനിക സാങ്കേതിക വിദ്യയും മാനേജ്മെന്റ് ടെക്നിക്കുകളും ഉപയോഗിക്കാൻ പ്രാപ്തരാക്കുന്ന പരിശീലന പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങൾ പഞ്ചായത്തുതലത്തിൽസംഘടിപ്പിക്കപ്പെടണം.

വികേന്ദ്രീകൃതമായ ഉല്പാദനവും കേന്ദ്രീകൃതമായ കാളിറ്റികൺട്രോൾ, മാർക്കറ്റിംഗ് ഇവയും റിസ്ക്ക് കുറക്കുന്ന രീതിയാണ്.

കുമരകത്തെ പുഞ്ചപ്പാടങ്ങളിലും കായലുകളിലും വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യം വളർത്തുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണം. ഈ മേഖലയുടെ വളർച്ച ധാരാളം അനുബന്ധ വ്യവസായങ്ങൾക്കുള്ള സാധ്യതതുറക്കും. ഹാച്ചറി, നെൽവയലുകളിൽ വളർത്താൻ മത്സ്യക്കുഞ്ഞുങ്ങളെ നൽകുന്ന നഴ്സറികൾ, ഐസ് ഉല്പാദനം, ശീതീകരണ കേന്ദ്രങ്ങൾ ഇവയ്ക്കുള്ള സാധ്യത ഏറും.

കായലിലെ ചെളി ഉപയോഗിച്ച് ഇഷ്ടിക നിർമ്മിക്കുന്നതിന് കുമരകത്ത് ഒരു യുവശാസ്ത്രജ്ഞൻ കണ്ടെത്തിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാൽ വൻതോതിൽ ഇഷ്ടിക നിർമ്മാണത്തിനു സാധ്യതയുണ്ട്.

സോപ്പ്, മെഴുകുതിരി, കറിപ്പൊടി, തുടങ്ങിയ കുടിൽ വ്യവസായങ്ങളുടെ സാധ്യതയും നാം പ്രയോജനപ്പെടുത്തണം.

ടൂറിസം: വേമ്പനാട്ടു കായലിന്റെ തീരത്തുള്ള കുമരകം ലോകശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുന്ന ടൂറിസ്റ്റു കേന്ദ്രമായി മാറിയിരിക്കുന്നു. താജ് ഗാർഡൻ റിട്രീറ്റ്, കോക്കനട്ട് ലഗൂൺ എന്നീ രണ്ട് ആധുനിക ഹോട്ടലുകൾക്ക് ഇവിടെ വൻബിസിനസ് കിട്ടുന്നുണ്ട്. കൂടുതൽ ഹോട്ടലുകൾ ആരംഭിക്കുന്നതിന് വെളിയിൽ നിന്നുള്ള നിരവധി സംരഭകർ ഇവിടെയെത്തിക്കൊണ്ടിരിക്കുന്നു. സെന്റിന് 1000-2000 രൂപ വില ഉണ്ടായിരുന്ന കായൽ തീരത്തെ ഭൂമിക്ക് 20,000-30,000 രൂപ വിലയാണിന്ന്. നമ്മുടെ കായൽതീരം മുഴുവൻ വൻകിടക്കാർ വിലയ്ക്കു വാങ്ങി മതിലുകെട്ടി സാധാരണക്കാർക്ക് കായലിന്റെ ഭംഗിയും സുഖവും അപ്രാപ്യമാക്കുന്നുണ്ട്.

അല്പം മാനസികോല്ലാസത്തിന് സാധാരണക്കാർക്കും കുട്ടികൾക്കും കായലിന്റെ തീരത്ത് വന്നിരിക്കുവാനുള്ള ഒരു സ്ഥലം പൊതുവായുണ്ടാവണം. കെ.ടി.ഡി.സി. നാട്ടുകാരായ ടൂറിസ്റ്റുകളെകൂടി ഉൾക്കൊള്ളാൻ കഴിയുന്ന സംവിധാനങ്ങൾ ഇവിടെ ഒരുക്കണം.

വെളിയിൽ നിന്ന് ഇവിടെയെത്തുന്ന ടൂറിസ്റ്റുകളെ സ്വീകരിച്ച് താമസിപ്പിക്കാൻ പേയിംഗ് ഗസ്റ്റ് സമ്പ്രദായം വീടുകളിൽ പ്രോത്സാഹിപ്പിക്കണം. ടൂറിസ്റ്റുകൾക്ക് നാട് ആകർഷകമാക്കാൻ ഇന്നുള്ള ജലമലിനീകരണം ഇല്ലാതാക്കണം. റോഡുകളുടെ ശോചനീയസ്ഥിതി മാറ്റണം.



5:4

വിദ്യാഭ്യാസം

1868 ൽ ഇരുപത്തഞ്ചോ മുപ്പതോ കുട്ടികൾവീത മുള്ള രണ്ടു ക്ലാസുകളുമായി കുമരകത്തിന്റെ തെക്കുഭാ ഗത്ത് സ്ഥാപിതമായ ഒരു എഴുത്തുപള്ളിയാണ് കുമര കത്തെ ഇപ്പോഴത്തെ SLB സ്ക്കൂൾ ആദ്യത്തെ ഔപചാ രിക സ്ക്കൂളിന് ജന്മം നൽകിയത്. 1888 ൽ ഈ വിദ്യാലയം കോയിക്കൽ പുരയിടത്തിൽരാമപ്പണിക്കർ പണി കഴിപ്പിച്ച കെട്ടിടത്തിലേയ്ക്കുമാറ്റി നാലു ക്ലാസ്സുകളുള്ള എലിമെന്ററി സ്ക്കുളായി വികസിപ്പിച്ചു. 1898 ലാണ് ഇന്നത്തെ ഗവ. യുപിസ്ക്കുളിരിക്കുന്ന സ്ഥലത്ത് പുതിയ കെട്ടിടം പണിത് മാറ്റി സ്ഥാപിച്ചത്.

ഈ കെട്ടിടം ഉദ്ഘാടനം ചെയ്യാൻ എത്തിയ ദിവാൻ പി. രാജഗോപാലാചാരിയെ കളിവള്ളങ്ങളുടെ അകമ്പടിയോടെ സ്വീകരിച്ചാനയിച്ചു. അന്നു സ്ക്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ കുമരകത്തിന്റെ എല്ലാഭാഗങ്ങളിൽനിന്നും പണിക്കാരെത്തിയിരുന്നു. തുടർന്ന് 5,6 ക്ലാസ്സുകൾകൂടി ചേർത്ത് ഹയർ ഗ്രേഡ് വെർണാ ക്കുലർ സ്ക്കൂളാക്കി. പിന്നീട് 7-ാം ക്ലാസുകൂടി കൂട്ടി ച്ചേർത്തു.

1886ലാണ് ജി.എ.ബേക്കർ ആനിബേക്കർ മെമ്മോ റിയൽ സ്ക്കൂൾ ആരംഭിച്ചത്. ഇത് യാതോരു യാത്രാ സൗകര്യവുമില്ലാതിരുന്ന കരിയിൽ പ്രദേശത്തെ സാധാര ണക്കാർക്കനുഗ്രഹമായി.

കുമരകത്തെ പ്രധാനപ്പെട്ട നാല് ക്രൈസ്തവ ദേവാ ലയങ്ങളോടനുബന്ധിച്ചും സ്ക്കൂളുകൾ നിർമ്മിക്കപ്പെട്ടു.

കുമരകത്തെ ഈഴവരും മുൻകൈ എടുത്ത് ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചു. തുടർന്ന് അത് സർക്കാ രിലേക്ക് വിട്ടുകൊടുക്കുകയും ചെയ്തു.

എഴുപതുകളുടെ അന്ത്യത്തിൽ മൗണ്ട്കാർമ്മൽ എന്ന പേരിൽ ആരംഭിച്ച അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ഇടക്കാലത്ത് പ്രവർത്തനം നിർത്തേ ണ്ടിവന്നു. എന്നാൽ അടുത്ത കാലത്തായികന്യാസ്ത്രീക ളുടെ മേൽനോട്ടത്തിൽ പുതിയ രണ്ട് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ആരംഭിച്ചത് നല്ലനിലയിൽ നടന്നുവരുന്നു.

സർക്കാർ സ്ക്കൂളുകളിൽ ഈഴവർക്ക് പ്രവേശനം ലഭിച്ചത് 1910-നു ശേഷമാണ്. ഇതിനെതിരെ സവർണ്ണ വിഭാഗം ഒട്ടേറെ ഉപദ്രവങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 1917-ൽ തെക്കുംഭാഗത്ത് സ്ക്കൂളിൽ ജോലിയിൽ പ്രവേശിച്ച കെ. കെ. വേലുപ്പണിക്കരായിരുന്നു കുമരകത്തെ ആദ്യ ഈഴവ അദ്ധ്യാപകൻ. കാരാപ്പുഴയിൽ താമസിച്ചിരുന്ന ഇദ്ദേഹം വേളൂരുള്ള രാമൻപിള്ളയുമായി ചേർന്ന് നട ന്നും നീന്തിയുമാണ് അന്ന് കുമരകത്തെത്തി പഠിപ്പിച്ചിരു ന്നത്.

1930-നുശേഷമാണ് പുലയ വിദ്യാർത്ഥികൾ സ്ക്കൂ ളുകളിൽ എത്താൻ തുടങ്ങിയത്. ഏഴാം ക്ലാസ് കഴി ഞ്ഞാൽ കോട്ടയത്തുപോയാണ് ഉപരിവിദ്യാഭ്യാസം നേടി യിരുന്നത്.

നാരായണഗുരുവിന്റെ കുമരകം സന്ദർശനവും പിന്നോക്ക വിഭാഗങ്ങളിൽ അക്കാലത്തുണ്ടായ ഉയർത്തെ ഴുന്നേല്പും "വിദ്യകൊണ്ടു പ്രബുദ്ധരാവാൻ" പ്രചോദന മായി തീർന്നു.

എങ്കിലും വളരെ വ്യത്തിഹീനമായ പരിതസ്ഥിതിയിൽ കഴിഞ്ഞ് സ്ക്കൂളിൽ എത്തുന്നവർക്ക് ഉണ്ടാകുന്ന കര പ്പൻ ചൊറി തുടങ്ങിയ രോഗങ്ങളും അച്ഛന്റെ മദ്യപാന വും കുടുംബകലഹങ്ങളും അന്നത്തെ കുട്ടികളുടെ പഠ നത്തെ ഏറെബാധിച്ച കാര്യങ്ങളായിരുന്നു.

ഈ വെല്ലുവിളികളെയെല്ലാം അതിജീവിച്ച് കുമര കത്തെ ജനങ്ങൾ വിദ്യയാർജ്ജിക്കുന്നതിൽ ഏറെ താല്പര്യം എടുത്തിരുന്നു. കുമരകംകാരുടെ വിദ്യാഭ്യാസ പുരോഗതി കാണിക്കുന്ന ആദ്യത്തെ കാനേഷുമാരി 1941 ലേതാണ്. അന്നുപോലും കുമരകത്തിന്റെ സാക്ഷരതാ ശതമാനം 61.10 ആയിരുന്നു.

ഇന്നു കുമരകത്ത് ഒരു ഹയർസെക്കണ്ടറിസ്ക്കൂളും,

ഒരു ഹൈസ്ക്കൂളും, മൂന്ന് യു.പി. സ്ക്കൂളുകളും, ഒമ്പത് എൽ.പി. സ്ക്കൂളുകളും, എട്ട് നേഴ്സറിസ്കൂളും ഉണ്ട്. നേഴ്സറികളിൽ മൂന്നെണ്ണം സർക്കാർ സ്കൂളിനോടനുബന്ധിച്ച് പി.ടി.എ. നടത്തുന്നതാണ്. മറ്റുള്ളവയിൽ ഒരെണ്ണം എസ്സ്.എൻ.ഡി.പി.യും ഒന്ന് എൻ.എസ്സ്.എസ്സ് ഉം മൂന്നെണ്ണം പള്ളികളോടനുബന്ധിച്ചും നടത്തുന്നതാണ്.

വിദ്യാഭ്യാസത്തിനായി കുട്ടികൾക്കു വേണ്ടി സർക്കാർ ചെലവിടുന്ന തുകയുടെ കണക്കാണ് താഴെ ചേർക്കുന്നത്.

	വിദ്യാർത്ഥികളുടെ എണ്ണം	ഒരോ കുട്ടിക്കും ചെലവ്	സ്ക്കൂളിന്റെ മൊത്തം ചെലവ്
പ്രൈമറി സ്ക്കൂൾ			
വിദ്യാർത്ഥികൾ	1,974	3,412	67,35,288
ഹൈസ്ക്കൂൾതലം	1,780	2,403	42,77,340
വെക്കേഷണൽ			
ഹയർ സെക്കണ്ടറി	150	1,742	2,61,300
മൊത്തം രൂപ			**1,12,73,928**

പഠനം പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

ഇനം	എണ്ണം
പട്ടികജാതിക്കാർക്ക് ലംപ്സം ഗ്രാൻറ്	174
പട്ടികവർഗം ഗ്രാൻറ്	8
വികാലാംഗസ്ക്കോളർഷിപ്പ്	16
മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള ധനസഹായം	195
മെറിറ്റ് സ്ക്കോളർഷിപ്പ്	158
മറ്റുപിന്നോക്ക ജാതിക്കാർക്കുള്ള ധനസഹായം	387
ആകെ	**938**

കുമരകത്തെ സ്ക്കൂളുകളിൽ കഴിഞ്ഞ 5 വർഷത്തെ എസ്. എസ്. എൽ. സി വിജയശതമാനം താഴെചേർക്കുന്നു.

	91-92	92-93	93-94	94-95	95-96
1. ഗവ. ഹൈസ്ക്കൂൾ	43.3	41.0	46.5	45.0	43.2
2. S.K.M. ഹൈസ്ക്കൂൾ	60.0	69.5	67.0	63.0	58.0

വിജയശതമാനം കൂടുതൽ നേടുന്ന സ്ക്കൂളിലെ കുട്ടികൾ കായിക കലാമേഖലകളിൽ അത്ര ശ്രദ്ധിക്കുന്നതായി കാണുന്നില്ല പട്ടിക നോക്കുക.

കായികകലാ പ്രതിഭകൾ—രണ്ട് ഹൈസ്ക്കൂളുകളിലും

സ്ക്കൂൾ	ജില്ലാതല വിജയികൾ ആൺ	പെൺ	സംസ്ഥാനതല ജേതാക്കൾ ആൺ	പെൺ
ഗവ. ഹൈസ്ക്കൂൾ	50	1	9	9
SKM ഹൈസ്ക്കൂൾ	1	1		

കുമരകത്തെ കുട്ടികൾ കായികരംഗത്ത് വളരെ പിന്നിലാണ്. നീന്തൽമത്സരങ്ങളിലാണ് ഗവ. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ ജില്ലാ സംസ്ഥാനതലങ്ങളിൽ സമ്മാനിതരായത്. SKM ഹൈസ്ക്കൂളിലെ രണ്ടു ജേതാക്കൾക്ക് സമ്മാനം യുവജനോത്സത്തിനുലഭിച്ചതാണ്.

പഠനനിലവാരം ഇവിടത്തെ സ്ക്കൂളുകളിൽ പൊതുവേ മോശമാണ്. 30 ശതമാനത്തിൽ കുറവു മാർക്കുനേടുന്നവരുടെ എണ്ണം മിക്ക സ്ക്കൂളുകളിലും 20 ശതമാനത്തോളം വരും. അറുപതു ശതമാനത്തിലേറെ മാർക്കു നേടുന്നവരാകട്ടെ 15 ശതമാനത്തിനു താഴെ മാത്രമാണു നിൽക്കുന്നത്.

പഠന സൗകര്യങ്ങളുടെ കാര്യത്തിലും നമ്മുടെ സ്ക്കൂളുകൾ അത്ര മെച്ചത്തിലല്ല. ആവശ്യത്തിനു ബ്ലാക്ക് ബോർഡുകൾ എല്ലാ സ്ക്കൂളുകളിലുമുണ്ട്. എന്നാൽ പഠനത്തെ സഹായിക്കാൻ കഴിയുന്ന മറ്റുപകരണങ്ങളുടെ കാര്യത്തിൽ എല്ലാ സ്ക്കൂളും ദരിദ്രം. ഓവർ ഹെഡ്പ്രൊജക്ടർ, ടി.വി, വി.സി.ആർ, ഫിലിം പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ തുടങ്ങിയ ദൃശ്യശ്രാവ്യ ഉപകരണങ്ങൾ എങ്ങും ലഭ്യമല്ല. കുട്ടികൾക്കാവശ്യമായ കളിസ്ഥലങ്ങൾ മിക്ക സ്ക്കൂളുകളിലുമില്ല. കുമരകം പഞ്ചായത്തു എൽ.പി.സ്ക്കൂളിന്റെ കാര്യം വളരെ ശോചനീയമാണ്. എല്ലാവെള്ളപ്പൊക്കത്തിനും അവിടെ വെള്ളം കയറും സ്ക്കൂളിനടുത്ത് സ്ഥലമുണ്ടെങ്കിലും അതു നികത്തിയെടുത്തിട്ടില്ല. ഗവ. ഹൈസ്ക്കൂളിൽ ഇപ്പോൾ ഒരു സിമ്മിംഗ് കോച്ച് സേവനമനുഷ്ടിക്കുന്നു. ഇതുമൂലം ഈ സ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ധാരാളം അവാർഡുകൾ ലഭിച്ചു. ഈ സ്ക്കൂളിനു മാത്രമാണ് അല്പം കളിസ്ഥലം ഉള്ളത്. സീക്രട്ട്സ് ഹാർട്ട് സ്ക്കൂളിലും കോൺസലാത്ത സ്ക്കൂളിലും ആവശ്യത്തിന് ഫർണിച്ചറില്ല. ഉള്ളഗ്രൗണ്ട് ഭംഗിയായി സംരക്ഷിക്കുക ചുറ്റുമതിൽ നിർമ്മിക്കുക ഇവയും മിക്ക സ്ക്കൂളുകളുടെ കാര്യത്തിലും ആവശ്യമാണ്.

എല്ലാ സ്ക്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃ സമിതി (PTA) സജീവമാണ്. അടുത്ത കാലത്തായി മാതൃസമിതികളും രൂപം കൊണ്ടിട്ടുണ്ട്. കുമരകം ഗവ:ഹൈസ്ക്കൂളിലാവട്ടെ (VHS) ഡവലപ്മെന്റ് കമ്മറ്റിയുടെ നേതൃത്വത്തിൽ ചില സ്കൂൾ വികസനപദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കീഴി

ലുള്ള സ്കൂളുകളിൽ അറ്റകുറ്റപ്പണി പി.ടി.എ.യുടെ നേതൃത്വത്തിലാണ് ഈ വർഷം നടന്നത്. ഇത് വിജയകരമായിരുന്നു.

ഗ്രാമസഭകളിൽ നടന്ന ചർച്ചകൾ വിദ്യാഭ്യാസരംഗത്തു നിലനിൽക്കുന്ന പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടിയിട്ടുണ്ട്. ചില പരിഹാരനിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. അവതാഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. കുമരകത്തെ രണ്ടു ഹൈസ്ക്കൂളുകളിലെയും വിജയശതമാനം താരതമ്യേന കുറവാണ്, പ്രത്യേകിച്ച് ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറിയിൽ.
2. രണ്ടിടത്തെയും സ്ക്കൂൾ കോമ്പൗണ്ടുകൾ നല്ലവണ്ണം പരിപാലിക്കപ്പെടുന്നില്ല. ചോലവൃക്ഷങ്ങളോ ചെടികളോ വച്ചുപിടിപ്പിക്കാൻ സൗകര്യമുണ്ടെങ്കിലും ബന്ധപ്പെട്ടവർ അനാസ്ഥയിലാണെന്നു തോന്നും. മഴക്കാലത്തു പല സ്ഥലത്തും ചെളിയും വെള്ളവും കെട്ടി നിൽക്കുന്നു.
3. ഇവിടുത്തെ ഹൈസ്ക്കൂളുകളിൽ നിന്നു പാസായി കോളജുകളിലെത്തുന്ന കുട്ടികളിൽ വളരെപ്പേർ ഇംഗ്ലീഷിനു മാത്രം തോൽക്കുന്നു.
4. ഡിവിഷൻ നിലനിർത്താൻ വേണ്ടി നൽകുന്ന ഓൾപ്രമോഷൻ നിലവാരത്തകർച്ചയ്ക്കു കാരണമാകുന്നു.
5. കാലാകാലങ്ങളിൽ രാഷ്ട്രീയരംഗത്തുളവാകുന്ന സംഘർഷങ്ങൾ ഉടനേ സ്കൂളുകളിലേക്കു വ്യാപിക്കുകയും അക്കാദമീയ അന്തരീക്ഷം തകർക്കപ്പെടുകയും ചെയ്യുന്നു.
6. ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും സിലബസിനു പുറത്തുള്ള പുസ്തകങ്ങളുടെ ലോകവുമായി യാതൊരു ബന്ധവും ഇല്ലാത്തതാണ്.
7. വിദ്യാർത്ഥികളുടെ വ്യക്തി വികാസത്തിനുതകുന്ന പരിപാടികളുടെ അഭാവത്തിൽ സമരരംഗങ്ങളിൽ ഭ്രമിച്ചു എടുത്തുചാടി നേതൃത്വത്തിലെത്താൻ വ്യഗ്രതകൊള്ളുന്ന തരത്തിൽ ഇടുങ്ങിയ ചിന്താഗതിക്കാരും അസഹിഷ്ണുക്കളുമായി തങ്ങളുടെയും മറ്റുള്ളവരുടെയും വിദ്യാഭ്യാസത്തെ തകിടം മറിക്കുന്നു.
8. 4½ വയസ്സിൽ താഴെയുള്ള കുട്ടികളെ പരമാവധി പഠിപ്പിക്കാനാണു നഴ്സറികൾ മത്സരിച്ചു ശ്രമിക്കുന്നത്. ഇതു വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്വങ്ങളെ ലംഘിക്കുകയും കുഞ്ഞുങ്ങൾക്കു കളിച്ചും ഉല്ലസിച്ചും വളരുവാനുള്ള അവസരംനിഷേധിക്കുകയും ചെയ്യുന്നു.
9. മാതാപിതാക്കളിൽ നിന്നു വൈകാരിക പോഷണം ലഭിക്കേണ്ടതിനു പകരം അവരിൽ നിന്നുള്ള അന്യവൽക്കരണമാണു തിരക്കേറിയ മാതിപിതാക്കളുടെ കുട്ടികൾക്കുണ്ടാകുന്നത്.
10. കായിക കലാഭ്യാസനത്തിനു വേണ്ടത്ര പ്രാധാന്യം നൽകപ്പെടുന്നില്ല. പല പ്രതിഭകളും വളരാൻ കഴിയാതെ മുരടിച്ചുപോകുന്നു.
11. ചിലകുട്ടികൾക്ക് പോഷകാഹാരക്കുറവിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്. പോഷകസമൃദ്ധമായ ഭക്ഷണത്തെക്കുറിച്ചുള്ള അജ്ഞതയാണു കാരണം. പതിവായി വ്യായാമം ചെയ്യുന്നില്ല.
12. ഇന്ത്യൻ സംസ്ക്കാരത്തെക്കുറിച്ചും യോഗ, ധ്യാനം തുടങ്ങിയവയെക്കുറിച്ചുമുള്ള ക്ലാസ്സുകളൊന്നും നടത്താത്തതു കൊണ്ടു അവയെക്കുറിച്ച് വിദ്യാർത്ഥികൾ അജ്ഞരാണ്.
13. കംപ്യൂട്ടർ പരിചയം ലഭിക്കാനവസരം കിട്ടുന്നില്ല. സാങ്കേതിക വിദ്യാഭ്യാസത്തിനു കുമരകത്തു വേണ്ടത്ര സൗകർയ്യങ്ങളില്ല.

സാധ്യതകൾ

1. ഹൈസ്ക്കൂളുകളിൽ ക്ഷമാശീലരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ "ഗൈഡ് സ്റ്റഡി"ക്കു സംവിധാനമുണ്ടാക്കുക.
2. സ്ക്കൂൾ കോമ്പൗണ്ടുകളുടെ ചരിവു ക്രമീകരിച്ചു ജലനിർഗ്ഗമനം സുഗമമാക്കുകയും കോമ്പൗണ്ടു സൗന്ദർയ്യവൽക്കരിക്കുകയും ചെയ്യുക. പറ്റുമെങ്കിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെ സഹകരണത്തോടെ.
3. അദ്ധ്യാപകർ ക്ലാസുകളിൽ കൂടുതൽ ഇംഗ്ലീഷ് സംസാരിക്കുക. പുറത്തുള്ള ഇടപെടലിലും കഴിവുള്ളത്ര ഇംഗ്ലീഷിൽത്തന്നെ കുട്ടികളോടു സംസാരിക്കുകയും തിരിച്ചുസംസാരിക്കാൻ പിരശീലിപ്പിക്കുകയും ചെയ്യുക. ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ ഉപയോഗത്തിലൂടെ കൂടുതൽ ഇംഗ്ലീഷ് പരിചയിപ്പിക്കുക. ഇംഗ്ലീഷിൽ പുറത്തുനിന്നുള്ളവരെക്കൊണ്ടു പ്രഭാഷണം നടത്തുക. ലേഖനം, പ്രസംഗമത്സരങ്ങൾ നടത്തുക. ഇംഗ്ലീഷ് വായനാശീലം വളർത്തുക.
4. ഡിവിഷൻ നിലനിർത്താൻ വേണ്ടിമാത്രമുള്ള പ്രമോഷൻ സമ്പ്രദായം അവസാനിപ്പിക്കുക.
5. സ്ക്കൂളുകളിൽ രാഷ്ട്രീയ പ്രവർത്തനങ്ങൾ വേണ്ടന്നു ഭരണ പ്രതിപക്ഷങ്ങൾ തീരുമാനിക്കുക.
6. കുട്ടികൾ മാത്രമടങ്ങുന്ന ചെറുസംഘങ്ങളുടെ തനിയേയുള്ള സംസ്ഥാനാന്തര യാത്രകൾ സൗകര്യപ്പെടുത്തുക.
7. വിവിധതരം സാമൂഹിക/സാമ്പത്തിക/സാംസ്ക്കാരിക സർവ്വേകൾ വിദ്യാർത്ഥികളെക്കൊണ്ടു ചെയ്യിക്കുക. ഗ്രാമവികസന പ്രവർത്തനങ്ങളിൽ അവർക്കുപ്രവർത്തിക്കാനവസരങ്ങൾ സൃഷ്ടിക്കുക.
8. നഴ്സറിസ്കൂളുകളും ബാലവാടികളും അങ്കണവാടി

കളും ഉദ്യാനങ്ങളാക്കിമാറ്റുകയും കളിക്കോപ്പുകളും കൗതുകവസ്തുക്കളും സുലഭമാക്കുകയും ചെയ്യുക.

9. മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള സംസർഗ്ഗം കൂടതൽ ആരോഗ്യകരവും കൂടുതൽ ദീർഘനേരമുള്ളതുമാക്കുകയും ഇക്കാർയ്യത്തിൽ അദ്ധ്യാപകരും രക്ഷാകർത്താക്കളും സഹകരിച്ചുപ്രവർത്തിക്കുകയും ചെയ്യുക.
10. കലാകായികാഭ്യസനത്തിനും സ്പോർട്ട്സിനും കൂടുതൽ പ്രാധാന്യം നൽകി കഴിവുകൾ മനസ്സിലാക്കി വിവിധ തലങ്ങളിൽ അവർക്കു വിദഗ്ധ പരിശീലനം ഏർപ്പെടുത്തുക.
11. പോഷകാഹാരത്തെക്കുറച്ചുള്ള വിദഗ്ദരുടെ ക്ലാസ്സുകൾ ഇടയ്ക്കിടെ ഗ്രാമസഭകൾതോറും നടത്തി ജനങ്ങളെയാകെ ബോധവൽക്കരിക്കുക. വ്യായാമം പതിവുശീലമാക്കുക.
12. ഇന്ത്യൻ സംസ്ക്കാരത്തെക്കുറിച്ചും യോഗ, ധ്യാനം തുടങ്ങിയവയെക്കുറിച്ചുമുള്ള ക്ലാസ്സുകളും പ്രഭാഷണങ്ങളും നടത്തുക.
13. കംപ്യൂട്ടർ പരിശീനകേന്ദ്രം സ്ഥാപിക്കുക. എല്ലാ കുട്ടികൾക്കും പരിശീലനത്തിനു സൗകർയ്യമുണ്ടാക്കുക.
14. പഞ്ചായത്തു കമ്മ്യൂണിറ്റി സെന്ററും ജിംനേഷ്യവും സ്ഥാപിക്കുക. പൊതുക്കളി സ്ഥലവും വാട്ടർ സ്പോർട്ട്സ് കോംപ്ലെക്സും സ്ഥാപിക്കുക.



അദ്ധ്യാപക സംഗമം കുമരകത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താനുള്ള പ്രായോഗിക പരിപാടികൾ ചർച്ച ചെയ്യുന്ന യോഗം.



5:5

കുടിവെള്ളം പൊതുജനാരോഗ്യം

കുമരകത്തിന്റെ യഥാർത്ഥ ജനസാന്ദ്രത 2922 ആണ്. കുമരകത്തിന്റെ മൊത്തം വിസ്തീർണ്ണത്തിൽ നിന്നും പുറംപോക്കു കായലും വെള്ളത്തിനടിയിലുള്ള വയലുകളും കുറച്ചാൽ കരഭൂമി വെറും 761 ഹെക്ടർ മാത്രമാണ് ഇത്രയും കരഭൂമിയിലാണ് 22232 ജനങ്ങൾ 4502 വീടുകളിലായി താമസിക്കുന്നത്. ഇത്ര ജനസാന്ദ്രതയുള്ള ഈ ഗ്രാമത്തിൽ 2067 വീടുകൾക്ക് സുരക്ഷിതമായ കക്കൂസുകളില്ല. തോടുകളിലും, ആറുകളിലുമുള്ള വെള്ളം മലിനമാണ്. തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന വേനൽക്കാലത്ത് തോടുകളിലെ ജലനിരപ്പു താഴ്ന്ന് വറ്റി വരളും, പായൽ മൂടിക്കിടന്ന് അഴുകുന്നതും മറ്റുമാലിന്യങ്ങൾ അഴുകിയും പാടത്തുനിന്നുള്ള കീടനാശിനികൾ കലർന്നും ഈ വെള്ളം വിഷതുല്യമായിരിക്കും. ഗ്രാമത്തിന്റെ രൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഹേതു ഈ പരിസ്ഥിതി തകർച്ചയാണ്.

പരമ്പരാഗതമായി കുടിവെള്ളത്തിന് ഉപയോഗിച്ചുകൊണ്ടിരുന്നു കുളങ്ങൾ പലതും ഇന്നുപയോഗിക്കുന്നില്ല. അവ വെട്ടിവെടിപ്പാക്കി പരിപാലിക്കുന്നതിനുള്ള സംവിധാനങ്ങളില്ല. ചെങ്ങളംകുന്നിൽനിന്നും കോട്ടയം മുനിസിപ്പൽ പ്രദേശത്തുള്ള താഴത്തങ്ങാടി ആറ്റിൽനിന്നും വെള്ളം പമ്പുചെയ്ത് ശുദ്ധീകരിച്ച് വിതരണം നടത്തുന്ന ഒരു ശുദ്ധജലപദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. എല്ലാവാർഡുകളിലും എത്തുന്ന 310 വഴിയോര ടാപ്പുകളും 500 ഹൗസ്കണക്ഷനുകളും ഉണ്ട്. കുടിക്കാൻ പൈപ്പുവെള്ളം മാത്രം ഉപയോഗിക്കുന്നവരാണ് നാട്ടുകാർ എന്നാൽ വേനൽക്കാലത്തു പലപ്പോഴും പൈപ്പിൽ വെള്ളം കിട്ടാത്ത അസസ്ഥയുണ്ട്. ഈ ശുദ്ധജലക്ഷാമം മൂലവും ഗ്രാമീണർ നിരവധി രോഗങ്ങൾക്ക് ഇരയാവുന്നുണ്ട്.

ഒരു നൂറ്റാണ്ടുപഴക്കമുള്ള കുമരകം പ്രൈമറി ഹെൽത്തുസെന്ററിന്റെ സൗകര്യങ്ങൾ അടുത്തകാലത്ത് വിപുലീകരിച്ചിട്ടുണ്ട്. അമ്പതുരോഗികളെ കിടത്തിചികിത്സിക്കാൻ കഴിയുന്ന ഈ ആശുപത്രിയിൽ നാലു ഡോക്ടറുമാരും ഏഴ് നഴ്സുമാരുമുൾപ്പെടെ 31 ഉദ്യോഗസ്ഥരുമുണ്ട്.

ഒരു ഗവൺമ്മെന്റ് ആയുർവേദ ഡിസ്പെൻസറിയും 3 സ്വകാര്യ ആശുപത്രികളും 2 അലോപ്പതിക് ഡിസ്പെൻസറിയും 3 സ്വകാര്യഹോമിയോ ഡിസപ്പെൻസറിയും ഒരു സർക്കാർഗ്രാന്റ് ആയുർവേദ വൈദ്യശാല ഉൾപ്പെടെ 5 ആയുർവേദ ചികിത്സാലയങ്ങളും കുമരകത്തുണ്ട്.

ആശുപത്രി	ഡോക്ടർമാർ	ബഡ്ഡുകൾ	പ്രതിദിനം ചികിത്സിക്കുന്ന രോഗികളുടെ എണ്ണം
PHC. കുമരകം	4	50	137
JBMM ഹോസ്പിറ്റൽ	1	12	16
കരുണാഹോസ്പിറ്റൽ	1	10	15
ശാന്തിക്ലിനിക്	1	19	20

പ്രൈമറി ഹെൽത്തുസെൻറിന് 7,8,10 വാർഡുകളിൽ 3 സബ് സെൻററുകൾ ഉള്ളതാണ് എന്നാൽ. അവ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല.

PHC യിൽ ചികിത്സക്കെത്തിയവരുടെ കണക്ക് 1995-96 ൽ

	പുരുഷ:	സ്ത്രീ	കുട്ടികൾ	ആകെ
പുതിയ കേസുകൾ	11082	20304	3554	34940
ആവർത്തിച്ചു വരുന്നവർ	3405	8717	2851	14973

ഈ കണക്കുകൾപ്രകാരം ഋഫണയിൽ പ്രതിദിനം 137 പേർ വീതം ചികിത്സക്കായി എത്തുന്നുണ്ട്. കുമരകത്തിന് തൊട്ടടുത്തുള്ള 2 പഞ്ചായത്തുകളിലെ ഏതാനും വാർഡുകളിൽനിന്നുകൂടി ആളുകൾ ഇവിടെ എത്താറുണ്ട്. പരമാവധി 30,000 പേർ അധിവസിക്കുന്ന പ്രദേശങ്ങളിൽ നിന്നായിരിക്കും ആർക്കാരെത്തുക. വരുന്നവരിൽ 80% രോഗികളും കുമരകത്തുള്ളവർ തന്നെ. ഇവർക്കുണ്ടാകുന്ന പ്രധാനരോഗങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

കുമരകത്തെ രോഗങ്ങൾ 1995-96

രോഗം	ഒ.പി.	കിടന്നുചികിത്സ
ടൈഫോയ്ഡ്		24
വയറുകടി	240	12
മറ്റു വയറുരോഗങ്ങൾ	9824	
ക്ഷയരോഗം	7	
മഞ്ഞപ്പിത്തം	3	2
മലേറിയ	30	
എലിപ്പനി	1	
കൊക്കപ്പുഴു	210	3
തൊണ്ടവീക്കം	3	
പ്രമേഹം	113	2
രക്തക്കുറവ്	287	3
ചുഴലി		6
തിമിരം		112
നേത്രരോഗം	2448	
കാഴ്ചക്കുറവ്	281	
ചെവിപഴുപ്പ്	46	
രക്തസമർദ്ദം	417	21
ഹൃദ്രോഗം	6	
പക്ഷപാതം, തലച്ചോറിൽ രക്തസ്രാവം	217	
ഞരമ്പുപിടപ്പ്		112
അർശസ്	112	
ജലദോഷം, പനി, ചുമ	14240	53
ടോൺസിലൈറ്റിസ്	556	51
കടുത്തചുമ	12960	117
ന്യുമോണിയ	264	28
ആസ്തമ	4990	1569
വായിക്കകത്തുള്ള പഴുപ്പ്	198	7
ദന്തരോഗങ്ങൾ	73	3
പെപ്റ്റിക് അൾസർ	214	72
അപ്പൻറിസൈറ്റിസ്	13	
ഹെർണിയ	21	
കുടൽതടസം	3	
കരൾവീക്കം	27	9
പിത്താശയ കല്ല്	3	
കിഡ്നിരോഗം	5	
മൂത്രാശയ കല്ല്	6	
വൃഷണ നീർ	4	
പുരുഷവന്ധ്യത	5	
ഗർഭപാത്രം തള്ളിവരൽ	13	
മാസമുറതെറ്റൽ	75	3
സ്ത്രീ വന്ധ്യത	3	
ഗർഭച്ഛിദ്രം	51	6
ഗർഭകാലരോഗങ്ങൾ	16	
വാതം	556	31
ഉളുക്കും പരുക്കുകളും	30	7
തീപൊള്ളൽ	7	3
റോഡപകടങ്ങൾ	100	14
അടിപിടിമൂലം പരിക്ക്	41	11

മേൽവിവരിച്ച രോഗങ്ങൾ 90%വും ജലത്തിൽക്കൂടിയും വായുവിൽക്കൂടിയും പകരുന്നവയാണ്. ജലമലിനീകരണവും വായു മലിനീകരണവും സൃഷ്ടിക്കുന്ന സാഹചര്യങ്ങളാണ് മിക്കരോഗങ്ങൾക്കും കാരണം.

കഴിഞ്ഞമൂന്നുവർഷത്തെ പകർച്ചവ്യാധി വിവരങ്ങൾ

	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ
1993-94	279	6	4
1994-95	211	15	9
1995-96	182	10	2

മരണനിരക്ക് ഇവിടെ ആയിരത്തിന് 2.5 ആണ്. രോഗാതുരത സ്ത്രീകളിലാണ് ഏറിനിൽക്കുന്നതെങ്കിലും ആയുർദൈർഘ്യം കൂടുതൽ സ്ത്രീകൾക്കാണ്. 80 വയ്സ്സു കഴിഞ്ഞാൽ നൂറു സ്ത്രീകൾക്കൊപ്പം എൺപത്തിനാല് പുരുഷന്മാർ മാത്രമാണ് ഉള്ളത്.

ഒരു വയസ്സിന് താഴെ പ്രായമുള്ള 310 കുട്ടികളിൽ 300 പേരും പ്രതിരോധകുത്തിവെയ്പ്പിന് വിധേയരായിട്ടുള്ളതായി കാണാം. 400 കുട്ടികൾക്ക് വിറ്റാമിൻ എ തുള്ളിമിരുന്ന് നൽകിയിട്ടുണ്ട്. ഗർഭിണികളുടെ എണ്ണം 318 ആണ്. അവർ പ്രതിരോധകുത്തിവെയ്പ്പിന് വിധേയരാകുന്നുണ്ട്. കുടുംബസംവിധാനപുരോഗതികാണിക്കുന്ന സൂചികകൾ താഴെചേർക്കുന്നു.

അമ്മമാരും കുട്ടികളും

ഒരു കുട്ടിയുള്ളവർ	2-3കുട്ടികളുള്ളവർ	3ൽ കൂടുതൽ കുട്ടികളുള്ളവർ
466	916	1086
158[1]	682[1]	633[1]

[1]കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാരും അവരുടെ കുട്ടികളും


കുട്ടികളുടെ പോഷണ നിലവാരം കണ്ടു പിടിക്കുന്നതിനുള്ള കണക്കുകൾ ലഭ്യമല്ല. പോഷണവൈകല്യം മൂലമുള്ള രോഗങ്ങൾ അധികം ആശുപത്രിയിൽ രേഖപ്പെടുത്തിയതായി .കാണുന്നില്ല.

ചികിത്സയുടെ കാര്യത്തിൽ ഭൂരിപക്ഷം ആളുകളും സർക്കാർ വക പ്രാഥമിക ആരോഗ്യകേന്ദ്രത്തെയാണ് ഇവിടെ ആശ്രയിക്കുന്നത്. മൂന്നു സ്വകാര്യ ആശുപത്രിയിലും കൂടി സർക്കാർ ആശുപത്രിയിൽ എത്തുന്നവരുടെ മൂന്നിലൊന്നോളം രോഗികളെ എത്തുന്നുള്ളൂ.

രണ്ടുവർഷം മുമ്പ് പ്രവർത്തനം ആരംഭിച്ച സർക്കാർ ആയുർവേദ ഡിസ്പൻസറിയിലും പ്രതിദിനം 45 രോഗികൾ വീതം ശരാശരി എത്തുന്നുണ്ട്.

പൊതുജന ആരോഗ്യരംഗത്തെ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

1. തിരുവാർപ്പ് കുമരകം ശുദ്ധജലപദ്ധതി ഉടൻ കമ്മീഷൻ ചെയ്യുകയും പഞ്ചായത്തു നിർദ്ദേശിച്ചിട്ടുള്ള നൂറോളം പുതിയ ടാപ്പുകൾ സ്ഥാപിക്കുകയും വേണം. ടാപ്പുകളിൽ നിന്ന് ജലലഭ്യത ഉറപ്പുവരുത്തണം.
2. പൊതുകുളങ്ങൾ പ്രത്യേകിച്ച് കുടിവെള്ളം ലഭിച്ചുകൊണ്ടിരുന്ന കുളങ്ങൾ വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനും കഴിയണം.
3. തുറസ്സായ സ്ഥലത്ത് മലവിസർജ്ജനവും തജ്ജന്യമായ മലിനീകരണ പ്രശ്നങ്ങളും ഏറ്റവും വലിയ മുൻഗണന നൽകി പരിഹരിക്കാൻ എല്ലാ വീടുകൾക്കും സുരക്ഷിതമായ കക്കൂസ് എത്തിക്കണം. പ്രവർത്തിക്കാത്തെ ഈഴക്കാവു ഭാഗത്ത് പൊതുകക്കൂസ് നീക്കി ആധുനിക രീതിയിലുള്ള കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കണം.
4. ജലാശയങ്ങളിലും വെള്ളക്കെട്ടുകളിലും മലിനീകരണം ഒഴിവാക്കുകയും പായൽ നശിപ്പിച്ച് വെള്ളം ശുദ്ധമാക്കി നിലനിർത്തുകയും വേണം. കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കികളയാനുള്ള സംവിധാനം ഉണ്ടാവണം.
5. അയൽക്കൂട്ടങ്ങൾ വഴിയുള്ള ബോധവൽക്കരണത്തിലൂടെ ശാസ്ത്രീയമായി ചപ്പുചവറുകൾ നശിപ്പിച്ചും, ഫോഗിംഗ് സംവിധാനം ഏർപ്പെടുത്തിയും കൊതുകുകളെ നിർമ്മാർജ്ജനം ചെയ്യണം.
6. പി.എച്ച്.സിയുടെ കീഴിലുള്ള സബ്സെൻററുകൾക്ക് കെട്ടിടം ഉണ്ടാവുകയും ഫലപ്രദമായി പ്രവർത്തിക്കുകയും വേണം.
7. പി.എച്ച്.സിയിൽ ഒരു ശിശുരോഗവിദഗ്ദൻ, എക്സ്റേ സൗകര്യം, ഇ.സി.ജി., പ്ലാസ്റ്റർ വിഭാഗങ്ങൾ പ്രവർത്തിക്കണം. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണിയണം.
8. ICDS പ്രകാരമുള്ള അംഗൻവാടികൾ എല്ലാവാർഡിലും ആരംഭിക്കണം.
9. കുമരകത്ത് ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.
10. നിലവിലുള്ള ആയുർവേദാശുപത്രി രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടെ വലിയകെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കണം.
11. കുമരകം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററാക്കി ഉയർത്തണം.
12. 2500-3000 ജനസംഖ്യയ്ക്ക് ഒരു സബ്സെന്റർ എന്ന തോതിൽ കൂടുതൽ സബ്സെന്ററുകൾ അനുവദിക്കണം.
13. ആംബുലൻസ് സർവീസ് ഏർപ്പെടുത്തണം.
14. ആശുപത്രികളിൽ കുടിവെള്ളവും വൈദ്യുതിയും തടസ്സം കൂടാതെ എത്തിക്കണം.



5:6

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

കുമരകത്ത് അരനൂറ്റാണ്ടിനുമുമ്പ് എല്ലാ പ്രദേശങ്ങളിലും വള്ളങ്ങളിലും മോട്ടോർബോട്ടുകളിലും എത്താൻ കഴിഞ്ഞിരുന്നു. മോട്ടോർ ബോട്ട് വരുന്നതിന് മുമ്പ് മുഹമ്മ-കുമരകം കടത്തുവള്ളമുണ്ടായിരുന്നു. ഇതുമൂന്നു മണിക്കൂർകൊണ്ട് മുഹമ്മയിൽ എത്തിയിരുന്നു. തുടർന്ന് കോട്ടയം-കുമരകം, വരാപ്പിത്രതോടുവഴിപോകുന്ന ചേർത്തല കുമരകം, മുഹമ്മ കുമരകം ബോട്ടുസർവ്വീസ് ഉണ്ടായിരുന്നു. ഇന്ന് കുമരകത്തിന്റെ ഉൾഭാഗത്തുള്ള തോടുകളിൽ ബോട്ട് എത്തുകയില്ല. വള്ളത്തിലുള്ള യാത്രപോലും അസാദ്ധ്യമായി.

മുൻപ് എല്ലാവർഷവും ഈടുകുത്തിത്തോടുകൾ വൃത്തിയാക്കിയിട്ടിരുന്നു. പറമ്പിന്റെ ഉൾഭാഗത്തുവരെ എത്തുന്ന വള്ളത്തിൽ കട്ടയും മണ്ണും കുറഞ്ഞചെലവിൽ ഇറക്കിയിരുന്നു.

പുതിയറോഡുകൾവന്നതോടെ തോടുകളെ നാം അവഗണിച്ചു. വള്ളത്തിലുള്ള യാത്ര ഏതാണ് അസാദ്ധ്യമായി മുൻപ് താമസസ്ഥലത്തുനിന്നും വളരെ അകലെയുള്ള കായൽനിലങ്ങളിൽ വളരെപ്പെട്ടെന്ന് വള്ളത്തിലെത്തിയിരുന്നെങ്കിൽ ഇന്ന് തൊഴിലാളികൾ ദീർഘദൂരം നടക്കുകയാണ്.

കോട്ടയം കുമരകം റോഡും, കുമരകം അട്ടിപ്പീടിക, സാവിത്രിക്കവല-കൊഞ്ചുമട, കുമരകം-കവണാറ്റിൻകര, ചൂളഭാഗം റോഡ് ഇവയാണ് PWD റോഡുകൾ. കുമരകത്തുനിന്നും കോട്ടയത്തെത്താൻ വളരെ ദുർബ്ബലമായ ഒരു റോഡുമാത്രമാണുള്ളത്. വെള്ളം കയറുന്നതും കുണ്ടും, കുഴിയും നിറഞ്ഞതുമായ ഈ റോഡിന് ആവശ്യത്തിന് വീതിയോ പൊക്കമോ ഇല്ല. കുമരകം വെച്ചൂർ റോഡ് പൂർത്തിയായതോടെ കുമരകം കോട്ടയം റൂട്ടിലുള്ള ബസ്സ് യാത്രക്കാരുടെ എണ്ണം വളരെയേറെ പെരുകി. മുഹമ്മ മണ്ണഞ്ചേരി പ്രദേശങ്ങളിൽ നിന്നും, ചേർത്തല വൈക്കം, തലയാഴം, ഉല്ലല, വെച്ചൂർ ചീപ്പുങ്കൽ പ്രദേശങ്ങളിലുള്ളവർക്ക് കോട്ടയത്തെത്തുവാൻ എളുപ്പവഴി ഇപ്പോൾ കുമരകത്തുകൂടിയാണ്. അതുകൊണ്ടുതന്നെ 5 മിനിറ്റ് ഇടവിട്ടു സർവ്വീസ് നടത്തുന്ന എല്ലാവണ്ടികളിലും വലിയ ജനത്തിരക്കുമാണ്. ഗതാഗതത്തിൽ ഉണ്ടായ ഈ മാറ്റം പരിഗണിച്ച് പ്രധാനറോഡ് പുതുക്കിപ്പണിയാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

ലോകപ്രസിദ്ധമായ ടൂറിസ്റ്റുകേന്ദ്രം എന്ന നിലയിൽ പ്രാധാന്യമുള്ള ഈ ഗ്രാമത്തിലെത്തുവാൻ റോഡില്ല എന്നത് അപമാനകരം കൂടിയാണ്. അതിനാൽ ഗ്രാമത്തെ പുറം ലോകവുമായി ബന്ധിപ്പിക്കുന്ന ഏകമാർഗമായ കോട്ടയം കുമരകം റോഡ് വീതിയും പൊക്കവും കൂട്ടി പുതുക്കിപ്പണിയണം.

ഈ റോഡിന് 2 പാരലൽ റോഡുകൾ അത്യാവശ്യമാണ്. ഓൾഡ് കുമരകം റോഡ് ഗതാഗതത്തിനു വേണ്ടി പുതുക്കിപ്പണികഴിപ്പിച്ചു തുറന്നു കൊടുക്കണം. ഭരണാനുമതിലഭിച്ച തിരുവാർപ്പ് കുമരകം റോഡും പൂർത്തീകരിക്കപ്പെടുണം.

ഇനി കുമരകത്തിനുള്ളിലുള്ള മറ്റു റോഡുകളുടെ സ്ഥിതി പരിശോധിക്കാം. ആകെ 94 കിലോമീറ്റർ പഞ്ചായത്തുറോഡുകളാണുള്ളത്. ഇതിൽ 45 കിലോമീറ്റർ മെറ്റൽ റോഡാണ്. മറ്റുള്ളവ ഓട്ടോറിക്ഷ വല്ലപ്പോഴും പോകുന്നവിധത്തിലുള്ളവമാത്രം. ഈ റോഡ് പുതുക്കിപ്പണിയുകയും അവയിൽപ്രധാനമായവ ടാർചെയ്യുകയും വേണം.

നൂറുകണക്കിനു തൊഴിലാളികൾ പണിയെടുക്കാൻ ദിവസവും പോയിവരേണ്ട ആയിരക്കണക്കിനേക്കർ പുഞ്ചപ്പാടങ്ങളിൽ എത്തിച്ചേരാൻ വാഹനമോടുന്ന റോഡുകളില്ല എന്ന ദുരവസ്ഥ നാം ഒഴിവാക്കണം. അല്ലെങ്കിൽ ഇത് ഈ മേഖലയിലെ കൃഷിവികസനത്തെ കാര്യമായി ബാധിക്കും.

പുതിയ ചില റോഡുകൾ വന്നപ്പോൾ പണ്ട് ഉപയോഗിച്ചിരുന്ന ചില റോഡുകൾ അവഗണിച്ചു. ശ്രീകുമാര മംഗലം കരിപ്പള്ളി റോഡ്, പണ്ടാരച്ചിറ, ചന്തത്തോടിന്റെ വടക്കും തെക്കും കരകളിലൂടെ കായലിനെ സമീപിക്കുന്ന റോഡുകൾ, കോട്ടമൂല ചൂളഭാഗം റോഡ് ആശുപത്രി കന്നിട്ടറോഡ്, പ്രധാന തോടുകളുടെ ഇരുകരകളിലും കൂടിയുള്ള മറ്റു റോഡുകൾ ഇവ അവഗണന മൂലം കൈയ്യേറ്റത്തിനു വിധേയമാകുന്നു. അവ സംരക്ഷിച്ചും പുതുക്കിപ്പണികഴിപ്പിച്ചും വാഹനഗതാഗതയോഗ്യമാക്കണം.

വിശാലമായ കാർഷിക മേഖലകളിലെത്താനുള്ള റോഡുകൾക്കും പ്രാധാന്യം നൽകണം. സംയോജിത കൃഷിരീതികൾ പ്രാവർത്തികമാക്കിയാൽ എല്ലാദിവസവും നിരവധിപേർ ഈ പാടശേഖരങ്ങളിൽ എത്തേണ്ടതാണ്.

1,2,4,5,9,10 വാർഡുകളെ ബന്ധിപ്പിക്കുന്ന പുല്ലുപറമ്പ് അമ്മങ്കരി കൊഞ്ചുമടവഴി ചിത്തിരവരെ എത്തുന്ന റോഡു പണിയാൻ ഇടക്കുള്ള തടസ്സങ്ങൾ നീക്കുകയും പാലങ്ങൾ പണിയുകയും വേണം.

തെക്കുകര മുത്തേരിമടവഴി മെത്രാൻ കായൽ ബോട്ടു ജട്ടിക്കടവുമുതൽ തിരുവാർപ്പ് അംബേദ്ക്കർ കോളനി വരെ എത്തുന്ന പാടത്തുകൂടിയുള്ള റോഡ് എം.എം. ബ്ലോക്ക് മൂലമുതൽ നാരാത്രവഴി കാക്കരേത്തുവരെയുള്ള റോഡ്.

ചൂളഭാഗം റോഡ് മുതൽ പാടംവഴി ചെങ്ങളം മഹിള സമാജംവരെ നീട്ടുന്ന റോഡ്. തുടങ്ങിയവ പാടശേഖരങ്ങളെ ആവാസകേന്ദ്രങ്ങളുമാക്കി ബന്ധിപ്പിക്കുന്നതിനു സഹായിക്കും.

ഏഴാം വാർഡിലെ വിത്തുവട്ടിച്ചിറയിലും നാരാത്രവരെയും വാഹനം എത്തിക്കാൻ കഴിയുന്ന വിധത്തിൽ പാലവും റോഡും പണിയണം. നിലവിൽ ചെറിയതോതിൽ ആരംഭിച്ച എല്ലാ റോഡുകളും വാഹനഗതാഗതയോഗ്യമാക്കുക പാടശേഖരങ്ങളുൾപ്പെടെ എല്ലാ കേന്ദ്രങ്ങളിലേക്കുമെത്താൻ പാലങ്ങളും കലുങ്കുകളും നിർമ്മിക്കുക എന്ന രീതിയിൽ ചെറുതും വലുതുമായതും ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ എല്ലാ റോഡുകളും പണിതീർക്കുന്നതിന് സ്കീമുകൾ ഉണ്ടാവണം.

ഒപ്പം തോടുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും ആഴവും വീതിയും കൂട്ടി സഞ്ചാരയോഗ്യമാക്കുന്നതിനും പദ്ധതിയുണ്ടാവണം.

ഊർജ്ജം

കുമരകത്ത് ഊർജ്ജ മേഖല വലിയൊരു പ്രതിസന്ധിയിലാണ്. വിറകിന്റെക്ഷാമം രൂക്ഷമാണ്. മണ്ണെണ്ണപലപ്പോഴും കിട്ടാനില്ല. നാമമാത്രമായ വീടുകളിലാണ് ഗ്യാസ്അടുപ്പുള്ളത്. വൈദ്യുതി വിതരണവും തൃപ്തികരമല്ല. ശാസ്ത്രസാഹിത്യ പരിഷത് സ്ഥാപിച്ചിട്ടുള്ള ഇന്ധനക്ഷമതകൂടിയ അടുപ്പുകൾ ചുരുക്കം ചിലവീടുകളിലുണ്ട്.

പുതിയ റേഷൻ കാർഡുകളിലെ കണക്കുപ്രകാരം 4841 റേഷൻകാർഡ് ഉടമകളിൽ 2868പേരുടെ വീടുകൾമാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത് 1973 വീടുകളിൽ ഇനിയും വൈദ്യുതീ എത്തിയിട്ടില്ല. 195 വ്യാപാരസ്ഥാപനങ്ങളിലും 63 ചെറുകിട വ്യവസായയൂണിറ്റുകൾക്കും 34 കാർഷികാവശ്യങ്ങൾക്കും കുമരകത്ത് വൈദ്യുതി നൽകുന്നുണ്ട്.

അപേക്ഷ നൽകി വർഷങ്ങളായിട്ടും കണക്ഷനുകാത്തിരിക്കുന്നവരുടെ എണ്ണം 160 ആണ് ഇവരിൽ വ്യാപാരാവശ്യത്തിനുള്ള 92 അപേക്ഷകരുണ്ട്. പെട്ടന്നു കണക്ഷൻ കിട്ടാൻ OTP, OYECപ്രകാരം അപേക്ഷിച്ച 22പേർക്ക് ഇനിയും കണക്ഷൻ കൊടുക്കാനുണ്ട്.

കഴിഞ്ഞവർഷം കമ്മീഷൻ ചെയ്ത ചെങ്ങളം 110 കെ. വി. സബ്സ്റ്റേഷനിൽ നിന്നാണ് കുമരകത്തു ഇപ്പോൾ വൈദ്യുതി എത്തുന്നത്. ഇവിടെ എന്തെങ്കിലും തകരാറുണ്ടായാൽ മാത്രം ഗാന്ധിനഗർ 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി എടുക്കും.

കുമകത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി 30 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും കവണാറ്റിൻകര, നാഷ്ണാന്തറ,വളളാറ, ആപ്പിത്തറവടക്ക്, കൊച്ചിടവട്ടം, മണ്ണേക്കൽ, നസ്രത്തു ഭാഗങ്ങളിൽ ശരിയായ വോൾട്ടേജ് കിട്ടുന്നില്ല. എല്ലാകോളനികളിലും വൈദ്യുതിയെത്തിയിട്ടുണ്ട്. വൈദ്യുതീകരിച്ച ഹരിജൻ കോളനിയാണ് കൃഷ്ണവിലാസം തോപ്പ്. 318 ബൾബുകളും 5 ഫ്ലൂറസെന്റ് ട്യൂബുകളും വഴിവിളക്കുകളായുണ്ട്. ഇടയ്ക്കിടെ വൈദ്യുതിതകരാറുണ്ടാകുന്നു. ഇതുപരിഹരിക്കുവാൻ വിതരണശൃംഖല ശാസ്ത്രീയമായി പുനസംവിധാനം ചെയ്യേണ്ടതുണ്ട്.

21096 ലിറ്റർ മണ്ണെണ്ണവിതരണം ചെയ്യുന്നതിനുള്ള കാർഡുകൾ റേഷൻ കടകൾ വഴിനൽകിയിട്ടുണ്ട്. കൂടാതെ കൂടിയ വിലയ്ക്ക് ഇറക്കുമതിചെയ്ത് മണ്ണെണ്ണവില്പന നടത്തുന്ന കച്ചവടക്കാരുമുണ്ട്. ഒരുമാസം ഈ ഗ്രാമത്തിൽ മണ്ണെണ്ണ വാങ്ങാൻ 236032 രൂപ ചെലവഴിക്കുന്നു.

1994 ഏപ്രിലിൽ നടത്തിയ സാമൂഹ്യസാമ്പത്തിക സർവ്വേ ചൂണ്ടിക്കാണിക്കുന്നു. വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്ന വീടുകളുടെ എണ്ണവും ശതമാനവും താഴെ ചേർക്കുന്നു.

ഫ്രിഡ്ജ്	-	325 വീടുകൾ	(81%)
ഗ്രൈൻഡർ	-	115 വീടുകൾ	(3%)
മിക്സി	-	493 വീടുകൾ	(13%)
റേഡിയോ	-	2424 വീടുകൾ	(62%)
ടിവി	-	605 വീടുകൾ	(15%)
വാഷിംഗ്മെഷീൻ	-	61 വീടുകൾ	(2%)

(സാമൂഹ്യ സാമ്പത്തിക സർവേയിൽ 3940 വീടുകളാണുൾപ്പെട്ടിരുന്നത്)

വൈദ്യുതിയുടെ ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യാൻ കഴിയുന്നില്ല എന്നതാണ് പ്രധാനപ്രശ്നം. പാടശേഖരങ്ങളിൽ വെള്ളം വറ്റിക്കുന്ന സമയത്ത് ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കപെടുന്ന സമയമാണ്. അപ്പോൾ നാട്ടിലാകെവോൾട്ടേജ് ദാരിദ്ര്യം അനുഭവപ്പെടാറുണ്ട്.

മൊത്തം വീടുകളിൽ 90ശതമാനത്തിലും വിറക് അടുപ്പുകളാണുള്ളത്. 26 ശതമാനം വീടുകാർക്കും 5സെന്റിൽ താഴെ മാത്രം സ്ഥലമുള്ളവരാണ്. ഇവർക്ക് വിറക് പൂർണ്ണമായും വിലയ്ക്കുവാങ്ങണം. 5 സെൻറിനും 50 സെൻറിനും ഇടയ്ക്കു ഭൂമിയുള്ളവരാണ് 45% വീട്ടുകാർ അവർക്ക് അല്പം വിറക് തെങ്ങിൽ നിന്നും മറ്റും കിട്ടിയേക്കാം. എങ്കിലും ഇവരും തീകത്തിക്കുവാനുള്ള വിറക് വിലയ്ക്കുവാങ്ങണം. വിറകിൻെറ വിലക്കൂടുതൽ കാരണം പലരും മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നുണ്ട്. ചിലർ അറക്കപ്പൊടിനിറച്ച കുറ്റിയടുപ്പും ഉപയോഗിക്കുന്നു.

കുമരകത്ത് ആവശ്യമുള്ള വിറക് അകലെയുള്ള സ്ഥലങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഒരുകിലോ വിറകിന് ഇവിടെ ചില്ലറ വില 1.40 രൂപയാണ്. ഈ വിലയ്ക്കുപോലും വിറക് സുലഭമല്ല എന്ന പ്രശ്നവമുണ്ട്. ഓല, തൊണ്ട്, മടൽ തുടങ്ങിയ കേരവൃക്ഷാവശിഷ്ടങ്ങളെല്ലാം ഇവിടെതീകത്തിക്കാൻ ഉപയോഗിക്കുന്നു.

ഈ രൂക്ഷമായ വിറക് ക്ഷാമത്തെ നേരിടാൻ ഏറ്റുവും പ്രായോഗികമായ ഒരു മാർഗം ദക്ഷതകൂടിയ പരിഷത് അടുപ്പുകൾ സ്ഥാപിക്കുക എന്നതാണ്.

ഇതൊരു ബഹുജനപ്രവർത്തനമായി നാം ഏറ്റെടുക്കണം.

ബയോഗ്യാസ് പ്ലാൻറുകൾ രണ്ടോ, മൂന്നോ വീടുകളിൽ സ്ഥാപിച്ചിരുന്നു. രണ്ടായിരത്തോളം പശുക്കൾ ഇന്നുണ്ട്. കൂടുതൽ പശുക്കളെ വളർത്താനുള്ള സാദ്ധ്യത ഉപയോഗിക്കുന്നതോടൊപ്പം ചാണകവാതകപ്ലാന്റുകൾ സ്ഥാപിക്കുന്നത് നല്ലതാണ്.


കൊപ്രയുണക്കുന്നതിന് ഉപയോഗിക്കാവുന്ന സോളാർ ഡ്രൈയർ, തീകത്തിച്ച് കൊപ്രാ ഉണക്കാൻ കഴിയുന്ന ദക്ഷത കൂടിയ പുകപ്പുര, സോളാർ പവ്വർ ഉപകരണങ്ങൾ വൈദ്യുതി ലാഭിക്കാവുന്ന കോംപാക്റ്റ് ഫ്ലൂറസൻറ് ലാംബ് ഇവ പ്രചരിപ്പിക്കാനുള്ള സാധ്യത ഉപയോഗിക്കണം. മരങ്ങൾ വെച്ചുപിടിപ്പിക്കാനുള്ള സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തണം.

മാർക്കറ്റ്

കുമരകത്തെ ഈ മേഖല വളരെ മോശമായ നിലയിലാണ്. കുമരകത്തുള്ള മീൻ ചന്തയിലെ വില്പന ഗണ്യമായി കുറഞ്ഞുവരുന്നു. ജട്ടിക്കു സമീപമുള്ള ബിസിനസ്സ് വർദ്ധിക്കുന്നുണ്ട്. വളരെ വൃത്തിഹീനമായ ചുറ്റുപാടിലാണ് ചന്തയിൽ മത്സ്യവും ഇറച്ചിയും വിൽക്കുന്നത്. ഈ മാർക്കറ്റ് പഞ്ചായത്ത് ഏറ്റെടുത്ത് സൗകര്യപ്രദമായ കെട്ടിടങ്ങൾ പണികഴിപ്പിച്ച് നന്നായി നടത്തണം.

കുമരകത്ത് കാർഷികവിഭവങ്ങൾ വിപണനം ചെയ്യാനും കാലികളെ വിൽക്കാനും വാങ്ങാനും ചന്തകൾ സംഘടിപ്പിക്കേണ്ടതാണ്.

കുമരകം ചന്തക്കവലയിൽ ഗതാഗതത്തെ വീർപ്പുമുട്ടിക്കുന്ന തരത്തിൽ ഇന്നു കാണുന്ന പഴകിയ കെട്ടിട സമുച്ചയങ്ങൾ നീക്കി പ്രധാന റോഡിന് വീതി നൽകുകയും ഉള്ളിലേക്ക് മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ബഹുനില ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കേണ്ടതുമാണ്.



5:7

പാർപ്പിടം, സാമൂഹ്യക്ഷേമം

പഞ്ചായത്തിൽ എല്ലാ കുടുംബങ്ങൾക്കും മിനിമം സൗകര്യങ്ങളോടുകൂടിയ പാർപ്പിടം ലഭ്യമാക്കോണ്ടതുണ്ട്. 1991ലെ സെൻസസ്പ്രകാരം മൊത്തം വീടുകളുടെ എണ്ണം 4502.

മൊത്തം നൽകിയിട്ടുള്ള റേഷൻകാർഡുകൾ 4841.

ഓരേ വീട്ടിൽ രണ്ടു കുടുംബങ്ങൾ എന്നനിലയിൽ പാർക്കുന്ന വരുടെ എണ്ണം ഏകദേശം 300

ഇത്രയും പേർക്ക് ഉടനേ പുതിയ വീട് ആവശ്യമുണ്ടെന്നർത്ഥം. എന്നാൽ IRDPസർവേപ്രകാരം പുതുതായി ആവശ്യമുള്ള വീടുകളുടെ എണ്ണം 2111

നിലവിലുള്ള വീടുകളിൽ സാനിറ്ററി കക്കൂസ് ആവശ്യമുള്ള വീടുകളുടെ എണ്ണം IRDPസർവേപ്രകാരം 2067.

ഓലമേച്ചിൽ മാറ്റി ഓടിടേണ്ട വീടുകൾ 311

പുതുക്കിപ്പണി ആവശ്യമുള്ള ചെറ്റപ്പുരകൾ 393

വൈദ്യുതീകരിക്കേണ്ട വീടുകൾ 1973.

പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കേണ്ട വീടുകൾ 2700.

ഇത്രയും ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് കുമരകത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ നിരവധി പ്രശ്നങ്ങളുണ്ട്. പ്രധാനകാര്യം ഭൂമിയുടെ വിലയിലുണ്ടായ കുതിച്ചുചാട്ടമാണ്. സെന്റിന് 5000 രൂപ മുതൽ 20,000 രൂപ വരെ ഭൂമിക്കുവിലയുണ്ട്.

ഭവനനിർമ്മാണം ഇവിടെ അത്യന്തം ദുഷ്ക്കരമായ ഒരു ജോലിയാണ്. നല്ല പണിക്കാരെ കിട്ടാനില്ല. ആശാരിമാരുടെ പ്രതിദിനവേതനം 125 രൂപയാണ്. മൈക്കാടു പണിചെയ്യുന്നവർക്ക് 100 രൂപയാണുകൂലി. നാട്ടിൽ പണിക്കാരുടെ ദൗർലഭ്യം ഉണ്ട്. തമിഴ്നാട്ടിൽ നിന്നും കുടിയേറിയ ചില പണിക്കാരെ ലഭ്യമാണ്.

വീടുപണിയുടെ സംഘാടനത്തിലും നിർവഹണത്തിലുമുള്ള പരിചയക്കുറവുമൂലം അധികച്ചെലവുണ്ടാകുന്നു. ഇക്കാര്യത്തിൽ മെച്ചപ്പെട്ട സാങ്കേതിക സഹായം കുറഞ്ഞ ചെലവിൽ ലഭ്യമല്ല.

കെട്ടിടംപണിയാനുള്ള സാമഗ്രികൾക്കെല്ലാം വമ്പിച്ച വിലക്കയറ്റമാണ്. സിമന്റ്, ഇഷ്ടിക, തടി എല്ലാം കുമരകത്ത് ഇറക്കുമതിചെയ്യണം. മണലിനും കരിങ്കല്ലിനും എല്ലാം ഇവിടെ വിലക്കൂടുതലാണ്. വീടുപണിയുന്ന സ്ഥലത്ത് ഈ സാധനങ്ങൾ എത്തിക്കണമെങ്കിൽ പല യിടത്തും ലോറിയിലും വള്ളത്തിലും പിന്നെതലച്ചുമടായും വേണ്ടിവരും. ഇതെല്ലാം കെട്ടിടനിർമ്മാണച്ചെലവും ബുദ്ധിമുട്ടും വർദ്ധിപ്പിക്കും . പുറപണിയുന്നതിന് സ്റ്റാൻഡേർഡൈസ് ചെയ്ത കട്ടിള, ജനൽ ഇവ നിർമ്മിച്ചു വിതരണം ചെയ്യുന്ന വ്യവസായം ഉണ്ടാവണം. ഹോളോ ബ്രിക്സ് നിർമ്മിക്കുന്ന യൂണിറ്റുകൾക്കും സാധ്യതയുണ്ട്.

കക്കൂസും പുകയില്ലാത്ത അടുപ്പും പണിയുന്നതിനുള്ള പരിശീലനം പണിക്കാർക്കും തൊഴിൽ രഹിതർക്കും നൽകുന്ന സംവിധാനം ഉണ്ടാവണം.

കായലിലെ കട്ടയോടൊപ്പം ചകിരിയും ചില രാസവസ്തുക്കളും ചേർത്ത് കുഴച്ച് ഇഷ്ടികയുണ്ടാക്കാമെന്ന് കുമരകത്തു തന്നെയുള്ള ഒരു യുവശാസ്ത്രജ്ഞൻ കണ്ടുപിടിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാൽ കുറഞ്ഞചെലവിൽ കുമരകത്തുതന്നെ ലഭ്യമാകുന്ന ചെളിയുപയോഗിച്ച് ഇഷ്ടിക നിർമ്മിക്കാൻ കഴിയും.

ചെലവു കുറഞ്ഞതും, സൗകര്യപ്രദവുമായ വീട് നാട്ടിൽ ലഭ്യമായ വസ്തുക്കളുപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പരിശീലനവും നൽകണം.

വീടു നിർമ്മിക്കുന്നതിന് വായ്പയും സാമ്പത്തിക സഹായവും നൽകുന്ന നിരവധി ഏജൻസികൾ ഇന്നുണ്ട്. ഇവയിൽ ഏറ്റവും പ്രധാനം ഹൗസിംഗ് ബോർഡാ

ണ്. ബോർഡ് അനുവദിക്കുന്നവായ്പ മൂന്നു ഗഡുക്കളായാണ് നൽകാറുള്ളത്. സ്റ്റേജ്സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് പണിക്കു തടസം വരാതെ വായ്പാഗഡുക്കൾ നൽകാൻ പലപ്പോഴും ഇവർക്കു കഴിയാറില്ല. ധാരാളം നഷ്ടം വായ്പക്കാരൻ സഹിക്കേണ്ടിവരുന്നു. ഗഡുക്കൾ കൃത്യമായി നൽകാതിരുന്നതുമൂലം വായ്പക്കാരനുണ്ടാകുന്ന നഷ്ടം ഹൗസിംഗ് ബോർഡോ, കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥനോ നൽകുന്നതിന് വ്യവസ്ഥയുണ്ടായാലേ ഈ കുഴപ്പം പരിഹരിക്കൂ.

കുമരകത്ത് ഒരു ഭവനനിർമ്മാണസഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട് അതിന്റെ പ്രവർത്തനവൈകല്യങ്ങൾ പരിഹരിച്ച് സംഘം വഴി കൂടുതൽ വായ്പകൾ ലഭ്യമാക്കാൻ കഴിയണം.

സാമൂഹ്യക്ഷേമം

ദാരിദ്രരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ IRDP സർവേപ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

ദരിദ്രകുടുംബങ്ങൾ IRDP സർവേ 1995

വാർഡ്	കുടുംബങ്ങളുടെ എണ്ണം	സഹായം ലഭിച്ചവർ	ദാരിദ്രരേഖക്കു മുകളിലായവർ
1	300	34	6
2	305	34	7
3	310	32	5
4	307	40	3
5	403	127	21
6	329	140	3
7	296	36	4
8	385	146	14
9	368	126	5
10	302	100	8
ആകെ	**3305**	**815**	**76**

ദാരിദ്ര്യരേഖക്കുതാഴെയുള്ള കുടുംബങ്ങളിൽ നിന്നും തെരഞ്ഞെടുത്തവർക്ക് ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നൽകുന്നുണ്ട്. ഇപ്രകാരം നൽകിയ തൊഴിൽ പരിശീലനം സംബന്ധിച്ച വിവരമാണ് താഴെ ചേർത്തിരിക്കുന്നത്.


പരിശീലനം നേടിയതൊഴിൽ	പരിശീലനം ലഭിച്ചവരുടെ എണ്ണം	തൊഴിൽ കിട്ടിയവർ	അവശേഷിക്കുന്നവർ
1. കമ്പോസിംഗ്	17	11	6
2. ഇലക്ട്രീഷ്യൻ	5	5	
3. അപ്പ്ഹോൾസ്റ്ററി	4	2	2
4. ടോയി മേക്കിംഗ്	5	5	
5. പ്ലംബിംഗ്	5	5	
6. തയ്യൽ	10	8	2
7. റേഡിയോ, ടി.വി..നന്നാക്കുന്നത്	3	1	2
8. ഫ്ലോറിക്കൾച്ചർ	2	1	1
ആകെ	**51**	**38**	**13**

താഴെപ്പറയുന്ന പെൻഷനുകൾ കുമരകത്ത് ലഭിക്കുന്നുണ്ട്. എന്നാൽ ഇത് ഓരോമാസവും കൃത്യമായി കിട്ടാറില്ല.

അനുവദിച്ചവർഷം	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	ക്ഷയരോഗി പെൻഷൻ	കാൻസർ പെൻഷൻ	വാർദ്ധക്യ പെൻഷൻ
1991	1	6	4	-	3
1992	2	3	5	-	1
1993	2	3	5	-	1
1994	3	3	5	3	1
1995	14	6	4	4	-
ആകെ	**22**	**22**	**20**	**7**	**6**

മേൽ വിവരിച്ച പെൻഷനുകൾക്ക് അപേക്ഷ നൽകി അനുവദിപ്പിച്ചെടുക്കുന്നത് അത്യന്തം ദുഷ്ക്കരമായ കാര്യമാണ്. അനുവദിച്ചു കഴിഞ്ഞാലും ഇതു കൃത്യമായി കിട്ടാറുമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ ചെലവാക്കുന്ന പണം കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല. അതിനാൽ ഇത്തരം പെൻഷൻ അനുവദിക്കുന്നത് ഗ്രാമസഭഅറിഞ്ഞ് ഗ്രാമപഞ്ചായത്ത് വഴിയാവണം.

ഗ്രാമത്തിൽ പൊതു പ്രവർത്തന രംഗത്ത് ജീവിതം ഉഴിഞ്ഞുവച്ച് അന്ത്യകാലത്ത് ജീവിക്കാൻ കഷ്ടപ്പെടുന്ന സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരുണ്ട്. അവർക്കും പെൻഷൻ നൽകാൻ പഞ്ചായത്തിനധികാരം കിട്ടണം. ●



5:8

സംസ്കാരം

വായനശാലാപ്രവർത്തനം, കലാപരിശീലനം തുടങ്ങിയവ കുമരകത്തെ ജനങ്ങളെ പണ്ടുമുതലേ വ്യാപകമായും ആകർഷിച്ചിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പലയിടത്തും ഭജനസംഘങ്ങൾ പ്രവർത്തിച്ചിരുന്നു. കുമരകം വടക്കുംഭാഗത്ത് ഒരു കഥകളി സംഘമുണ്ടായിരുന്നു. വി.എം. സ്ക്കൂളിനോടനുബന്ധിച്ച് ജ്ഞാനപ്രദായിനി വായനശാല പ്രവർത്തിച്ചിരുന്നു. ഇതായിരുന്നു കുമരകത്തെ ആദ്യത്തെ ഗ്രന്ഥശാല. ലൈംഷെൽ സംഘത്തോടനുബന്ധിച്ച് ഒരു വലിയ ഗ്രന്ഥശാലയും പ്രവർത്തിച്ചിരുന്നു. തുടർന്നു പ്രവർത്തനമാരംഭിച്ച കുമ്മായ വ്യവസായ സംഘവും അരനൂറ്റാണ്ടു മുൻപേ ഒരു ഗ്രന്ഥശാല ആരംഭിച്ചു. നാട്ടിലെ ചെറുപ്പക്കാർ ഒത്തുചേർന്ന് ഒന്നാം വാർഡിൽ പുല്ലുപറമ്പിൽ എസ്.എൻ.എം. ലൈബ്രറിയും ചന്തയ്ക്കുസമീപം കൾച്ചറൽ ലൈബ്രറിയും എട്ടാം വാർഡിൽ മണ്ണേക്കൽ സോഷ്യൽ ലിറ്ററി അസോസിയേഷൻ എന്ന ലൈബ്രറിയും അമ്പതുകളിൽ സ്ഥാപിച്ചു. വളരെ നല്ലനിലയിൽപ്രവർത്തിച്ചു വന്ന ഈ ഗ്രന്ഥശാലകൾ മിക്കതും പിൽക്കാലത്ത് നിന്നു പോയി.

1950കളിൽ ആരംഭിച്ച ലളിതകലാലയം നൂറുകണക്കിനു കുട്ടികളെ നൃത്തം, സംഗീതം, മൃദംഗം ഇവ അഭ്യസിപ്പിച്ചു. പിൽക്കാലത്ത് നാടകസംഗീത സംവിധാനത്തിന് സംസ്ഥാന അവാർഡ് വാങ്ങിയ കുമരകം രാജപ്പന്റെ കലാജീവിതം ഇവിടെനിന്നാണ് ആരംഭിച്ചത്. കുമരകം മണ്ണേക്കൽ ഭാഗത്ത് പൊറ്റക്കട കുഞ്ഞ്കുഞ്ഞ് ആശാൻ ചെണ്ടവാദനം ധാരാളം കുട്ടികളെ അഭ്യസിപ്പിച്ചിരുന്നു. ആദ്യത്തെ മലയാള സിനിമാനടി എം.കെ. കമലത്തെ കഥാപ്രസംഗം അഭ്യസിപ്പിച്ച കണികതറ വേലുഭാഗവതർ സംഗീതാധ്യാപകൻ വാക്കയിൽ പാപ്പച്ചൻ, ജി. രാഘവപ്പണിക്കർ, കൊച്ചുനാരായണഭാഗവതർ, കെ.പി.എ.സി. നടൻ കൂടിയായിരുന്ന ശങ്കുണ്ണിമോനോൻ, കുഞ്ഞൻ ഭാഗവതർ എന്നിവരുടെ കലാസേവനവും ശ്രദ്ധേയമാണ്. ജോൺ എന്ന ഒരുചിത്രകാരൻ അമ്പതുകൾ മുതൽ നിരവധിപേരെ ചിത്രകല അഭ്യസിപ്പിച്ചിരുന്നു. ദാമോദരന്റെ നേതൃത്വത്തിൽ സംഘടിക്കപ്പെട്ട കലാക്ഷേത്രം നൃത്തം അഭ്യസിപ്പിക്കുകയും കേരളമൊട്ടാകെ നൃത്തപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകതൊഴിലാളികളുടെ സമരരംഗങ്ങളിലും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രവർത്തനങ്ങളിലും കടന്നുവന്ന ചെറുപ്പക്കാർ കല എന്ന മാധ്യമം ശരിക്കും പ്രയോഗിച്ചവരായിരുന്നു. ഏലച്ചിറ കലാജയദേവിന്റെ വേലംപ്രവൃത്തി, നാടകങ്ങൾ, വേലുഭാഗവതരുടെ കഥാപ്രസംഗം, നാടകങ്ങൾ, കെ. ശങ്കുണ്ണി മേനവന്റെയും വെള്ളംകുളം കരുണാകരമേനവന്റെയും മറ്റും നേതൃത്വത്തിൽ സംഘടിപ്പിച്ച പട്ടീൽ പാലായനം, വിരുധ വിജയം തുടങ്ങിയ കഥകളികൾ ഇവ ആയിരങ്ങൾ നിറഞ്ഞ സദസുകളിൽ അവതരിപ്പിച്ചിട്ടുണ്ട്. അമ്പതുകൾവരെ ഇത്തരം ജനകീയകലാപ്രവർത്തനം കുമരകത്ത് ശക്തമായിരുന്നു. ഈ പ്രവർത്തനങ്ങളെയെല്ലാം രചനകൊണ്ടു സഹായിച്ച വ്യക്തിയായിരുന്നു കണ്ണമ്പള്ളി മാധവൻ. അക്കാലത്തെ പ്രസിദ്ധരായ നാടകനടികളായിരുന്നു മാധുരീദേവിയും, ഇ.കെ. തങ്കമ്മയും.

ഇന്ന് കുമരകം കലാഭവൻ പ്രവർത്തിക്കുന്നുണ്ട്. വളരെ ആഘോഷപൂർവ്വം ആരംഭിച്ച വ്യാസകാലകേന്ദ്രം കുട്ടികൾക്ക് സംഗീതം, വാദ്യസംഗീതം ഇവയിൽ പഠനക്ലളരികൾ ആരംഭിച്ചിരുന്നു. എന്നാൽ ഇതിന്റെ പ്രവർത്തനം നിലച്ചുപോയി. ഇന്ന് കലാപരിശീലനത്തിന് പുറത്തുള്ള സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് നമ്മൾ. തിരുവനന്തപുരം സംഗീതകോളജിൽ ഗാനഭൂഷണം പാസായ കുമരകം ബോസ് അറിയപ്പെടുന്ന സംഗീത സംവിധായകനാണ്.

ഇന്നു കുമരകത്തുപ്രവർത്തിക്കുന്ന വായനശാലകൾ രണ്ടെണ്ണം മാത്രമാണ്. എസ്.എൻ. എം. ലൈബ്രറിയും, വിജ്ഞാന പ്രഭ വായനശാലയും. കുമരകം പഞ്ചായത്തു മന്ദിരത്തിൽ ഒരു ഗ്രന്ഥശാലയും വായനശാലയും ആരംഭിക്കുമെന്നതീരുമാനം പലകാരണങ്ങളാൽ നടപ്പിലായിട്ടില്ല.

ഇക്കാര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണനാർഹങ്ങളായ സാധ്യതകളാണ്.

കുമരകം ഗവ. ഹൈസ്ക്കൂളിൽ പുസ്തകങ്ങൾ ഇന്നു വെളിച്ചം കാണാതെ അലമാരികളിലിരിക്കുന്നു. അവ വിഷയം തിരിച്ച് അടുക്കി പ്രത്യേകം അലമാരികളിൽ കുട്ടികൾക്കു തെരഞ്ഞെടുക്കാൻ കഴിയത്തക്കവിധത്തിൽ പ്രദർശിപ്പിക്കണം. സ്ക്കൂളിന്റെ വിശാലമായ ഒരു ഹാൾ അടവുണ്ടാക്കി അവിടെ ഈ ഗ്രന്ഥങ്ങളും, പത്രമാസികകളും വരുത്തി കുട്ടികൾക്കു ഇരുന്നു വായിക്കാനുള്ള സംവിധാനത്തിൽ സ്ക്കൂൾ ലൈബ്രറി പരിഷ്ക്കരിച്ചു പ്രവർത്തിപ്പിക്കണം.

ഈ രീതി എഛശ ഹൈസ്ക്കൂളിലും സാധ്യമാവുന്ന മറ്റു വിദ്യാലയങ്ങളിലും നടപ്പിലാക്കാവുന്നതാണ്.

കുമരകം പഞ്ചായത്താഫീസിന്റെ മുകളിലത്തെ നിലയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന ഗ്രന്ഥശാലയും വായനശാലയും ഉടനേ ആരംഭിക്കണം. ഇതോടൊപ്പൊ ഉപരിപഠനം തൊഴിൽ സാധ്യത ഇവ സംബന്ധിച്ച വിവരണ ശേഖരണം നടത്തുന്ന ഒരു ഇൻഫർമേഷൻ സെന്ററും പ്രവർത്തിക്കണം. കുമരകത്തിന്റെ വികസനവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുസഹായകരമായ ഒരു കമ്പ്യൂട്ടറൈസ്ഡ് ഡേറ്റാബാങ്കും ഇതോടൊപ്പം പ്രവർത്തിക്കണം.

കുട്ടികൾക്കു കലാ പരിശീലനം നൽകുന്ന സംഘടനകൾക്ക് നിലനിൽക്കാൻ കഴിയുന്ന പ്രോത്സാഹനങ്ങൾ നൽകേണം.

കായിക വിനോദം

കുമരകം ഗ്രാമത്തിൽ രൂപം കൊണ്ട കായിക സംഘടനകളും പ്രസ്ഥാനങ്ങളും ഒട്ടുവളരെ സംഭാവനകൾ നമ്മുടെ കായികരംഗത്തിനു നല്കിയിട്ടുണ്ട്. കുട്ടനാട്ടുകാരുടെ പ്രധാന കായിക വിനോദമായ ജലമേളകളിൽ വളരെക്കാലം അജയ്യരായി നിലനിന്നത് കുമരകത്തെ കായികതാരങ്ങളായിരുന്നു.വള്ളം കളികളുടെ ഒളിമ്പിക്സ് എന്ന് വിശേഷിപ്പിക്കാവുന്ന ആലപ്പുഴ പുന്നമടക്കായലിലെ നെഹ്രു ട്രോഫി ജലമേളയിൽ തുടർച്ചയായി രണ്ടു തവണ (1978-80,1982-84) ഹാട്രിക് വിജയം നേടിയിട്ടുള്ള കുമരകം ബോട്ടുക്ലബിലെ തുഴച്ചിൽ ടീം കോട്ടയം താഴത്തങ്ങാടി , പായിപ്പാട്, മാന്നാർ തുടങ്ങിയ ജലമേളകളിലും രാജാക്കന്മാരായിരുന്നു. ഒരു ദശാബ്ദമായി പക്ഷേ ജലമേളകളിൽ ആധിപത്യം ഉറപ്പിക്കാൻ കുമരകം ബോട്ടുക്ലബിനു കഴിയുന്നില്ല.

നമ്മുടെ ജലകായികരംഗത്തിനു പശ്ചാത്തലം ഒരുക്കിയത് കായികരംഗവും കലയും സംസ്കാരവും വിശ്വാസങ്ങളും ഒരുമയും എല്ലാം ഒത്ത് ചേർന്ന് കുമരകം കോട്ടത്തോട്ടിൽ ശ്രീനാരായണ ജയന്തി ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെടുന്ന കുമരകം വള്ളം കളിയാണ്. അര നൂറ്റാണ്ടായി തുടർച്ചയായി മത്സരപ്രാധാന്യത്തോടെ ചരിത്ര പ്രസിദ്ധമായ ഈ ജലമേള സംഘടിപ്പിക്കുന്നത് കുമരകം ശ്രീനാരായണ ജയന്തി പബ്ലിക് ബോട്ട്റേസ് ക്ലബാണ്.

നൂറ്റാണ്ടിനോടടുക്കുന്ന കുമരകം വൈ.എം.സി.ഏ ഒരു ദശാബ്ദത്തിനു മുമ്പുവരെ വിവിധകായികരംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നല്കിയിട്ടുണ്ട്. ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ , തുടങ്ങിയവയിൽ പരിശീലനം കൊടുക്കുവാനും ഒട്ടനവധി കായിക പ്രതിഭകളെ വളർത്തിക്കൊണ്ടുവരുവാനും വൈ.എം.സി.ഏ യ്ക്കു കഴിഞ്ഞിട്ടുണ്ട്. ഇടക്കാലം കൊണ്ട് കായിക പരിശീലനരംഗത്ത് നിർജ്ജീവമായിരുന്ന വൈ. എം.സി.ഏ. ബാസ്ക്കറ്റ് ബോളിൽ വീണ്ടും പരിശീലനം ആരംഭിച്ചിട്ടുണ്ട്.

ശ്രീനാരായണ സ്പോർട്ട്സ് ക്ലബ്ബ് കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനതല വോളിബോൾ മത്സരം സംഘടിപ്പിക്കുന്നു. വോളിബോളിൽ പരിശീലനവും വിദ്യാർത്ഥികളുടെ മറ്റുകായിക മത്സരങ്ങളും സംഘടിപ്പിക്കുന്ന രംഗത്ത് ഈ ക്ലബ് ശ്രദ്ധിക്കുന്നുണ്ട്.

എല്ലാ വർഷവും തെന്നിന്ത്യൻ കബഡി ടൂർണ്ണമെൻറ് സംഘടിപ്പിച്ചുകൊണ്ട് ഡിസംബർ മാസങ്ങൾക്ക് ഉത്സവച്ഛായ പകരാൻ കുമരകം മിറാഷ് സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്ബിനു കഴിയുന്നു. കബഡി കായിക രംഗത്ത് സംസ്ഥാന നിലവാരത്തിലുള്ള ഒരു ടീം സജ്ജമാക്കാനും ഒട്ടനവധി സംസ്ഥാന ദേശീയ കായികതാരങ്ങളെ വാർത്തെടുക്കുവാനും മിറാഷ് ക്ലബ്ബിനു കഴിഞ്ഞിട്ടുണ്ട്.

കുമരകം സ്പോർട്ട്സ് ക്ലബ്ബ് എല്ലാവർഷവും യുവജന മേളകളും കലാകായികമത്സരങ്ങളും സംഘടിപ്പിക്കുന്നു. വിവിധകായികരംഗങ്ങളിൽ പരിശീലനം കൊടുക്കുന്നതിനും കുമരകം സ്പോർട്ട്സ് ക്ലബ്ബ് ശ്രദ്ധിക്കുന്നുണ്ട്.

ഇൻഡോർ ഗെയിംസുകൾ സംഘടിപ്പിക്കുന്ന രംഗത്ത് കുമരകം KCYMA തനതായ വ്യക്തിത്വം നിലനിറുത്തി നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണ്. ഈ സംഘടന മുമ്പ് സംസ്ഥാനതല വോളിബോൾ, ബാസ്ക്കറ്റ്ബോൾ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു.


മാർ ഇഗ്നാത്തിയോസ് യൂത്ത് അസോസിയേഷൻ കലാകായിക രംഗങ്ങളിലും മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങളിലും പ്രവർത്തിക്കുന്ന യുവജന പ്രസ്ഥാനമാണ്.

യുവദീപ്തി യുവജനസംഘടന കുമരകം നവ നസ്രേത്ത് ചർച്ചിനോടനുബന്ധിച്ച് യുവജന പ്രവർത്ത നങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തി സജീ വമായി കുമരകത്തിന്റെ മുഖ്യധാരയിൽ നിലനിൽക്കുന്ന സംഘടനയാണ്. കുമരകം കവണാറ്റിൻകരയിൽ എസ്. എൻ. എം. ലൈബ്രറിയോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് വിവിധ കായിക രംഗങ്ങളിൽ പരിശീലനവും മാർഗ്ഗനിർദ്ദേ ശവും കൊടുക്കുന്ന സംഘടനയാണ് എസ്. എൻ. എം. സ്പോർട്ട്സ് ക്ലബ്.

ആദ്യകാലങ്ങളിൽ വളരെ സജീവമായി പ്രവർത്തി ച്ചിരുന്ന കുമരകം വൈ. എം. എൻ. എ. ഇന്ന് കായിക രംഗങ്ങളിൽ കാര്യമായ പ്രവർത്തനങ്ങൾ നടത്തി കാണു ന്നില്ല.

കുമരകത്തിന്റെ വിവിധഭാഗങ്ങളിൽ കായിക രംഗ വും മറ്റു സംസ്ക്കാരിക മേഖലകളുമായി ബന്ധപ്പെട്ട് ഇപ്പോഴും പ്രവർത്തിക്കുന്ന നിരവധി ക്ലബ്ബുകളുണ്ട്. രണ്ടും മൂന്നും വാർഡുകളിലായി പ്രവർത്തിക്കുന്ന ആപ്പിത്താ സ്പോർട്ട്സ് ക്ലബ്ബ് ഏഴാം വാർഡിലെ യുവധാര ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, എട്ടാം വാർഡിൽ കലാസാ രഥി ക്ലബ്ബ് അട്ടിപ്പീടിക ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, ദേവമാതാ ആർട്ട്സ് ആന്റ് സ്പോർട്ട്സ്, കരി യിൽ സ്പോർട്ട്സ് ക്ലബ്ബ്, അഞ്ചാം വാർഡിൽ ശ്രീകൃഷ്ണ വിലാസം തോപ്പിൽ മിനി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, വേൾഡ് വിഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യ ത്തിൽ മേലേക്കര, ചൊള്ളന്തറ, കൊഞ്ചുമട, നസ്രേത്ത് തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വികസന സമി തികൾ, ഒമ്പതാം വാർഡിലെ മംഗളം കലാസാഹിത്യവേ ദിതുടങ്ങിയ സംഘടനകളും, വിവിധ ക്രിക്കറ്റ് ക്ലബ്ബുക ളും കുമരകത്തെ കായിക രംഗത്തെ യുവജന പങ്കാളി ത്തത്തിന് സജീവത നൽകുന്ന പ്രസ്ഥാനങ്ങളാണ്.

മൊത്തത്തിൽ നമ്മുടെ ദേശീയധാരയിൽ ഒട്ടും മോശമല്ലാത്ത ഒരു കായികസംസ്ക്കാരവും തിളക്കമാർന്ന പശ്ചാത്തലവും നമ്മുടെ ഗ്രാമത്തിനുണ്ട്. ●



ഗോപുരഘടികാരവും പെട്ടിയും പറയും

1920 -ൽ ഇല്ലിക്കളത്തിൽ ശ്രീ. ഏബ്രഹാം ജോൺ എന്ന കുട്ടനാടൻ കർഷകൻ സ്വയം നിർമ്മിച്ച ഗോപുരഘടികാരം ഇന്നും പിഴവു കൂടാതെ സമയം കാണിക്കുന്നു. കുമരകം ബോട്ടുജെട്ടിക്കു പടിഞ്ഞാറുള്ള സ്വന്തം വീടിന്റെ പടിവാതുക്കൽ ഈ ഭീമാകാരൻ ഘടികാരം കാഴ്ചക്കാർക്ക് ഒരത്ഭുതവസ്തുതന്നെ. ഒരു നാടൻ കൃഷി ക്കാരന്റെ ഈ കഴിവ് കേട്ടറിഞ്ഞ് അന്നത്തെ തിരുവിതാംകൂർ മഹാ രാജാവ് സ്വർണ്ണ പതക്കം നൽകി. ഒരു ഭാരതീയന്റെ ഈ കഴിവിൽ അഭിമാനം തോന്നിയ മഹാത്മാഗാന്ധി ഒരു അഭിനന്ദന സന്ദേശമയച്ചു.

ഇംഗ്ലണ്ടിലെ സെന്റ് തോമസ് വാച്ച് കമ്പനിയുടെ ക്ലോക്ക് കണ്ടുപഠിച്ച് എട്ടു വർഷം കൊണ്ടാണ് ഈ കുമരകംകാരൻ ക്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കിയത്.

ഉയർത്തിവയ്ക്കാവുന്ന രണ്ടു ഭാരക്കട്ടകളാണ് ഘടികാരത്തിനു പ്രവർത്തിക്കുവാൻ വേണ്ട ഊർജ്ജം നൽകുന്നത്. ഭാരക്കട്ടകൾ സാവ ധാനം താഴുന്നതനുസരിച്ച് പെൻഡുലം ചലിച്ചുകൊണ്ടിരിക്കും. കട്ട കൾ നിലത്തു മുട്ടുന്നതിനു മുൻപ് അവ കീകൊടുത്ത് ഉയർത്തണ മെന്ന് മാത്രം. ഓടുകൊണ്ട് നിർമ്മിച്ച മണിയിൽ പൽച്ചക്രത്തിൽ ഘടിപ്പിച്ച ചുറ്റിക ഓരോ അര മണിക്കൂറിലും സമയം അളന്നടിക്കും. നാലു കിലോമീറ്റർ ചുറ്റളവിൽ മണിയൊച്ചകേൾക്കാം. മണിയുടെ നാദം കൂട്ടാനും കുറക്കാനും കഴിയും. 15 മിനിറ്റു കൂടുമ്പോൾ മണി അടിപ്പിക്കാൻ കഴിയുന്ന വിധത്തിലും ഘടികാരം സജ്ജീകരിക്കാം.

ഗോപുര ഘടികാരത്തിന്റെ യന്ത്രഭാഗങ്ങൾ ഏതു ലോഹ കൂടുകൊണ്ടു നിർമ്മിച്ചതാണെന്ന് ആർക്കും അറിയില്ല.

ശ്രീ ഏബ്രഹാം ജോണിനെക്കുറിച്ചു മറ്റൊരു കഥകൂടിയുണ്ട്. അദ്ദഹത്തിലൂടെയാണ് കുട്ടനാട്ടിൽ വെള്ളം വറ്റിക്കുന്ന പെട്ടിയും പറ യും പ്രചരിച്ചത്. ഇന്നു വരെ കണ്ടെത്തിയിട്ടുള്ള എല്ലാ പമ്പുസെറ്റുക ളെക്കാളും കാര്യക്ഷമതയോടെ വെള്ളം വറ്റിക്കാനുപയോഗിക്കുന്ന യന്ത്ര മാണ് മോട്ടോറും പെട്ടിയും പറയും.

ഈ നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ബ്രണ്ടൻ എന്നൊരു സായി പ്പാണ് കുട്ടനാട്ടുകാർക്കുവേണ്ടി ആദ്യമായി പെട്ടിയും പറയും നിർമ്മി ച്ചത്. അതിനു മുൻപ് ചക്രം ചവിട്ടി രാപകൽ നൂറുകണക്കിനാലുകൾ അധ്വാനിച്ചാണ് കൃഷിനിലങ്ങളിൽ വെള്ളം വറ്റിച്ചിരുന്നത്.

ബ്രണ്ടന്റെ ഓയിൽഎൻജിനും പെട്ടിയും പറയും ഏവർക്കും അനുഗ്രഹമായി. എന്നാൽ പറക്കകത്തുള്ള 'ഇലവെട്ട് ബ്രണ്ടന്റെ ആൾക്കാർ പൊതിഞ്ഞു ഭദ്രമായിക്കൊണ്ടുവന്നിരുന്നു. അതിനാൽ പെട്ടി യും പറയുടേയും സാങ്കേതികരഹസ്യം ബ്രണ്ടന്റെ കച്ചവട താല്പര്യ ത്തിനുവേണ്ടി മറച്ചുവെയ്ക്കപ്പെട്ടു. എന്നാൽ കുശാഗ്രബുദ്ധിയായ ഏബ്ര ഹാം ജോൺ ഈ രഹസ്യം പറക്കുഴിയിൽ രാത്രി മുങ്ങിച്ചെന്ന് കണ്ടു പിടിച്ചു. ബന്ധപ്പെട്ട ചില വിദേശ എൻജിനിയറിംഗ് ഗ്രന്ഥങ്ങളുടെ കൂടി സഹായത്തോടെ അദ്ദേഹം അടുത്തുള്ള ഒരു കൊല്ലനെക്കൊണ്ട് ഇലവട്ടു നിർമ്മിച്ചു. സ്വന്തമായി പെട്ടിയും പറയുമുണ്ടാക്കി വെള്ളം വറ്റിക്കാൻ തുടങ്ങി. ഇങ്ങനെ കുട്ടനാട്ടിൽ പ്രചരിച്ച ഈ സാങ്കേതിക വിദ്യ ബ്രണ്ടൻ സായിപ്പിന്റെ കച്ചവടം പൂട്ടിച്ചു. 1939 - ൽ 61 - ാമത്തെ വയസിലാണ് ശ്രീ ഏബ്രഹാം ജോൺ അന്തരിച്ചത്.

ശ്രീ ഏബ്രഹാം ജോണിന്റെ പുത്രനായിരുന്നു അന്തരിച്ച ശ്രീ ജോൺ ഏബ്രഹാം. കുട്ടനാടിന്റെ പാരിസ്ഥിതിക സംരക്ഷണ ത്തിനുവേണ്ടി ജീവിതകാലം മുഴുവൻ പ്രവർത്തിച്ച ഇദ്ദേഹം 'കുട്ടനാട്' എന്ന ഗ്രന്ഥത്തിന്റെ കർത്താവു കൂടിയാണ്, പരിസ്ഥിതി രംഗത്തു നല്ല പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന പ്രമുഖ വ്യക്തികൾക്കു കേരള ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡിന്റെ പേര് 'ജോൺ ഏബ്രാഹാം' അവാർഡ് എന്നാണ്. ●

5:9

വനിത

സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി

അവഗണിക്കപ്പെടുന്ന സത്രീ നാടിന്റെ വികസനത്തെ ഏറെ ബാധിക്കുന്നതാണ്. കുമരകത്തെ ജനസംഖ്യയിൽ സത്രീകളുടെ നില വ്യക്തമാക്കുന്ന ചില വസ്തുതകൾ താഴെ ചേർക്കുന്നു.

1. പുരുഷന്മാരേക്കാൾ സ്ത്രീകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു.

2. സ്ത്രീകളുടെ ആയൂർദൈർഘ്യം ഇവിടെ കൂടുതലാണ്.

3. സ്ത്രീകളുടെ ആയൂർദൈർഘ്യം കൂടുതലാണെങ്കിലും അവരുടെ രോഗാതുരത പുരുഷന്മാരെ അപേക്ഷിച്ച് ഏറെ വർധിക്കുന്നു എന്നു കാണാം. (കുമരകം പ്രൈമറി ഹെൽത്തു സെന്ററിൽ ചീട്ടെഴുതിയ രോഗികളുടെ എണ്ണത്തിൽ സ്ത്രീകളാണ് 66 ശതമാനം എന്നതിൽ നിന്നും ഇക്കാര്യം വ്യക്തമാണ്.)

കുമരകം പി.എച്ച്.സി. യിൽ 30-10-96 ൽ കിടത്തി ചികിത്സിച്ച രോഗികളിലും മഹാഭൂരിപക്ഷം സ്ത്രീകളാണ്. കണക്കു താഴെ ചേർക്കുന്നു.

ആകെ രോഗികൾ	പെൺ	ആൺ
33	21	12

കുമരകത്ത് വേതനം കിട്ടുന്ന സ്ഥിരജോലികൾ ഉള്ള വിദ്യഭ്യാസ രംഗത്തും ആശുപത്രിയിലും തൊഴിലെടുക്കുന്നവരിൽ വനിതകളാണ് മുന്നിൽ. കർഷക തൊഴിലാളികളിലും സത്രീകൾ തന്നെ മുന്നിൽ.

	പെൺ	ആൺ	പെണ്ണിന്റെ ശതമാനം
അദ്ധ്യാപകർ	130	37	77.84
ആശുപത്രി ജീവനക്കാർ	23	8	74.19
കർഷക തൊഴിലാളികൾ	1777	1209	59.51

കൃഷിനടത്തിപ്പ്, കച്ചവടം, വ്യവസായം നടത്തിപ്പ് ഈ രംഗങ്ങളിൽ പുരുഷന്മാർക്കാണ് നേതൃത്വം. കുടുംബത്തിനുവേണ്ടി ഏറെ കഷ്ടപ്പെടുന്നവർ സ്ത്രീകളാണെങ്കിലും കുടുംബത്തെ ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്ന രംഗത്ത് സത്രീകളെ അവഗണിക്കുന്നു. ഭാര്യയും ഭർത്താവും പരസ്പരം ചർച്ചചെയ്തു തീരുമാനങ്ങൾ കൈക്കൊള്ളുന്ന രീതി വളരെ കുറവാണ്.

ഭൂമിയുടെ ഉടമാവകാശം സ്ത്രീകൾക്കു വളരെ കുറവാണ്. സംഘടനാപാടവം ആവശ്യമുള്ള ജോലികളിൽ സ്ത്രീകളെ നിയോഗിക്കപ്പെടാറില്ല. ആജ്ഞാനുസരണം ചെയ്യേണ്ട ജോലികളിലാണ് സ്ത്രീകളെ നിയോഗിക്കുന്നത്.

വിവാഹക്കമ്പോളത്തിൽ ശ്രദ്ധിക്കപ്പെടുവാൻ പെണ്ണിനെ ഒരുക്കിനിർത്തുന്ന ജോലിയാണ് ചില കുടുംബം പ്രാധാന്യം നൽകി ചെയ്യുന്നത്. ഉദ്യോഗവും വരുമാനവും ഇക്കാര്യത്തിൽ ആകർഷകമാണ്. ഉദ്യോഗമുള്ള പെണ്ണിന് കുറവു സ്ത്രീധനം മതി. അതിനാൽ എങ്ങനെയും മകൾക്കൊരുദ്യോഗം സമ്പാദിച്ചുകൊടുക്കാൻ കുടുംബമാകെ ശ്രമിക്കും.

കാർഷിക മേഖലയിൽ പൊരിവെയിലത്തു കളപറിക്കുകയും നിലമൊരുക്കുകയും കൊയ്ത്തു നടത്തുന്നതിലും സ്ത്രീകളാണു മുന്നിൽ. ഇതിൽ കൊയ്ത്തിനു ഉല്പന്നമായാണ് കൂലി. കൊയ്തു മെതിച്ചു നൽകുന്ന നെല്ലിന്റെ ആറിൽ ഒന്ന് തൊഴിലാളിക്കു കിട്ടും. എന്നാൽ മറ്റു ജോലികളിൽ ആണിനും പെണ്ണിനും കൂലിയിൽ അന്തരം പണ്ടുമുതലേ നിലനിൽക്കുന്നു. നെൽവയലിലെ 6 മണിക്കൂർ ജോലിക്ക് സ്ത്രീക്ക് 45 രൂപയും പുരുഷന് 100 രൂപയുമാണ് ഇപ്പോൾ കിട്ടുന്ന കൂലി. സ്ത്രീകൾക്ക് കൂലി കുറവായതിനാൽ കെട്ടിടനിർമ്മാണം, ചുമടുജോലി ഇവയിൽ പുരുഷന്റെ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സ്ത്രീകൾ നിയോഗിക്കപ്പെടുന്നുണ്ട്. കുമരകത്തിനുവെളിയിൽ തീപ്പെട്ടി കമ്പനി, റബ്ബർ ബാൻഡ് വ്യവസായം, ചെരുപ്പുനിർമ്മാണം, സെയിൽസ് ഗേൾ ജോലി ഇവയ്ക്ക് വളരെ തുച്ഛമായ കൂലിക്ക് (പ്രതിദിനം 20 രൂപ) കുമരകത്തുനിന്നും പെൺകുട്ടികൾ പോയി പണിയെടുക്കുന്നു. ഈ മേഖലയിൽ സത്രീകൾക്കു മിനിമം കൂലി ബാധകമാക്കിയിട്ടില്ല. ഇവരുടെയിടയിൽ ട്രേഡുയൂണിയനും പ്രവർത്തിക്കുന്നില്ല.

ദാരിദ്രരേഖക്കു താഴെയുള്ള ഗ്രാമീണ വനിതകൾ കൂട്ടുചേർന്ന് വായ്പയും സർക്കാർ ധനസഹായവും ഉപയോഗിച്ച് തുടങ്ങിയിട്ടുള്ള ഒരു DWCRA യൂണിറ്റുമാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. മറ്റൊരു യൂണിറ്റ് അനുവദിച്ചെങ്കിലും ബാങ്ക്വായ്പ നിഷേധിച്ചതിനാൽ പ്രവർത്തിക്കാൻ കഴിഞ്ഞില്ല. ●

5:10

സഹകരണം

സാമ്പത്തികപരിഷ്ക്കർത്താവായ ടി.കെ. മാധവന്റെ നേതൃത്വത്തിൽ കുമരകത്തു കക്കാതൊഴിലാളികളെ സംഘടിപ്പിച്ചു പ്രവർത്തനം ആരംഭിച്ച കുമരകം ലൈംഷെൽ സഹകരണസംഘം ക്ലിപ്തം നമ്പർ 1782 ആണ് കക്കാ സംഘങ്ങളിൽ കേരളത്തിൽ ആദ്യത്തേത്. 1928 ഓഗസ്റ്റ് 23ന് രജിസ്റ്റർ ചെയ്ത ഈ സംഘം 1928 സെപ്റ്റംബർ 4ന് പ്രവർത്തനം ആരംഭിച്ചു. ഈ സംഘത്തിന്റെയും തുടർന്നു പ്രവർത്തനം ആരംഭിച്ച കൈനകരി കക്കാവ്യവസായ സഹകരണസംഘത്തിന്റെയും ആദ്യകാല പ്രവർത്തനവിജയത്തിനു പിന്നിൽ പ്രവർത്തിച്ചത് സഹകരണ ഇൻസ്പെക്ടർ പി.കെ.കൃഷ്ണപിള്ളയായിരുന്നു. ഈ സംഘങ്ങൾ വഴി ക്ഷേമ പദ്ധതികൾ അദ്ദേഹം ആവിഷ്ക്കരിച്ചു. തൊഴിലാളി സംഘത്തോടൊപ്പം ഗ്രന്ഥശാലയും സ്ഥാപിച്ചു. ഇദ്ദേഹത്തെ തിരുവിതാംകൂർ സഹകരണ രജിസ്റ്റാർ 1121 ഇടവം 22 നു ചെയ്ത ഒരു പ്രസംഗത്തിൽ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. 1119കന്നി മാസം മുതൽ രണ്ടരവർഷക്കാലം കൊണ്ട് 100 ൽപരം കോരുകാർ 37,637 ടൺ കക്കാശേഖരിച്ചതായും കൂലിയിനത്തിൽ 118853 രൂപയും ബോണസിനത്തിൽ 12,000 രൂപയും കൈപ്പറ്റിയതായും രേഖപ്പെടുത്തിയിരിക്കുന്നു. (സഹകരണമാഹാത്മ്യം-പ്രഭാഷണസമാഹാരം-കെ. മാധവക്കുറുപ്പ് എം. എ തിരുവിതാംകൂർ സഹകരണസംഘം രജിസ്ട്രർ 1118-23. തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിട്യൂട്ട്-1124) പേജ്. 182, 207) ഈ സംഘങ്ങളുടെ കൂട്ടായശ്രമഫലമായിട്ടാണ് വേമ്പനാട്ടു കായലിലെ കക്കാവാരുന്നതിന് തൊഴിലാളി സംഘങ്ങൾക്ക് ഏകാവകാശം ലഭിച്ചത്.

1963-64 ൽ കുമരകം കക്കാസംഘത്തിലെ 125 കോരുകാർ 18,150 ടൺ കക്ക ശേഖരിച്ചു. അന്നു സംഘത്തിന് 2.20 ലക്ഷം രൂപയുടെ പ്രവർത്തനമൂലധനവും 3,69,783 രൂപയുടെ ആസ്തിയും 23015 രൂപ ലാഭവുണ്ടായിരുന്നു. (Kerala District Gazatteers, Kottayam 1975)

എന്നാൽ ഇന്ന് -1995-96 ൽ-550 കോരുകാർ 9799 ടൺ കക്കയാണ് ശേഖരിക്കുന്നത്. വേമ്പനാട്ടുകായലിലെ കക്കാശേഖരം കുറഞ്ഞതിന്റെയും തൊഴിലാളികളുടെ അദ്ധ്വാനശേഷി കുറഞ്ഞതിന്റെയും ചിത്രമാണ് മേൽ വിവരിച്ച കണക്കുകൾ കാണിച്ചുതരുന്നത്. സഹകരണ സംഘത്തിലെ തൊഴിലാളികൾക്ക് കായലിലെ കക്കാശേഖരിക്കുന്നതിനു ദിവാൻഭരണകാലത്തു കിട്ടിയകുത്തകാവകാശം തകർന്നു. രണ്ടുവ്യവസായങ്ങൾക്കു ട്രഡ്ജർ ഉപയോഗിച്ചു കക്കാവാരാൻ അനുമതി നൽകി. വ്യാജമായി കക്കാശേഖരിച്ചു സംഘത്തിനു സമാന്തരമായി കളളബിസിനസ്സ് നടത്തുന്നവർ ഈ മേഖലയിൽ സംരക്ഷിക്കപ്പടുന്നു. അവർക്ക് കയറിയിംഗ് പെർമിറ്റും ഡീലർലൈസൻസും നൽകി സംഘത്തെ തകർക്കുന്നതിനു ശക്തി പകരുന്ന നടപടികളാണ് സർക്കാരിന്റെയും മൈനിംഗ് ആൻറ് ജിയോളജി വകുപ്പിന്റെയും ഭാഗത്തുനിന്നുണ്ടാകുന്നത്.

കക്ക നീറ്റി കുമ്മായവും വെന്തകക്കയുമാക്കി വിപണനം നടത്തുന്ന ഒരു കുമ്മായ സഹകരണസംഘവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവയുൾപ്പെടെ 10 പ്രധാന സഹകരണസംഘങ്ങളാണ് കുമരകത്തുളളത്.

1992-ൽ നായർ സർവ്വീസ് സൊസൈറ്റി മുൻ കൈയ്യെടുത്ത് സ്ഥാപിച്ച വിവിധോദ്ദേശസഹകരണസംഘമാണ് കുമരകത്തെ315-ാം നമ്പർ റീജിയണൽ സർവ്വീസ്സ് സഹകരണബാങ്കായി വളർന്നത്. 1931 ൽ സമാരംഭിച്ച വടക്കുംഭാഗം സഹകരണബാങ്കും 1941ൽ സ്ഥാപിതമായ 2298-ാം നമ്പർ സഹകരണബാങ്കും ഈ രംഗത്ത് ആരോഗ്യകരമായ മത്സരത്തിലൂടെയുളള വളർച്ചനേടി. പ്രാരംഭത്തിൽ യഥാക്രമം നായന്മാരും, കത്തോലിക്കരും, യാക്കോബായക്കാരും മുൻകൈയെടുത്താണ് ഈ ബാങ്കുകൾ ആരംഭിച്ചതെങ്കിലും തുടർന്ന് എല്ലാവിഭാഗക്കാരെയും ഉൾക്കൊണ്ട് വളർന്നു പന്തലിക്കുകയുണ്ടായി.

ലൈംഷെൽ തൊഴിലാളികൾ മുൻകൈയെടുത്ത് ഇവിടെ ഒരു ഫാമിംഗ് സൊസൈറ്റി പ്രവർത്തനമാരംഭിച്ചു. അംഗങ്ങൾക്കായി മലബാറിൽ 1000 ഏക്കർ വനഭൂമി പതിച്ച് വാങ്ങി വീതിച്ചു നൽകി. എന്നാൽ സ്വകാര്യവനം ദേശവൽക്കരിച്ചതിലൂടെ സംഘത്തിന് ഭൂമി നഷ്ടമായി, പ്രവർത്തനവും നിലച്ചു.

കുമരകത്തെ രണ്ടു ഹൈസ്ക്കൂളുകളോടനുബന്ധിച്ച് നന്നായി പ്രവർത്തിക്കുന്ന സ്ക്കൂൾ സഹകരണ സംഘങ്ങളുണ്ട്. മെച്ചപ്പെട്ടപ്രവർത്തനത്തിലൂടെ വളം, കീടനാശിനിവില്പനരംഗത്തെ സ്വകാര്യ ഏജൻസികളെ തുരത്തി കുത്താകവകാശം നേടാൻ കുമരകത്തെ സഹകരണബാങ്കുകൾക്ക് കഴിഞ്ഞിരിക്കുന്നു. 66.16 ലക്ഷം രൂപയുടെ വളവും കീടനാശിനികളും 56.41 ലക്ഷം രൂപയുടെ പല ചരക്കുകളും പ്രതിവർഷം ഇവ വിറ്റഴിക്കുന്നു.

തേങ്ങയുടെ സംഭരണവും സംസ്ക്കരണവും നടത്തി കേരഫെഡിനു കൊപ്രാനൽകുന്ന പ്രവർത്തനം 315-ാം നമ്പർ സഹകരണസംഘത്തിന് ആരംഭിക്കുവാൻ കഴിയുന്ന പശ്ചാത്തലസൗകര്യങ്ങൾ ഇന്നുണ്ട്. സഹകരണ ബാങ്കുകൾ മുൻകൈയ്യെടുത്ത് കർഷകരുടെ നെല്ലു സംഭരിച്ചു വില്ക്കുന്ന സേവനവും ചെയ്യാൻ കഴിയും.

ചെലവു കുറഞ്ഞതും ഗുണനിലവാരം ഉള്ളതുമായ സ്റ്റാൻഡേർഡൈസ് ചെയ്ത കട്ടിള, ജനൽ, സിമൻറ് ഇഷ്ടിക തുടങ്ങിയ ഗൃഹനിർമ്മാവസ്തുക്കൾ ഉല്പാദിപ്പിച്ച് വിപണനം നടത്താൻ ഹൗസിംഗ് സംഘം മുൻകൈയെടുക്കേണ്ടതാണ്.

വനിതാക്ഷേമം, കാലിത്തീറ്റ നിർമ്മാണം, മത്സ്യകൃഷി, ടൂറിസം, ലാൻഡ് ഡെവലപ്പ്മെൻറ് ആൻറ് മാനേജ്മെൻറ്, കായൽക്കട്ടയിൽനിന്നുള്ള ഇഷ്ടികനിർമ്മാണം, സോപ്പുവ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും സഹകരണസംഘങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള സാദ്ധ്യയുണ്ട്.

സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തവ അല്ലെങ്കിൽ കൂടിയും നാലു കെട്ട്തെങ്ങ് സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവ സംയോജിച്ച് നാളികേര വിപണനം സംസ്ക്കരണം എന്നിവക്കായി ഒരു സഹകരണസംഘം പ്രവർത്തനം ആരംഭിക്കുന്നത് നല്ലതാണ്. ●

സഹകരണ മേഖല ഒറ്റനോട്ടത്തിൽ 1995'96

ക്രമനമ്പർ	സംഘത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗസംഖ്യ	ഷെയർ മൂലധനം രൂപാ	സ്റ്റാഫ്	വാർഷിക ടോണോവർ
(എ)	വ്യവസായ സംഘങ്ങൾ (ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ധനസഹായമുള്ളത്)					
1.	ലൈംഷെൽ സഹകരണസംഘം ക്ലിപ്തം നമ്പർ	1928	550	44000 രൂപാ	8	50 ലക്ഷം
2.	കുമ്മായവ്യവസായ സഹകരണ സംഘം	1945	105	19000	1	30 ലക്ഷം
(ബി)	ബാങ്കിംഗ് കൺസ്യൂമർ മേഖല					
1.	കുമരകം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ . 315	1922	7327	20,80380	23	
2.	കുമരകം വടക്കുംഭാഗം സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ. 1070	1931	4500	8,13,010	13	
3.	കുമരകം സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ . 2298	1941	3764	8,23,950	13	
(സി)	മത്സ്യവിപണനസംഘങ്ങൾ					
1.	ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം നമ്പർ. FK 58	1991	950	9500	1	5½ ലക്ഷം
2.	കുമരകം സൗത്ത് മത്സ്യോല്പാദക സഹകരണ സംഘം നമ്പർ. FK 693	1972	471	5250	1	5,64500
3.	കുമരകം മത്സ്യവ്യവസായ സഹകരണസംഘ നമ്പർ. 647	1924	419	16543	3	2,52,618
(ഡി)	ഭവനനിർമ്മാണ രംഗം					
1.	ഭവനനിർമ്മാണ സഹകരണ സംഘം നമ്പർ. K 148	1960	312	73,785	2	
(ഇ)	ക്ഷീരോല്പാദക സഹകരണസംഘം നമ്പർ. K. 2/6	1989	467	42,101	4	55,00,000
2.	അട്ടിപ്പീടിക ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ. K 1320	1991	281	2930	3	34,27,285

5:11

പട്ടികജാതി പട്ടികവർഗം

പട്ടികജാതി പട്ടികവർഗത്തിന്റെ കുമരകത്തെ വാർഡുതിരിച്ചു ജനസംഖ്യ താഴെ ചേർക്കുന്നു.

വാർഡ്	പട്ടികജാതി		പട്ടികവർഗം	
	ആൺ	പെൺ	ആൺ	പെൺ
1	73	57	-	-
2	55	52	-	-
3	46	43	2	4
4	14	24	3	6
5	24	18	40	35
6	52	47	-	-
7	38	35	-	-
9	45	39	-	-
10	105	120	-	-
ആകെ	**525**	**495**	**45**	**45**

IRDP സർവേ പ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ള പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെ വിവരം താഴെ ചേർക്കുന്നു.

വാർഡ്	SC/ST കുടുംബങ്ങൾ	സാമ്പത്തിക സഹായം ലഭിച്ച SC/ST കുടുംബങ്ങൾ
1	11	10
2	10	8
3	-	6
4	5	5
5	32	31
6	16	16
7	7	7
8	41	41
9	27	27
10	47	46
ആകെ	**196**	**197**

കുമരകത്തെ സ്കൂളുകളിലെ SC/ST കുട്ടികളുടെ പഠന നിലവാരം

മൊത്തം കുട്ടികൾ	SC/ST കുട്ടികൾ			SC/ST കുട്ടികളിൽ	
	ആൺ	പെൺ	മൊത്തം	തോറ്റു പഠിക്കുന്നവർ	91നുശേഷം പഠനം നിർത്തിയവർ
3904	107	88	195	23	14

തോറ്റുപഠിക്കുന്ന SC/ST കുട്ടികൾ ഈ വിഭാഗത്തിലെ മൊത്ത വിദ്യാർത്ഥികളുടെ 11.8 ശതമാനമാണ്. എന്നാൽ ഇതരവിഭാഗങ്ങളിൽ 10 ശതമാനം മാത്രമാണ് തോറ്റു പഠിക്കുന്നവർ.

കുമരകത്ത് പട്ടികജാതി കോളനികൾ നിലവിലില്ല. 8പട്ടികവർഗകുടുംബങ്ങൾ അടുത്തടുത്തു താമസിക്കുന്ന ഒരു കോളനിയുണ്ട്. ഉള്ളാട വിഭാഗത്തിലുള്ളവരാണ് ഈ കോളനിയിൽ. ട്രബൽ ഡവലപ്മെന്റ് പദ്ധതിയിൽ പെടുത്തി ഇവർക്കെല്ലാം വീടു വയ്ക്കുന്നതിന് സാമ്പത്തികസഹായം നൽകിയിട്ടുള്ളതാണ്. എങ്കിലും മൂന്ന് വീടുകൾ ഇപ്പോഴും പണിപൂർത്തിയാക്കിയിട്ടില്ല.

ഈ കോളനിയിൽ ശുദ്ധജലപൈപ്പും, വൈദ്യുതിയും ലഭ്യമാണ്. ആണുങ്ങൾ വള്ളംപണി, കൂലിപ്പണികൾ ഇവ ചെയ്യും. സ്ത്രീകൾ ഇപ്പോഴും കാര്യമായ ജോലിക്കൊന്നും പോകാറില്ല. ആണുങ്ങളിൽ ഭൂരിഭാഗവും മദ്യപാനികളാണ്. ഇത്കുടുംബജീവിതം ശിഥിലപ്പെടുത്താറുണ്ട്. ഈ വിഭാഗത്തിൽനിന്ന് ആരും എസ്സ്.എസ്സ്.എൽ.സി. പാസ്സായിട്ടില്ല. ഇക്കൂട്ടത്തിൽ ലാസ്റ്റ്ഗ്രേഡിൽ സർക്കാരുദ്യോഗമുള്ള ഒരാൾമാത്രം ഉണ്ട്. മറ്റുള്ളവരെല്ലാം കൂലിപ്പണിക്കാരാണ്.

ഹിന്ദുപുലയരും, പരവരുമാണ് പട്ടികജാതി വിഭാഗത്തിലുള്ളവർ. ഇവരുടെ ഇടയിൽ ഉന്നതവിദ്യാഭ്യാസം നേടിയവരും സർക്കാരുദ്യോഗം കിട്ടയവരുമായ കുറച്ചുപേരുണ്ട്. മറ്റുപുരുഷന്മാരും സ്ത്രീകളും പൊതുവേ കൃഷിപ്പണിചെയ്താണ് ഉപജീവനം കഴിക്കുന്നത്.

സർക്കാർ മുകളിൽനിന്നും അടിച്ചേൽപ്പിക്കുന്ന ക്ഷേമ പദ്ധതികൾ ഈ വിഭാഗത്തിന് കാര്യമായി പ്രയോജനപെടുന്നില്ല.

ഓരോ പട്ടികജാതി പട്ടികവർഗ കുടുംബവും പ്രത്യേകമായി സർവ്വേ നടത്തി ഓരോകുടുംബത്തിന്റെയും പ്രത്യേകപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുവാൻ ഈ മേഖലയ്ക്ക് സർക്കാർ നീക്കി വയ്ക്കുന്ന പണം ചെലവിടണം. എങ്കിലേ അത് പ്രയോജനപ്രദമാകൂ.

ശുചിത്വമുള്ള വീടുകൾ, കക്കൂസും കുളിമുറിയും, വാട്ടർ കണക്ഷനും, വൈദ്യുതിയും ലഭ്യമാക്കണം. വിദ്യാഭ്യാസത്തിൽ പിന്നണിയിൽ നിൽക്കുന്ന കുട്ടികളെ പ്രത്യേക ട്യൂഷൻ നല്കി പരീക്ഷാവിജയത്തിന് തയ്യാറാക്കണം. തൊഴിൽ പരിശീലനം നൽകുകയും വരുമാനുള്ളതൊഴിലുകൾ ലഭ്യമാക്കാനും സഹായം നല്കണം. വീടിന്റെ പരിസരം വൃത്തിയുള്ളതും വെള്ളക്കെട്ടില്ലാത്തതുമാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണം.

ഇവരിൽ അലക്കുതൊഴിൽചെയ്യുന്ന വിഭാഗത്തിന് ആധുനികരീതിയിലുള്ള അലക്കു കമ്പനികൾ ഇട്ട് വരുമാനം വർദ്ധിപ്പിക്കുവാൻ സഹായിക്കണം. പരമ്പരാഗതമായി ശീലിച്ചതൊഴിലുകൾ ആധുനിക ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗിച്ച് മെച്ചപ്പെടുത്തുവാൻ സഹായിക്കണം. ●

5:12

വിഭവസമാഹരണം

കുമരകം ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി കാണിക്കുന്ന കണക്കുകളാണ് താഴെ ചേർത്തിരിക്കുന്നത്.

1995 - 96 വർഷത്തെ കണക്കുകൾ

ഇനം	പിരിച്ചത്	കുടിശിക
കെട്ടിടനികുതി	14,80,133	374775
തൊഴിൽ നികുതി	19,40,795	2,14,951
വാഹനനികുതി		129
വിനോദനികുതി	24,028	20045
അഡി.വിനോദനികുതി	14,303	12,067
പ്രദർശന നികുതിയും സർച്ചാർജ്ജു	17,063	3948
ചന്തവരവ്	425	803
ലൈബ്രറിസെസ്സ്	7116	11253
ലൈസൻസ് ഫീസ്	6992	40,000
വസ്തുത കൈമാറുന്ന നികുതി 75%		107,053
വസ്തു കൈമാറുന്ന നികുതി 25%	91139	98,087
സർക്കാർ ഗ്രാൻറുകൾ		
എസ്റ്റാബ്ലീഷ്മെന്റെ് ഗ്രാൻറ്	33723	
മൈനർ ഇറിഗേഷൻ ഗ്രാൻറ്	15000	
അൺടൈഡ് ഫണ്ട്	259340	18,484
ഡപ്പോസിറ്റ്	15575	46,675
മറ്റുള്ളവ (സിനിമാ റഗുലേഷൻ)	1344	
ആകെ രൂപ	**39,06,976**	**9,48,141**

പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും പഞ്ചായത്തിന് 1995-96 ൽ കൈമാറി നൽകിയ തുകകൾ

മൃഗസംരംക്ഷണം	400	രൂപ
ആയൂർവേദാശുപത്രി	4000	രൂപ
കൃഷി	540819	രൂപ
സക്കൂൾ നന്നാക്കാൻ	21900	രൂപ
പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	3415	രൂപ
ആകെ	**572534**	**രൂപ**

വിവിധ വകുപ്പുകളിൽ നിന്നും പഞ്ചായത്തിന് കൈമാറിയ തുകകൾ ചെലവാക്കുന്നതു സംബന്ധിച്ച് സ്വതന്ത്രമായ തീരുമാനമെടുക്കാൻ പഞ്ചായത്തുകൾക്കവകാശമില്ലായിരുന്നു. അവ സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ച ഇനങ്ങളുടെ ചെലവാക്കാത്ത ബാക്കിതുകയാണ്.

പുതിയ പഞ്ചായത്ത് രാജ് ആക്റ്റ് പുതിയ ചില നികുതികളും ധനസമ്പാദനത്തിനുള്ള മാർഗങ്ങളും വിഭാവനം ചെട്ടുന്നുണ്ട്. ഈ സാധ്യതകൾ കുമരകം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയതായി കാണുന്നില്ല. പരസ്യ നികുതി, സേവന നികുതി, ഉപഭൂനികുതി, ഭൂപരിവർത്തന ഉപനികുതി ഇവ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നീക്കിയിട്ടില്ല. ബിസിനസ് സ്ഥാപനങ്ങളിൽ നിന്നും ടേണോവറിന്റെറയടിസ്ഥാനത്തിൽ പിരിച്ചെടുക്കേണ്ട തൊഴിൽക്കരം പിരിച്ചെടുക്കുന്നില്ല.

നികുതി ചുമത്തുന്ന രംഗത്ത് വളരെ അയവേറിയ ഒരു സമീപനമാണ് പഞ്ചായത്ത് പിൻതുടരുന്നത്. ബിൽഡിംഗ് ടാക്സ് നിയമപ്രകാരം അസസ് ചെയ്യപ്പെടുന്നില്ല. കണക്കു പരിശോധിച്ചാൽ കുമരകത്തെ രണ്ടു തീയേറ്ററുകളും ഓരോ ഷോയ്ക്കും 14 രൂപ 34 പൈസ മാത്രമാണ് വിനോദനികുതി അടയ്ക്കുന്നതെന്ന് കാണാം. 11 രൂപ 96 പൈസ കുടിശികയായും ഇട്ടിരിക്കുന്നു. മൊത്തം ഓരോ ഷോയ്ക്കും അടക്കുന്ന തുക പരിശോധിച്ചാൽ ഇരുപത് ആളുകളിൽ താഴെ മാത്രമാണ് ഓരോ ഷോയ്ക്കും ശരാശരി കയറുന്നവർ. ഇത്രയും പേരേ മാത്രം സിനിമാ കാണിച്ച് എങ്ങനെ തീയേറ്റർ നിലനില്ക്കും? ഈ കണക്ക് അഴിമതിയുടെ കഥയാണ് പറയു

ന്നത്. പിരിച്ചെടുത്ത നികുതി അടക്കാതെ ഇത്രയേറെ സൗജന്യം തീയേറ്ററുകൾക്ക് എങ്ങിനെയനുഭവിക്കാൻ കഴിയുന്നു. പുതിയ നിയമപ്രകാരമുള്ള നികുതി ചുമത്തുകയും, അവ കർശനമായി പിരിച്ചെടുക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം ഇരട്ടിയിലധികം വർധിപ്പിക്കാൻ കഴിയും.

ചെലവു സംബന്ധിച്ച വിവരങ്ങളും താഴെ ചേർക്കുന്നു

ഇനം	തുക	ആകെ ചെലവിന്റെ ശതമാനം
ഭരണ ച്ചെലവ്	3,84359	32.09%
പൊതുമരാമത്ത്	3,72,075	31.06%
വിദ്യാഭ്യാസം	1,326	0.11%
ജലവിതരണം		
പൊതുജനാരോഗ്യം തെരുവു വിളക്കുകൾക്ക്	7,228	0.61%
വൈദ്യുതിചാർജ്	45,466	3,80
മറ്റുള്ളവ	3,87,145	32.33
ആകെ	**11,97,599**	**100.00**

ഒരു പഞ്ചായത്തിന് അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതാണ്. കൂടാതെ വികസന പ്രവർത്തനങ്ങൾക്ക് വായ്പ വാങ്ങുന്നതിനുള്ള അധികാരവും പഞ്ചായത്തിനുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് കാർഷിക വ്യാവസായിക വികസന പ്രവർത്തനങ്ങൾക്ക് സ്വകാര്യ വ്യക്തികൾക്ക് ദേശസാൽകൃതബാങ്കുകളുടെ സഹായം ലഭ്യമാക്കാൻ കഴിയും.

കുമരകത്തു പ്രവർത്തിക്കുന്ന ബാങ്കുകളുടെ ധനസ്ഥിതിയും വായ്പാവിവരവും താഴെ ചേർക്കുന്നു.

ബാങ്കിന്റെ പേര്	ഡപ്പോസിറ്റ്	വായ്പകൾ
റീജിണൽ സർവ്വീസ് സഹ. ബാങ്ക് 315 വടക്കും ഭാഗം സർവ്വീസ്	2.45 കോടി	1.26 കോടി
സഹ. ബാങ്ക് 1070 കുമരകം സർവ്വീസ്	2.23 കോടി	1.53 കോടി
സഹ. ബാങ്ക് 2298 സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ	3.59 കോടി	1.55 കോടി
	7.21 കോടി	1.36 കോടി

സൗത്തു ഇന്ത്യൻ ബാങ്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വ്യാപകമായ പരാതികളുണ്ട്. ഇവർ IRDP വായ്പകൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പകൾ ഇവ വളരെ കുറവേ നൽകാറുള്ളൂ. ഇത്തരം വായ്പകളുമായി ബന്ധപ്പെട്ട് അഴിമതി നടക്കുന്നതായും ആരോപണമുണ്ട്. ഈ ബാങ്ക് വിവരശേഖരണവുമായും സഹകരിച്ചിട്ടില്ല.

സ്റ്റേറ്റു ബാങ്കിലെ നിക്ഷേപങ്ങളുടെ 3.25 കോടി രൂപയും വിദേശത്തു ജോലിയുള്ള കുമരകംകാരുടെ നിക്ഷേപമാണ്. കുമരകത്തെ മൊത്തം ബാങ്കുനിക്ഷേപത്തിന്റെ 21 ശതമാനവും വിദേശമലയാളികളുടെയാണെന്നവസ്തുത ഈ പണം നമ്മുടെ സമ്പത്ഘടനയിൽ ചെലുത്തുന്ന സ്വാധീനം വ്യക്തമാക്കുന്നു.

മേൽപട്ടികയിലെ ബാങ്കുകൾ തങ്ങൾക്ക് കിട്ടിയ നിക്ഷേപങ്ങളിൽ നിന്ന് കൊടുക്കുന്ന വായ്പകളുടെശതമാനം യഥാക്രമം 51.43, 68.61, 43.17, 18.86 ആണ്. ഇതിൽ സ്റ്റേറ്റ് ബാങ്ക് ഇവിടെ നിന്ന് സമാഹരിക്കുന്ന നിക്ഷേപത്തിന്റെ അഞ്ചിലൊന്ന് പോലും ഇവിടെ വായ്പ നൽകുന്നില്ല എന്നത് പ്രതിഷേധാർഹമാണ്.

വിദേശ മലയാളികളുടെ സമ്പാദ്യം ചെറുകിട വ്യവസായ മേഖലയിൽ നിക്ഷേപിക്കപ്പെടുന്നതിനുള്ള പ്രേരണയും സഹായങ്ങളും പശ്ചാത്തലസൗകര്യങ്ങളൊരുക്കലും നടക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാൻ വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുക്കണമെന്ന് ഗ്രാമസഭകൾ പറയുന്നു. ഷോപ്പിംഗ് കോപ്ലെക്സ് കമ്മ്യൂണിറ്റിഹാൾ ഇവ പണികഴിപ്പിച്ചാൽ വാടക ഇനത്തിൽ പഞ്ചായത്തിന് നിശ്ചിത വരുമാനം ലഭ്യമാക്കാം. ചെറുകിട വ്യവസായങ്ങളും തൊഴിൽശാലകളും കൂടുതൽ ഉണ്ടായാൽ തൊഴിൽക്കരത്തിലൂടെയും നികുതികളിലൂടെയും പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാം.

പ്രാദേശിക വികസനപദ്ധതി വിജയിപ്പിക്കുന്നതിനനുരോധമായി പ്രാദേശിക ബാങ്കുകളുടെ വായ്പാനയത്തിലും മാറ്റമുണ്ടാവണം. വായ്പനൽകാൻ കഴിയുന്ന പ്രോജക്റ്റുകൾ തയ്യാറാക്കുന്ന രംഗത്ത് കൂട്ടായ യത്നത്തിലൂടെ സഹകരിക്കണം. പ്രോജക്ട് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ കഴിവതും വേഗം പ്രോജക്ട് നടപ്പിലാക്കാൻ യഥാ സമയം തന്നെ പ്രയോജനപ്പെടത്തക്ക രീതിയിൽ വായ്പാഗഡുക്കൾ അനുവദിക്കാൻ കഴിയണം.

ചില റോഡുകളും പാലങ്ങളും പണിയുന്നതിന് പ്രാദേശികമായി വിഭവസമാഹരണം നടത്താൻ കഴിയും. പണം,അധ്വാനം, സാധന സാമഗ്രികൾ എന്നിവയുമായി വിഭവം കണ്ടെത്താൻ കഴിയും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ നിർമ്മാണ ജോലികളും ഡിപ്പാർട്ടുമെന്റിലായി നടത്തിയ ജോലികളും തമ്മിൽ താരതമ്യം ചെയ്താൽ വലിയ അന്തരം കാണാൻ കഴിയും . കുമരകം താജ് ഹോട്ടലിലേക്ക് കടക്കുന്ന ഒരു പാലം 1990-ൽ ഡി.ഡി.പി പണികഴിപ്പിച്ചപ്പോൾ അതിന്റെ നിർമ്മാണച്ചെലവ് 3 ലക്ഷം രൂപയായി. അതേ തോടിനു കുറുകേ

ഗൊങ്ങിണിക്കരിയിലേക്ക് ഇതേ വലിപ്പത്തിൽ മറ്റൊരു പാലം ജനപങ്കാളിത്തത്തോടെ പണിതീർത്തപ്പോൾ പഞ്ചായത്തിനു ചെലവായത് വെറും 85,000 രൂപമാത്രം. 15,000 രൂപ വിലമതിക്കാവുന്ന വിഭവങ്ങൾ സംഭാവനയായും കിട്ടി. ജനപങ്കാളിത്തത്തിന്റെ നേട്ടം വിളിച്ചോതുന്നതാണ് ഈ രണ്ടു പാലങ്ങൾ.

ജനപങ്കാളിത്തം അർത്ഥവത്താകണമെങ്കിൽ പദ്ധതി രൂപീകരണത്തിൽ പങ്കാളിത്തം വേണം. നാട്ടിൽ നിലവിലുള്ള വില നിരക്കിൽ എസ്റ്റിമേറ്റു തയ്യാറാക്കാനും ഈ എസ്റ്റിമേറ്റ് ഗുണഭോക്താക്കൾക്കു വേണ്ടി പരസ്യപ്പെടുത്താനും എസ്റ്റിമേറ്റു പ്രകാരം വർക്കു നടക്കുന്നുവോ എന്നു പരിശോധിക്കാൻ ഗുണഭോക്താക്കൾക്കു കഴിയുന്ന സ്ഥിതിയുണ്ടാകുകയും വേണം. വികസന പ്രവർത്തനങ്ങളിൽ ഈ സുതാര്യത കാത്തു സൂക്ഷിച്ചാൽ നമുക്ക് ഏറെ ദുർവ്യയങ്ങളും, വെട്ടിപ്പുകളും ഒഴിവാക്കാം. ഇതുതന്നെ അധിക വിഭവസമാഹരണത്തിനു തുല്യമാണ്.

ഈ രംഗത്ത് ഇന്നു നേരിടുന്ന പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാധ്യത പൂർണ്ണമായുപയോഗിച്ചിട്ടില്ല.
2. കോൺട്രാക്ടർമാരും ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം.
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
4. പദ്ധതി നടപ്പിലാക്കുന്നതിലുണ്ടാകുന്ന അനാവശ്യമായ കാലതാമസം.
5. സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുണ്ടായ തടസ്സങ്ങൾ.
6. സുതാര്യതക്കുറവ്.

വിഭവ സമാഹരണം ശക്തമാക്കാൻ താഴെപ്പറയുന്ന സാധ്യതകൾ പരിഗണിക്കാൻ കഴിയും.

1. നികുതിയുടെ അസസ്മെൻറ് ലിസ്റ്റ് പരസ്യപ്പെടുത്തിയാൽ ഈ രംഗത്തെ പാളിച്ചകൾ പരിഹരിക്കാൻ കഴിയും.
2. പുതിയ സേവനങ്ങൾ നൽകി അവയ്ക്ക് ചാർജ് ഈടാക്കാൻ പുതിയ നിയമത്തിലുള്ള വ്യവസ്ഥ. പഞ്ചായത്തിലെ തൂപ്പുകാർ ചന്തയിലേയും മറ്റു വഴിയരികിലുള്ള കടകളുടേയും മുൻവശമുൾപ്പെടെ വൃത്തിയാക്കുന്നതിന് സേവന നികുതി ഈടാക്കാം. സ്ട്രീറ്റ് ലൈറ്റ് സൗകര്യം, വാട്ടർടാപ്പ് ഇവ സൗകര്യത്തിനു നൽകികൊണ്ടും സേവന നികുതി ഈടാക്കാം.
3. പഞ്ചായത്ത് രാജ് ആക്റ്റിലെ പുതിയ നികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്താം.
4. വിദ്യാഭ്യാസം, ദുരിതാശ്വാസം, ക്ഷേമ പ്രവർത്തനങ്ങൾ ഇവക്കു വേണ്ടി പ്രത്യേക നിധി സ്വരൂപിക്കാം.
5. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങി നടപ്പിലാക്കാൻ കഴിയുന്ന സ്ക്കീമുകൾ തയ്യാറാക്കാൻ പ്രത്യേകം സംവിധാനം ഒരുക്കാം.
6. പഞ്ചായത്തിന് വികസന പദ്ധതികളുമായി ബന്ധപ്പെട്ട ഒരു ക്രഡിറ്റ്പ്ലാൻ ഉണ്ടാക്കണം.
7. പഞ്ചായതിന്റെ വരവു ചെലവുകൾ സുതാര്യമാക്കണം. വിശദമായ കണക്ക് അച്ചടിച്ചു പ്രസിദ്ധീകരിക്കൽ, ഗ്രാമസഭയിൽ അവതരിപ്പിക്കൽ ഇവ വേണം.
8. പഞ്ചായത്തു വികസന സമിതിയിലൂടെ നേടുവാൻ കഴിയുന്ന പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണം.

കുമരകത്ത് വിപുലമായ ഒരു വാട്ടർഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നതിന് CAPART ന്റെ സഹായധനത്തിന് അപേക്ഷ നൽകിയിട്ടുണ്ട്.

6

ഉപസംഹാരം

കുമരകം ഗ്രാമത്തിന്റെ വികസന പ്രശ്നങ്ങൾ ശാസ്ത്രീയമായും യാഥാർത്ഥ്യബോധത്തോടും കൂടി നിരവധി വേദികളിൽ നടന്ന ഗ്രാമീണരുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്ന രേഖയാണിത്. ഇത്തരമൊരു രേഖ ഇതിനു മുൻപ് എഴുതപ്പെട്ടിട്ടില്ല.

തെങ്ങും നെല്ലും കൊക്കോയും വാഴയും പച്ചക്കറികളും ഇവിടെ കൃഷിചെയ്യുന്നു. കായലിലും മറ്റു ജലാശയങ്ങളിലും മത്സ്യം വളരുന്നു. കഴിഞ്ഞ കാല പദ്ധതികൾ നമ്മുടെ ഗ്രാമത്തിന്റെ സൗന്ദര്യം കവർന്നെടുത്തവയായിരുന്നു. നമുക്ക് കുടിവെള്ളം നിഷേധിച്ചു. നമ്മുടെ കുളവും തോടുകളും വറ്റിവരണ്ടു. അവശേഷിച്ച വെള്ളം വിഷലിപ്തമാക്കി. പരിസ്ഥിതിയുടെ നാശം മത്സ്യസമ്പത്തു നശിപ്പിച്ചു. നമ്മുടെ മീനുകൾക്ക് രോഗം പോലുമുണ്ടാക്കി. നമുക്കും രോഗങ്ങൾ നൽകി.

ജനപങ്കാളിത്തത്തോടെയുള്ള ആദ്യത്തെ ഈ സമഗ്ര വികസനയത്നം ഒത്തിരി പ്രതീക്ഷകൾ ജനഹൃദയങ്ങളിൽ ഉണർത്തിയിട്ടുണ്ട്. അവരൊത്തുകൂടി അവതരിപ്പിക്കുന്ന ഈ രേഖ പ്രതീക്ഷകൾക്ക് കൂടുതൽ അർത്ഥം നൽകും.

നെല്ലും, മീനും, കാലിവളർത്തലും, താറാവുകൃഷിയും സംയോജിതമായി നടത്താൻ കഴിയുന്ന പാടശേഖരങ്ങൾ ഏറെ നമുക്ക് ഉണ്ടാവണം. കൃഷിഭവനും,വരാൻ പോകുന്ന മത്സ്യഭവനും, പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രവും ഇതിനു സാങ്കേതിക സഹായം നൽകും. പ്രാദേശിക ബാങ്കുകൾക്കു ക്രെഡിറ്റും നൽകാൻ കഴിയണം.

നെല്ലും തെങ്ങയും ഇവിടെത്തന്നെ പ്രോസസ് ചെയ്യണം. അതിന്റെ ഉപോല്പന്നങ്ങൾ കോഴിത്തീറ്റ, കാലിത്തീറ്റ നിർമ്മാണത്തിനുള്ള പ്രധാന അസംസ്കൃത വിഭവങ്ങളാവും. ഇതിനായി നമ്മുടെ കക്കയും ഉപയോഗിക്കാം. കക്കയുടെ മേൽ ഏറ്റവും കൂടുതൽ മൂല്യം കൂട്ടിച്ചേർക്കാൻ കഴിയുന്ന ചെറുകിട കാൽസ്യം കാർബൈഡ് ഫാക്ടറിക്ക് നമ്മുടെ മണ്ണിൽ ഏറെ സാധ്യതയുണ്ട്. വ്യാപകമാകുന്ന മത്സ്യം, കൊഞ്ചുകൃഷി വേമ്പനാട്ടുകായലിലുണ്ടാകണം. ഇറച്ചിക്കക്കയും വേമ്പനാട്ടുകായലിൽ കൃഷി ചെയ്യാം. അവ മത്സ്യതൊഴിലാളികളുടെയും കക്കവാരുടേയും വരുമാനം വർധിപ്പിക്കട്ടെ.

നമ്മുടെ മത്സ്യസാധ്യതകൾക്കകമ്പടിയായി ഹാച്ചറികൾ വേണം. കൊയ്ത്തു കഴിഞ്ഞപാടങ്ങളിൽ വളർത്താനുള്ള മത്സ്യക്കുഞ്ഞുങ്ങളെ നൽകാൻ നമ്മുടെ തോടുകളും കുളങ്ങളും നഴ്സറികളാവട്ടെ. വമ്പൻ മത്സ്യകൊയ്ത്തിനു സന്നാഹമായി കൂടുതൽ മത്സ്യം പിടുത്തക്കാരും ഐസ് ഫാക്ടറികളും കച്ചവടക്കാരും വേണ്ടിവരും.

നമ്മുടെ ഗ്രാമത്തിന്റെ മണ്ണിലും വെള്ളത്തിലും മനുഷ്യാധ്വാനം കൂടുതൽ സമ്പത്തുല്പാദിപ്പിക്കും. കൃഷിയെ സഹായിക്കുന്ന മത്സ്യകൃഷിയും രണ്ടിനേയും സഹായിക്കുന്ന ചെറുകിട വ്യവസായ മേഖലയും സമ്മേളിക്കുന്നതിലൂടെ പ്രകൃതിയും മനുഷ്യനേയും സംരക്ഷിക്കുന്ന സാമ്പത്തിക വികാസത്തിന്റെ പടിവാതിൽക്കൽ ഈ നാട് എത്തുകയായി.

ആയിരക്കണക്കിനു ഗ്രാമീണരുടെ കൂട്ടായ സൃഷ്ടിയാണ് ഈ റിപ്പോർട്ട്. 94 അയൽ കൂട്ടങ്ങളിലും 10 ഗ്രാമസഭകളിലും, ശില്പശാലകളിലും, വികസനസമിതിയോഗങ്ങളിലും ആയിരക്കണക്കിനു ഗ്രാമീണർ നടത്തിയ ചർച്ചകൾ, പഠനപര്യടനങ്ങൾ, സന്നദ്ധസേവകരായ യുവാക്കൾ നടത്തിയ വിഭവഭൂപടനിർമ്മാണം, സാമൂഹ്യസാമ്പത്തിക സർവേ, ആരോഗ്യസർവേ, നീരൊഴുക്കുഭൂപടനിർമ്മാണം, കുളം സർവേ പ്ലാനിംഗ് ബോർഡും കേരള ശാസ്ത്രസാഹിത്യപരിഷത്തും, സെൻറർ ഫോർ എർത്ത് സയൻസസ് സ്റ്റഡീസും,സെൻർ ഫോർ ഡവലപ്പ്മെൻറ് സ്റ്റഡീസും മുൽകൈയെടുത്ത് നൽകിയിട്ടുള്ള നിരവധി പഠന പരിശീലനക്കളരികളും അവരുടെ പുസ്തകങ്ങളും എല്ലാം ഈ റിപ്പോർട്ടിന്റെ രചനയെ സഹായിച്ചഘടകങ്ങളാണ്. വികസനാസൂത്രണ രംഗത്ത് ജനതയെയാകെ അറിവിന്റെ ആയുധം നൽകി അണിനിരത്തിയ ഈ സംഘടനകളോടും പ്രവർത്തകരോടും ഈ ഗ്രാമം എന്നും കടപ്പെട്ടിരിക്കും എന്നിവിടെ രേഖപ്പെടുത്തട്ടെ. ●

7

അനുബന്ധം

1

1953 - ജൂലൈ 17 മുതലുള്ള
പഞ്ചായത്ത് ഭരണ സമിതി

വാർഡ്

1. P.K.ശ്രീധരൻ പാമ്പിൽ,
2. M.K. ഉണ്ണി തോപ്പിൽ
3. P.T.കുര്യൻ കളത്ര (വൈസ് പ്രസിഡന്റ്)
4 ജോൺ ഏബ്രഹാം ഇല്ലിക്കളം
5 പോത്തൻ ജോസഫ് വരാപ്പത്ര
6. P.A.വേലു പനയിടത്തുശ്ശേരി
7. **K.**ശങ്കുണ്ണി മേനോൻ (പ്രസിഡണ്ട്)
8 M.K വേലു കണികതറ

രണ്ടാമത്തെ പഞ്ചായത്ത്. (17.12.1963 മുതൽ)

1 V.P.കുഞ്ഞുകുഞ്ഞ്
2 **V.**ദിവാകരൻ (പ്രസിഡണ്ട്)
3 .K.Tഏബ്രഹാം കല്ലിപ്പുറം
4. ഏബ്രഹാം ജോൺ കണിയാംപറമ്പിൽ
5 K ശങ്കുണ്ണി മേനോൻ
6. K.Eവാസുദേവപ്പണിക്കർ (വൈ. പ്രസി)
7. N.Cചാക്കോ നല്ലാനിക്കൽ
8. K..K.മാധവൻ കോക്കോത്ത്
K.P.കൃഷ്ണൻകുട്ടി (മാധവൻ രാജിവെച്ച ഒഴിവിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു)
9. T.Tമേരി (നോമിനേറ്റഡ് മെമ്പർ)

മൂന്നാമത്തെ പഞ്ചായത്ത്

വാർഡ്

1. **V.P.** കുഞ്ഞുകുഞ്ഞ് (പ്രസിഡണ്ട്)
2. M.K.സുകുമാരൻ
3. അലക്സാണ്ടർ ചാക്കോ കട്ടക്കയം
4. പൊന്നപ്പൻ പതിയാരം
5. ആർ. സദാശിവൻ രണ്ടരപ്പറ
6 ജോൺ ഏബ്രഹാം ഇല്ലിക്കളം
7. അരവിന്ദാക്ഷി ഗോപാലൻ
8. K.V.മണി കാവിൽ
9. C.Jചാണ്ടി (വൈസ്. പ്രസിഡന്റ്)

നാലാമത്തെ പഞ്ചായത്ത്

1. എ.പി. ഗോപി.
2. ലീലാമ്മ സുകുമാരൻ
3. കെ.എം. ശാമുവൽ.
4. കെ.കെ. ഗോപാലൻ.
5. രാജു മാത്യു.
6. കെ.കെ. ചെല്ലമ്മ.
7. വി.പി. കുഞ്ഞുകുഞ്ഞ് (പ്രസിഡണ്ട്)
8. വി.പി,അശോകൻ
9. പി.ആർ.എസ് കർത്താ (വൈ.പ്രസിഡന്റ്)
10. കെ.വി.ശശി.

അഞ്ചാമത്തെ പഞ്ചായത്ത്

1. എ.പി.ഗോപി.
2. അലക്സാണ്ടർ ചാക്കോ.
3. ശോഭനാ ചന്ദ്രദാസ്.
4. ജോർജ്ജ് മാത്യു.
5. ഇ.കെ. തങ്കമ്മ.
6. ഐഷാ പ്രകാശൻ.
7. വി.പി.കുഞ്ഞുകുഞ്ഞ് (പ്രസിഡന്റ്)
8. പി.കെ. പാപ്പ.
9. കെ.എം. ശാമുവൽ (വൈസ് പ്രസിഡന്റ്)
10. സാലി ചാക്കോ

2

കുമരകത്തെ പാടശേഖരങ്ങളുടെ പട്ടിക

പാടശേഖരത്തിന്റെ പേര്	കൃഷിക്കാരുടെ എണ്ണം	വിസ്തീർണ്ണം ഏക്കറിൽ
1. വടക്കേപള്ളിപ്പാടം	65	86.25
2. തെക്കേ പള്ളിപ്പാടം	64	88.70
3. ചാഴിവേലത്തുകരി	41	55
4. പടിഞ്ഞാറെക്കരി	14	27.85
5. മൂലേപ്പാടം	184	389
6. വാരിക്കാട്	68	137.75
7. എളംകുളത്തക്കാട്	13	46.50
8. നൂറ്റമ്പതിൽ	6	15

9.	പുതിയാട്	180	387.50
10.	വടക്കേകീഴു മുട്ടത്തുശ്ശേരി	12	24
11.	തെക്കേകീഴു മുട്ടത്തുശ്ശേരി	20	50
12.	കണ്ണാടിച്ചാൽ	06	2.0
13.	പാറേക്കാട്	78	163
14	പടിഞ്ഞാറ്റുകാട്	29	59
15	കൊല്ലങ്കരി	74	202
16	ഇടവട്ടം	126	225
17	എം.എം.ബ്ലോക്ക്(കര)	107	270
18	എം.എം.ബ്ലോക്ക്(കായൽ)	91	265
19	സെമിനാരിക്കായൽ	136	385
20.	ആലാക്കാടൻ തറ	35	75.90
21.	കപ്പട	02	08
22.	കാട്ടേഴത്തുകരി	26	84
23.	കിഴക്കേ പള്ളിക്കായൽ	42	60
24.	പടിഞ്ഞാറെ പള്ളിക്കായൽ	32	60
25.	നാലുപങ്ക് കായൽ	25	40
26.	വിളക്കുമരക്കായൽ	19	60.25
27.	തുമ്പയിൽ കായൽ	35	78.90
28.	കിഴക്കേപഴയകായൽ	06	15
29.	പടിഞ്ഞാറെ പഴയകായൽ	07	20
30.	തെക്കേ കൊഞ്ചുമടക്കായൽ	12	40
31.	വടക്കേ കൊഞ്ചുമടക്കായൽ	05	18.50
32.	കാക്കനാട്ട് നൂറിൽ	03	13
33.	കിഴക്കേ കോന്നംകരി	06	10.40
34.	നാനൂറിൽ വേണാട്ട് തുരുത്ത്	36	46.45
35.	പൊന്മാൻ തുരുത്ത്	27	45.50
36	കുന്നപ്പള്ളി	07	22
37.	തൈക്കുപുറം	05	13
38.	തൈക്കുപുറം കുഴിക്കണ്ടം	20	41.70
39.	പാപ്പിടത്തു മുപ്പത്	06	09
40.	ചേലക്കാപ്പള്ളി	07	25
41.	കുറിയമട	06	12
42.	കരോട്ട് കായൽ	10	13.35
43	സെന്റെർ പീറ്റേഴ്സ് പള്ളിക്കായൽ	04	14
44	മാതൃക കായൽ	06	18.35
45	കളവും കോടം	01	3

ആകെ നെൽ വയലുകൾ 3744.25 ഏക്കർ

ആകെ കൃഷിക്കാരുടെ എണ്ണം 1704

(അവലംബം: കൃഷിഭവൻ രേഖകൾ)

3

400 ഏക്കർ വിസ്തീർണ്ണമുള്ള ഒരു പാടശേഖരത്തിൽ മത്സ്യം വളർത്തുന്നതിനുംവേണ്ടി വരുന്ന ചെലവും വരവും കാണിക്കുന്ന പട്ടിക.

മത്സ്യക്കുഞ്ഞുങ്ങളുടെ വില		ലക്ഷം രൂപയിൽ
കാർപ്പ് 12 ലക്ഷം	-	6.00
കൊഞ്ച് 4 ലക്ഷം	-	2.00
എം.ഒ. പിണ്ണാക്ക് വില	-	0.20
മത്സ്യത്തീറ്റക്കുള്ള ചിലവ്		
300 ടൺ തവിട് + 200 ടൺ പിണ്ണാക്കും ഫിഷ്മീലും	-	25.00
ജൈവവളം (ചാണകം 600 ടൺ 3000 (ഇടുന്ന കൂലി ഉൾപ്പെടെ)	-	4.80
കുമ്മായം 40 ടൺ	-	1.20
കൂലിച്ചെലവുകൾ		
സ്ത്രീ തൊഴിലാളികൾക്ക്	-	0.36
1 ഫാം മാനേജർക്ക് 5000 രൂപ പ്രകാരം ശമ്പളം	-	0.60
1 ഫീൽഡുമാൻ ശമ്പളം 3000 രൂപ പ്രകാരം	-	0.36
വാച്ച് ആൻഡ് വാർഡ് ജോലിക്ക് 15 പേർക്ക്	-	1.50
കൺസൽറ്റൻസി ചാർജ്	-	0.20
മീൻ പിടിച്ചെടുക്കാൻ കൂലി	-	4.50
ഫ്യൂവൽ എനർജി ചാർജ്	-	0.75
മത്സ്യവിപണനത്തിനു വാഹന വാടക	-	0.25
ഇൻഷ്വറൻസ് പ്രീമിയം	-	2.00
ആകെ പ്രവർത്തന ചിലവുകൾ	**-**	**49.72**

മത്സ്യം വിറ്റു വരവ്	ലക്ഷം രൂപ
മത്സ്യം 300 ടൺ (നഴ്സറിയിൽ 60% ഉം പാടത്ത് 80% കുഞ്ഞുങ്ങൾ വളർന്നുകിട്ടും അവയുടെ ശരാശരി തൂക്കം 500 ഗ്രാം എന്ന തോതിൽ)	90.00
കൊഞ്ച് (ശരാശരി 70 ഗ്രാം മേൽപ്പറഞ്ഞ നിരക്കിൽ 10-14 ടൺ കിലോഗ്രാം 200 രൂപ പ്രകാരം)	28.00
ആകെ വരവ്	118.00
ചെലവ്	49.72
ലാഭം	68.28

മേൽപ്പറഞ്ഞ കണക്കിൽ മൂലധനച്ചെലവുകൾ കൂടിയിട്ടില്ല. ബണ്ട് ഉയർത്തുക, നഴ്സറി നിർമ്മാണം ഫീൽഡു

സ്റ്റോർ നിർമ്മാണം, 1ഔട്ട്ബോർഡ് മോട്ടോർബോട്ട്, 6വള്ളം, 10എച്ച്. പി. പമ്പ്സെറ്റ്, തൂമ്പുകൾ, ഏറിയേറ്റുകൾ, ഇലക്ട്രിഫിക്കേഷൻ, നഴ്സറിക്കുചുറ്റിനും വേലി, മത്സ്യം കൊണ്ടുപോകാനുള്ള പെട്ടികൾ, ഡീപ്പ് ഫ്രീസർ തുടങ്ങിയ സംവിധാനങ്ങൾ ഉണ്ടാവണം. ഇവയെല്ലാം കൂടിയുള്ള ചെലവ് 60 ലക്ഷം രൂപയാകും. ഇതിനുള്ള മൂലധനം മുടക്കിന്റെ പലിശ, തേയ്മാനചിലവ് ഇവ മൊത്തം വരവിൽ നിന്നു കുറച്ചാലും മത്സ്യകൃഷി ഏറെ ആദായകരമാണ്.

4

കുമരകം പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

റോഡുകളുടെ പേര്	നീളം	വീതി
വാർഡ് I		
1. തൊമ്മിമറ്റം - ബാലവാടി വഴി	270 മീ.	1.5 മീ.
2. ചക്രൻപടി - വരമ്പിനകം വഴി	870 മീ.	3 മീ.
3. പുത്തൻപറമ്പ് - വരവിനകം വഴി	850 മീ.	1 മീ.
4. മറ്റീത്ര - കൊല്ലച്ചേരി വഴി	840 മീ.	2.5 മീ.
5. ഇടമന - അഞ്ചുചിറ വഴി	360 മീ.	3 മീ.
6. മറ്റീത്ര - ചുളകല്ലുങ്കൽ വഴി	300 മീ.	1.5 മീ.
7. പള്ളിച്ചിറ - നേരേമട വഴി	430 മീ.	4 മീ.
8. ഒതളത്തോടു - നേരേമട വഴി	585 മീ.	4 മീ.
9. കിഴക്കേച്ചിറ - പണ്ടാരച്ചിറ വഴി	250 മീ.	3 മീ.
10. വളപ്പിൽ ലക്ഷം വീട് - പുല്ലറക്കരി വഴി	250 മീ.	1.5 മീ.
11. തോണിക്കാട് - കൊടിയന്ത്ര - ചിറ വഴി	600 മീ.	1.25 മീ.
12. കവണാറ്റിൻകര - പത്തേക്കർ വഴി	750 മീ.	3 മീ.
13. ആറ്റുച്ചിറ - കവണാറ്റിൻകര വഴി (270 മീറ്റർ ടാർ)	750 മീ.	2.5 മീ.
14. നെടും ചിറ വഴി	480 മീ.	1 മീ.
15. ഗൊങ്ങിണികരിവഴി	540 മീ.	3 മീ.
16. മണയത്ര - പറമ്പിൽവഴി	300 മീ.	1.5 മീ.
17. പുല്ലുപറമ്പ് - ബാലവാടി വഴി	140 മീ.	3 മീ.
18. ആശാരിമറ്റം കോളനി വഴി	590 മീ.	5 മീ.
19. പറമ്പിൽ - ആശാരിമറ്റം വഴി	200 മീ.	3 മീ.
20. ഇത്തിക്കായൽ വഴി	200 മീ.	1 മീ.
21. ശാസ്താം പറമ്പു വഴി	200 മീ.	1 മീ.
വാർഡ് II		
1. ചൂളഭാഗം തോണിക്കടവ് വഴി	240 മീ.	1.5 മീ.
2. ചിറത്തറ- വട്ടപ്പറമ്പ് വഴി	600 മീ.	3 മീ.
3 വട്ടപ്പറമ്പ്- ചൂളഭാഗം വഴി	400 മീ.	3 മീ.
4. കുളപ്പറമ്പ്- 15ൽ പാലം വഴി	435 മീ.	1 മീ.
5. പതിനഞ്ചിൽ- വട്ടപ്പറമ്പുവഴി	200 മീ.	1 മീ.
6. സെൻജോർജ്ജ്- കുളപ്പറമ്പുവഴി	305 മീ.	3 മീ.
7. ആപ്പിത്ര- ശ്രാമ്പിക്കൽ വഴി	450 മീ.	3 മീ.

8. കരീപ്പള്ളി- തുരുത്തേൽ വഴി	400 മീ.	3 മീ.
9. കരീപ്പള്ളി മറ്റീത്ര വഴി	600 മീ.	1 മീ.
10. പള്ളിച്ചിറ കുരിശുപള്ളി തോണിക്കടവ് വഴി	500 മീ.	3 മീ.
11. സെന്റെറ് ജോർജ്ജ് - കേരളാലയം വഴി	230 മീ.	1 മീ.
12. സെന്റെറ് ജോർജ് - ചെത്തിച്ചിറവഴി	330 മീ.	3 മീ.
13. സെന്റെറ് ജോർജ് - കുടിലിൽ വഴി	230 മീ.	1 മീ.
14. പതിനഞ്ചിൽ - ഇരട്ടപ്പറമ്പുവഴി	350 മീ.	1.5 മീ.
15. ആഞ്ഞിലിപറമ്പ് - ഇരട്ടപ്പറമ്പുവഴി	570 മീ.	3 മീ.
16. ആപ്പിത്ര - കണിച്ചാട്ടുതറ പാലപ്പറമ്പുവഴി	380 മീ.	1 മീ.
17. ആപ്പിത്ര പുതിയാപറമ്പ് - പാലപ്പറമ്പു വഴി	295 മീ.	1 മീ.
18. പുതിയാപ്പറമ്പ് - മഞ്ചാടി വഴി	150 മീ.	3 മീ.
19. ഇടവെന്നലശേരി 1070 ബാങ്ക് ബ്രാഞ്ചുവഴി	350 മീ.	1 മീ.
20. തുരുത്തേൽപടി ചാലുങ്കൽപടി	150 മീ.	1 മീ.
21. മറ്റീത്ര ഇടവെന്നലശേരിവഴി	300 മീ.	1 മീ.
22. മെതിക്കളം പാലപ്പറമ്പുവഴി	300 മീ.	1 മീ.
23 പാലപ്പറമ്പ് കാമിച്ചേരിവഴി	500 മീ.	1 മീ.
24. ആപ്പിത്രവഴി	1000 മീ.	6 മീ.

വാർഡ് III

1. ചന്തപ്പാലം മെതിക്കളം വഴി	780 മീ.	5 മീ.
2. ചന്തപ്പാലം ചിറത്തറ വഴി	750 മീ.	5 മീ.
3. നാഷ്ണാന്തറ വഴി	600 മീ.	4 മീ.
4. മെതിക്കളം ചിറത്തറവഴി	315 മീ.	2 മീ.
5. ചന്തപ്പാലം - SKM വഴി	605 മീ.	4 മീ.
6. ചന്തകോൺസലാത്ത വഴി	550 മീ.	4 മീ.
7. കണിച്ചാട്ടുതറ വള്ളാറപ്പള്ളി വഴി	400 മീ.	2 മീ.
8. ആപ്പിത്ര മാളേയ്ക്കൽ വഴി	300 മീ.	2 മീ.
9. വടക്കും കര വല്ലക്കാട്ടുവഴി	205 മീ.	2 മീ.
10. വാലേച്ചിറ ഏലച്ചേരി വഴി	500 മീ.	2 മീ.
11. ലക്ഷം വീടു വൈപ്പിശ്ശേരി വഴി	300 മീ.	2 മീ.
12. കാരിക്കത്തറ പൂവത്തുശ്ശേരി വഴി	225 മീ.	2.5 മീ.
13. മുട്ടുതോട് പവ്വത്തുവഴി	400 മീ.	2 മീ.
14. കറുകകുറ്റിമങ്കുഴി വഴി	300 മീ.	1.5 മീ.
15. മങ്കുഴി പുങ്കശ്ശേരി വഴി	300 മീ.	1.5 മീ.
16. കാരിക്കത്തറ മാളേക്കൽ വഴി	700 മീ.	2 മീ.
17. കുരുവിക്കാട്ടു തുണ്ടിയിൽ വഴി	700 മീ.	2 മീ.
18. തുണ്ടിയിൽ ചമ്പക്കുളം വഴി	500 മീ.	2 മീ.
19. വള്ളപുരയ്ക്കൽ മാളിയേക്കൽ വഴി	400 മീ.	2 മീ.
20. വെയ്യിൽ തറ മാളേക്കൽ വഴി	200 മീ.	3 മീ.
21. ചിറയിൽ മാളേക്കൽ വഴി	200 മീ.	3 മീ.
22. കണിയാമറ്റം-കോൺസലാത്തവഴി	200 മീ.	2.5 മീ.
23. കളത്തുവീട്-കാട്ടുശേരി ഇത്തിത്തറ	400 മീ.	1.5 മീ.
24. കൊല്ലശ്ശേരി മാക്കോറവഴി	300 മീ.	1.5 മീ.
25. വള്ളാറമേലുവള്ളി വഴി	400 മീ.	2 മീ.

വാർഡ് IV

1.	മന്ദിരം പുത്രവഴി	420 മീ.	3 മീ.
2.	മന്ദിരം - പത്തിൽവഴി	270 മീ.	3 മീ.
3.	പള്ളിച്ചിറ - ചെപന്നൂക്കരി വഴി	270 മീ.	4 മീ.
4.	കൊടിയന്ത്ര - ചെപ്പന്നൂക്കരി വഴി	180 മീ.	3 മീ.
5.	M.R.F വഴി	530 മീ.	4 മീ.
6.	വെള്ളാപ്പള്ളി - കണ്ടത്തിൽ വഴി	330 മീ.	3 മീ.
7.	കണ്ടത്തിൽ - കായൽ വഴി	300 മീ.	1 മീ.
8.	വെട്ടിത്തുരുത്ത് - പള്ളിച്ചിറ വഴി	310 മീ.	3 മീ.
9.	വെട്ടിത്തുരുത്ത് - ചെപ്പന്നൂക്കരിവഴി	315 മീ.	3 മീ.
10.	കുരുശടി - പള്ളിച്ചിറ വഴി	260 മീ.	4 മീ.
11.	S.K.M. - ജട്ടി വഴി	210 മീ.	3 മീ.
12.	C.K.P. റോഡ്	315 മീ.	3 മീ.
13.	തൊട്ടിച്ചിറ - ദേവസ്വം ചിറവഴി	330 മീ.	1.5 മീ.
14.	S.K.M പത്തിൽ പനച്ചിപ്പറമ്പ് വഴി	160 മീ.	3 മീ.
15.	ഈരമറ്റം - ദേവസ്വംചിറ വഴി	390 മീ.	3 മീ.
16.	വി. ദിവാകരൻ റോഡ്	300 മീ.	3 മീ.
17.	പുത്തൻപുരയ്ക്കൽ - അട്ടിയിൽ വഴി	60 മീ.	3 മീ.
18.	കുറ്റിക്കോട്ടയിൽ - ഈരമറ്റം വഴി	210 മീ.	1 മീ.
19.	പരുത്തിപ്പറമ്പ് - വാച്ചാപറമ്പുവഴി	330 മീ.	3 മീ.
20.	കളത്തിൽ - കൊടിയന്തറവഴി	180 മീ.	1 മീ.
21.	ഷാപ്പുപടി - പത്തിൽവഴി	150 മീ.	1 മീ.
22.	ശ്രാമ്പിച്ചിറ - എലച്ചിറവഴി	170 മീ.	2 മീ.
23.	തുണ്ടിയിൽ ഏലച്ചിറ വഴി	290 മീ.	1 മീ.
24.	കുഴക്കിയിൽ തൊട്ടിച്ചിറ വഴി	330 മീ.	3 മീ.
25.	MRF. കമ്പിപ്പാലം വഴി	330 മീ.	3 മീ.
26.	തോട്ടചിറ സെൻറ്പീറ്റേഴ്സ് വഴി	210 മീ.	3 മീ.
27.	വാച്ചാത്തോട് സെന്റ്പീറ്റേഴ്സ് വഴി	310 മീ.	3 മീ.
28.	MRF വാച്ചാത്തോടു വഴി	310 മീ.	1 മീ.
29.	പൂത്ര വെള്ളാപ്പള്ളി വഴി	180 മീ.	1 മീ.

വാർഡ് V

1.	ജട്ടി - സെന്റ് പീറ്റേഴ്സ് വഴി	280 മീ.	5 മീ.
2.	നേഴ്സറി - ഉമ്മാച്ചേരി വഴി	480 മീ.	5 മീ.
3.	നേഴ്സറി - എമ്പ്രാവഴി	200 മീ.	3 മീ.
4.	അമ്മങ്കരി - പാലത്തറ വഴി	185 മീ.	3 മീ.
5.	ചിത്രശാല - അമ്മങ്കരി വഴി	550 മീ.	5 മീ.
6.	അമ്മങ്കരി - വാഴയിൽ വഴി	450 മീ.	5 മീ.
7.	സെന്റ്പീറ്റേഴ്സ് - കൃഷ്ണവിലാസം തോപ്പ് വഴി	275 മീ.	1 മീ.
8.	സെന്റ്പീറ്റേഴ്സ് - ഗിരിജൻ കോളനി വഴി	290 മീ.	1.5 മീ.
9.	പുത്തൻപറമ്പ് - വെന്നലശ്ശേരി വഴി	300 മീ.	1 മീ.
10.	വള്ളാറ - അരയശേരി വഴി	600 മീ.	5 മീ.
11.	അപ്സര - വെങ്കളം വഴി	140 മീ.	1 മീ.
12.	മാളേക്കൽ - വെങ്കളം വഴി	140 മീ.	1.5 മീ.

13.	വല്ല്യാറ - മണലേൽ പറമ്പുവഴി	100 മീ.	1 മീ.
14.	വിശാഖം തറ - കക്കാക്കളം വഴി	230 മീ.	1 മീ.
15.	അപ്സര - അത്തിക്കളം വഴി	310 മീ.	2.5 മീ.
16.	നടുവിലേപ്പറമ്പ് - ചാലുങ്കൽ വഴി	310 മീ.	3 മീ.
17.	ചാലുങ്കൽ - ചാണാച്ചേരി വഴി	380 മീ.	1 മീ.
18.	അപ്സര വഴി	700 മീ.	3 മീ.

വാർഡ് VI

1.	Y.M.C.A. - ദേവസ്വം കളംവഴി	360 മീ.	3 മീ.
2.	ദേവസ്വംകളം - തുണ്ടത്തിൽ വഴി	190 മീ.	1 മീ.
3.	ഹൈസ്ക്കൂൾ - കന്നിട്ടവഴി	820 മീ.	4 മീ.
4.	ഹൈസ്ക്കൂൾ - ആശുപത്രി വഴി	340 മീ.	3 മീ.
5.	ആശുപത്രി - പോലീസ്സ്റ്റേഷൻവഴി	210 മീ.	3 മീ.
6.	കൊച്ചുപാലക്കാട് - ഈഴക്കാവ് വഴി	285 മീ.	3 മീ.
7.	പാലക്കാട് - കാട്ടുത്തറ വഴി	468 മീ.	3 മീ.
8.	തേറാമ്പിൽ - കാട്ടുത്തറ വഴി	115 മീ.	2 മീ.
9.	പോങ്ങയിൽ - കൈതത്തറവഴി	210 മീ.	3 മീ.
10.	പോങ്ങയിൽ - കന്നിട്ട വഴി	255 മീ.	3 മീ.
11.	പുതിയചിറ - പുതുവേലിവഴി	100 മീ.	1 മീ.
12.	നാരകത്തറ - കൊച്ചുമുക്കാട്ടുവഴി	100 മീ.	1 മീ.
13.	ഉമ്പുക്കാട്ട് - ലക്ഷ്മിച്ചിറ വഴി	100 മീ.	1 മീ.
14.	തച്ചാറ - കൈതത്തറവഴി	208 മീ.	1 മീ.
15.	കന്നിട്ട - കണ്ടാത്ര വഴി	182 മീ.	1 മീ.
16.	ബസ്സാർ - ആശാരിച്ചേരി വഴി	445 മീ.	4 മീ.
17.	കൈതത്തറ - കുറുപ്പംപറമ്പ് വഴി	114 മീ.	1 മീ.
18.	ആശാരിച്ചേരി - കൊച്ചടവട്ടം വഴി	468 മീ.	2 മീ.
19.	വേലൂത്തറ - കൊച്ചുപാലക്കാടുവഴി	160 മീ.	3 മീ.
20.	N.S.S. - ചെമ്പകശ്ശേരി വഴി	100 മീ.	1 മീ.
21.	പുതിയകാവ് - വാര്യത്തുകടവ് വഴി	235 മീ.	3 മീ.
22.	ശാസ്താംകാവ് - വാര്യത്തുകടവ് വഴി	235 മീ.	2 മീ.
23.	പുതിയകാവ് - ആലുംചുവടുവഴി	165 മീ.	3 മീ.
24.	ആശാരിച്ചേരിൽ - അട്ടിയിൽ വഴി	200 മീ.	1 മീ.
25.	കണിയാംപറമ്പിൽ - ചിറത്തറ വഴി	150 മീ.	2 മീ.

വാർഡ് VII

1.	ചൂളപ്പടി - കാരിക്കത്തറ വഴി	180 മീ.	1.5 മീ.
2.	കണ്ണാടിച്ചാൽ - കണ്ടങ്കാവ് വഴി	370 മീ.	3 മീ.
3.	കണ്ണാടിച്ചാൽ - പതിയാരംവഴി	1200 മീ.	3 മീ.
4.	കളപ്പുര - കൂനംതറ വഴി	360 മീ.	1 മീ.
5.	വിത്തുവട്ടിൽ - വാടപ്പറമ്പ് വഴി	870 മീ.	4 മീ.
6.	വിത്തുവട്ടിൽ - കാവിൽ ക്ഷേത്രംവഴി	600 മീ.	1 മീ.
7.	വാടപ്പറമ്പ് - കൽക്കണ്ടത്തിൽ ചിറവഴി	1000 മീ.	1 മീ.
8.	വാടപ്പറമ്പ് - നാരകത്തറവഴി	1200 മീ.	1 മീ.
9.	നിലവന്തറ - മാങ്ങാത്തറ വഴി	110 മീ.	1 മീ.
10.	കണ്ണാടിച്ചാൽ - നാരകത്തറവഴി	1470 മീ.	8 മീ.

11.	എഴുപതിൽ - കൊപ്ലിത്താറവഴി	1500 മീ.	1 മീ.
12.	പുത്തൻച്ചിറ - പുഞ്ചങ്കേരി	1000 മീ.	1 മീ.
13.	വിത്തുവട്ടിൽ - പുഞ്ചങ്കേരിവഴി	600 മീ.	1 മീ.
14.	ആറ്റമംഗലം - കാണ്ടക്കാട്ട് വഴി	775 മീ.	1 മീ.
15.	എഴുപത്തിൽ - കളരിക്കൽ വഴി	1000 മീ.	1 മീ.
16.	പുതുവേലി - പുത്തലത്ത് വഴി	800 മീ.	1 മീ.
17.	പുത്തലത്ത് - വടക്കത്ത് വഴി	1500 മീ.	1 മീ.
18.	വടക്കത്ത് - കൊപ്ലിത്താറ വഴി	1500 മീ.	1 മീ.
19.	ഒന്നാം കലുങ്ക് - 65ൽ ചിറ വഴി	600 മീ.	1 മീ.
20.	രണ്ടാം കലുങ്ക് - തങ്കപ്പൻ മൂലവഴി	350 മീ.	2 മീ.
21.	പുതുവേലിൽ - ചിറയിൽ വീടിക വഴി	75 മീ.	2 മീ.

വാർഡ് VIII

1.	വല്യകളം - മായിക്കാടുവഴി	90 മീ.	3 മീ.
2.	അട്ടിപ്പീടിക ഞാവക്കാട്ട് വഴി	98 മീ.	3 മീ.
	"	75 മീ.	1 മീ.
3	അട്ടിപ്പീടിക പതിശേരി വഴി	360 മീ.	2 മീ.
4.	പതിശേരി - ആശാരിച്ചേരി വഴി	330 മീ.	3 മീ.
5.	വേലശേരി - പത്തിൽ വഴി	90 മീ.	2 മീ.
6.	ആശാരിച്ചേരി - കാമ്പനാടുവഴി	510 മീ.	3 മീ.
7.	നടുവിലേടം - പുത്തൻപുരവഴി	210 മീ.	1 മീ.
8.	ഏറനാടു - കരിവേലി വഴി	210 മീ.	1 മീ.
9.	പതിനഞ്ചിൽ - കൊടുവത്രവഴി	500 മീ.	1 മീ.
10.	കളത്തിൽ പടി - പുത്തൻ പീടികവഴി	588 മീ.	1 മീ.
11.	ലൈംഷെൽ ഡിപ്പോ - മുത്തേരിമടവഴി	375 മീ.	2.4 മീ.
12.	മുത്തേരി - കപ്പട വഴി	500 മീ.	1 മീ.
13.	മുത്തേരിമട - കാക്കാലം പറമ്പുവഴി	500 മീ.	1 മീ.
14.	വിലാത്തറ - കപ്പടച്ചിറ വഴി	500 മീ.	1 മീ.
15.	മുത്തേരിമട - കോട്ടക്കൽ വഴി	500 മീ.	1 മീ.
16.	കിഴക്കുംതറ - പത്തുപങ്ക് വഴി	500 മീ.	1 മീ.
17.	മുത്തേരി - നാരകത്തറവഴി	470 മീ.	3 മീ.
18.	മൂലേച്ചേരിൽ - കരുവത്തറവഴി	250 മീ.	1 മീ.
19.	നാരകത്തറ - പന്തിരുപറവഴി	510 മീ.	3 മീ.
20.	ആറ്റുപുറം - കാക്കരേത്ത് വഴി	540 മീ.	3 മീ.
21.	മുപ്പതിൽ - അക്കിണിത്തറ വഴി	300 മീ.	2 മീ.
22.	പന്തിരുപറ - അറത്തറ വഴി	300 മീ.	2 മീ.

വാർഡ് IX

1.	U.P.S. - മാരാച്ചേരി വഴി	310 മീ.	3 മീ.
2.	തമ്പിശേരിക്കളം - കിഴക്കേത്തറ വഴി	360 മീ.	1 മീ.
3.	U.P.S. - പുളിത്താനം വഴി	150 മീ.	3 മീ.
4.	തച്ചാറക്കടവ് - ചെറുശേരി വഴി	345 മീ.	1 മീ.
5.	കളവേലി - എമ്പാക്കൽ വഴി	150 മീ.	3 മീ.
6.	എമ്പാക്കൽ - മണിമല വഴി	150 മീ.	1 മീ.
7.	വാഴയിൽ - മരട്ടിപ്പാലം വഴി	720 മീ.	3 മീ.

8.	കളരിക്കൽ - ചോളളതറ വഴി	390 മീ.	2 മീ.
9.	വാഴക്കളം - ചൊളളംതറ വഴി	860 മീ.	3 മീ.
10.	പുതുശ്ശേരി തട്ടുകളം വഴി	240 മീ.	1 മീ.
11.	വാളംപറമ്പ് - വാഴക്കുളം വഴി	210 മീ.	2 മീ.
12.	നസ്രത്ത് - വാഴയിൽ വഴി	790 മീ.	4 മീ.
13.	വട്ടത്തിൽ - കൊട്ടുവടി വഴി	900 മീ.	2 മീ.
14.	മേലേക്കര - വട്ടപ്പറമ്പുവഴി	240 മീ.	1.5 മീ.
15.	പുതുവീട് - മടത്തിപ്പറമ്പ് വഴി	266 മീ.	2 മീ.
16.	S.L.B.L.P.S - വാളം പറമ്പുവഴി (കളവേലി)	408 മീ.	3 മീ.

വാർഡ് X

1.	കണിയാംപറമ്പ് - തൈപ്പറമ്പ് വഴി	702 മീ.	4 മീ.
2.	കണിയാംപറമ്പ് - പുതുപ്പറമ്പ് വഴി	180 മീ.	3 മീ.
3.	അട്ടിപ്പീടിക - കരിയിൽ വഴി	660 മീ.	1 മീ.
4.	കരീപ്പാലം - മാതപ്പശേരി വഴി	500 മീ.	1 മീ.
5.	കരിപ്പാലം - നെടുമ്പറമ്പ് വഴി	215 മീ.	1 മീ.
6.	മാലമ്പ് വഴി -	100 മീ.	1 മീ.
7.	നെടുമ്പറമ്പ് - മാതപ്പശേരിവഴി	500 മീ.	1 മീ.
8.	കരിയിൽ മെത്രാൻകായൽ വഴി	150 മീ.	1 മീ.
9.	അയ്യംകാളി - കളത്തിൽ വഴി	120 മീ.	1 മീ.
10.	ചെട്ടിയാകുളം - നാല്പതിൽ ചിറവഴി	910 മീ.	1 മീ.
11.	വേമ്പനാട്ടു ഇരുപത് പാലം - കൊഞ്ചുമട വഴി	360 മീ.	1 മീ.
12.	അട്ടിപ്പീടിക - ചിറ്റുക്കളം വഴി	1000 മീ.	1 മീ.
13.	ചിറ്റുക്കളം - കൊഞ്ചുമട വഴി	360 മീ.	1 മീ.
14.	കൊഞ്ചുമട - മുത്തന്റെ കോണിച്ചിറവഴി	136 മീ.	1 മീ.
15.	മുത്തന്റെ കോണിച്ചിറ - പളളിക്കായൽ വഴി	750 മീ.	1 മീ.
16.	മാരാരിക്കളം - സെമിത്തേരിക്കായൽ വഴി	570 മീ.	1 മീ.
17.	മാരാരിക്കുളം - പളളിക്കായൽ വഴി	500 മീ.	1 മീ.
18.	മാരാരിക്കുളം - നാലുപങ്ക് വഴി	400 മീ.	1 മീ.
19.	നാലുപങ്ക് - പളളിക്കായൽ വഴി	490 മീ.	1 മീ.
20.	നാലുപങ്ക് - മുത്തന്റെ നടക്ഷേത്രം വഴി	402 മീ.	1 മീ.
21.	മുത്തന്റെ നടക്ഷേത്രം - കൊഞ്ചുമട വഴി	460 മീ.	1 മീ.
22.	N.N.C.J.M.L.P.S - കരിവേലിവഴി	270 മീ.	1 മീ.
23.	ഇരവേലിത്തറ - അൻപത്താറിൽ വഴി	390 മീ.	1 മീ.
24.	അറുപത്താറിൽ - അത്തിക്കളം വഴി	100 മീ.	1 മീ.
25.	മാതപ്പശേരി - അട്ടിയിൽകളം വഴി	500 മീ.	1 മീ.
26.	തയ്യിൽ ചിറ്റുക്കളം വഴി	175 മീ.	1.6 മീ.
27.	നസ്രേത്ത് - മാതൃക വഴി	100 മീ.	7 മീ.
	"	50 മീ.	1 മീ.
28.	കൊഞ്ചുമട - കുറിയമടവഴി	165 മീ.	1.5 മീ.
29.	കരുണാഹോസ്പിറ്റൽ - മേലേക്കുന്നുവഴി	125 മീ.	3 മീ.
	"	60 മീ.	2 മീ.
30.	കൊച്ചുപറമ്പ് - N.N.C.J.M വഴി	300 മീ.	1 മീ.
31.	ചിറ്റൂർ മാറിയേടം വഴി	392 മീ.	
32.	തുണ്ടിക്കടവ് കാട്ടകശേരി വഴി	300 മീ.	1 മീ.

കുമരകം പഞ്ചായത്ത് വികസന സമിതി
പൊതുസഭയിലെ
അയൽക്കൂട്ടം പ്രതിനിധികൾ

വാർഡ് 1	അയൽകൂട്ടത്തിന്റെ പേര്	പുരുഷ വനിത പ്രതിനിധികൾ
	1. മറ്റീത്ര	1. രജിമോൻ
		2. പുഷ്പവല്ലി
	2. ഗൊങ്ങിണിക്കരി	1. K.P ശിവരാമൻ
		2. സോമിനി തങ്കപ്പൻ
	3. ബാലാവാടി	1. P.T. സുരേഷ്
		2. ചിന്നമ്മ
	4. വളപ്പിൽ	1. P.P. വിജയൻ
		2. രത്നമ്മ പൊന്നപ്പൻ
	5. ആറ്റുചിറ.	1. A.D. സുരേന്ദ്രൻ
		2. പൊന്നമ്മ വേണു
	6. നേരേമട	1. V.K.ജോഷി
		2. ജഗദമ്മ മോഹനൻ
	7. മൂലേപ്പാടം തെക്ക്	1. സുധീർ വല്ലയ്ക്കാട്
		2. ലീലാമ്മ കൃഷ്ണൻ കുട്ടി
	8. മൂലേപ്പാടം വടക്ക്	1.
		2.
	9. ശാസ്താം പറമ്പ്	1. ശോഭന അച്ചൻ കുഞ്ഞ്
		2.
	10. പുല്ലുപറമ്പ്	1. M.N. ഗോപിദാസ്
		2. രാധാ മാധവൻ
	11. പത്തേക്കർ	1.
		2.

വാർഡ് വികസന സമിതി
ചെയർമാൻ A.P.ഗോപി
കൺവീനർ P.T.സുഭാഷ്, പാണ്ടിയാന്തറ

വാർഡ് 2		
	1. ചൂള ഭാഗം	1. മാത്യു പാണംപറമ്പ്
		2. ഗീതാ ഗംഗാധരൻ
	2. ഈഴാം കാട്	1. ബാബു കുര്യാക്കോസ്
		2. സുമതി ആൽബർട്ട്
	3. തൈത്തറ	1. കെ.എ. ജോയി
		2. സുമ തങ്കപ്പൻ
	4. ശ്രാമ്പിച്ചിറ	1. എസ് എം. പുന്നൂസ്
		2. ബീനാ ഷാജി
	5. കണിച്ചാട്ടുതറ	1. വി.സി മോനച്ചൻ
		2. വത്സമ്മ ജയിംസ്
	6. ഉമ്മാച്ചേരിൽ	1. ജോസ് പതിനഞ്ചിൽ
		2. ഒ.ബി. ഗിനിജ
	7. ആലംപറമ്പ്	1. പ്രസാദ് കൊച്ചാപ്പിത്തറ
		2. ചെല്ലമ്മ ഇല്ലിച്ചിറ

വാർഡ് വികസന സമിതി
ചെയർമാൻ. അലക്സാണ്ടർചാക്കോ
കൺവീനർ. എ.കെ രജൂമോൻ ഏലച്ചിറ

വാർഡ് 3

1.	നാഷ്ണാന്ത്ര	1. ജോൺ ഇട്ടിയവിര 2. എൻ.ടി പൊന്നമ്മ
2.	കാമിച്ചേരി	1. യാക്കോബ് കാമിച്ചേരി 2. ഭൗപ്രിയ നാരായണൻ
3.	വള്ളാറ	1. ടി.സി. ജോസ് തറയിൽ 2. മേയാമ്മ കുര്യൻ
4.	ആഞ്ഞിലിപ്പറമ്പ്	1. വി.എൻ ദാസ് 2. ഭാർഗ്ഗവി കൃഷ്ണൻ
5.	ആശാരിപ്പറമ്പ്	1. വി.കെ. നാരായണൻ 2. പത്മിനി രാധാകൃഷ്ണൻ
6.	പുത്തൻപുര	1. വി.എസ്. സുഗേഷ് 2. പത്മിനി രാധാകൃഷ്ണൻ
7.	പൂങ്കശ്ശേരി	1. കേശവൻ പൂങ്കശ്ശേരിച്ചിറ 2. വസുമതി പൂങ്കശ്ശേരിച്ചിറ
8.	വടക്കും കര	1. വി.കെ. പ്രകാശൻ 2. സ്വപ്ന ശശിധരൻ
9.	കാരിക്കത്ര	1. കെ.കെ. പൊന്നപ്പൻ 2. രമണി തങ്കപ്പൻ
10.	ചമ്പക്കുളം	1. രവീന്ദ്രൻ പുത്തമ്പറമ്പ് 2. ഓമന മോഹനൻ

വാർഡ് വികസന സമിതി
ചെയർപെഴ്സൺ: ശോഭനാ ചന്ദ്രദാസ്
കൺവീനർ: വി.പി. വർഗ്ഗീസ് വടക്കേപ്പറമ്പ്

വാർഡ് 4

1.	പുറത്തേപ്പറമ്പ്	1. എസ്.എം. മാത്യ 2. വിജയമ്മ ശശി
2.	പള്ളിച്ചിറ	1. സാബു വാലുചിറ 2. രേവമ്മ പുഷ്പാംഗദൻ
3.	ചെപ്പന്നൂക്കരി	1. ഗോപിദാസ് കട്ടത്തറ 2. ലീലാ ഉണ്ണി
4.	പള്ളിത്തോപ്പ്	1. കെ.ടി. രാജേന്ദ്രൻ 2. കത്രീനാ പത്രോസ്
5.	ദേവസ്വംചിറ	1. പി.കെ. രജിമോൻ 2. ലിസി തങ്കച്ചൻ
6.	ചൂരപ്പറമ്പ്	1. എൻ.വി.സോമൻ 2. കെ.എൻ. ഷീല
7.	ഈരമറ്റം	1. കെ.കെ. സരളപ്പൻ 2. കെ.വി.ബിന്ദു
8.	മാഞ്ചിറ	1. സലിമോൻ, കണിയാമറ്റം 2. ഷേർളി ചന്ദ്രഹാസൻ
9.	ശ്രീകുമാരമംഗലം	1. എ.സി. സാബു 2. ഓമന മോഹനൻ

വാർഡ് വികസന സമിതി

ചെയർമാൻ: ജോർജ്ജ് മാത്യു

കൺവീനർ: സി.കെ. രാജമോഹൻ നടുപ്പുരയിൽ

വാർഡ് 5

1. ഉമ്മാച്ചേരി തോപ്പ്	1. കെ.കെ. ഗോപാലൻ
	2. രമണി ഉമ്മാച്ചേരിത്തോപ്പ്
2. അമ്മങ്കരി	1. പി.കെ. മുരളീധരൻ
	2. മോഹിനിഭായി
3. കൃഷ്ണവിലാസം തോപ്പ്	1. ഇ.എസ്. ജോയി
	2. പൊന്നമ്മ
4. അത്തിക്കളം	1. എം.എൻ. ഗോപാലൻ ശാന്തി
	2. ലൈലാ സുരേഷ്
5. അരയശ്ശേരി	1. കെ.ടി. സൈമൻ
	2. ചെല്ലമ്മ രവീന്ദ്രൻ
6. ചാലുങ്കൽ	1. ഹരിദാസ് വാസു
	2. ശാന്തമ്മ നാണപ്പൻ
7. വിശാഖംതറ	1. വർഗ്ഗീസ് ഇടവനക്കളം
	2. അക്കാമ്മ സുരേഷ്
8. നഴ്സറി	1. ഏബ്രഹാം മാത്യു
	2. കെ.കെ. ലതികമ്മ
9. ബോട്ടുജെട്ടി	1.
	2.

വാർഡുവികസന സമിതി

ചെയർപെഴ്സൺ: ഇ.കെ. തങ്കമ്മ

കൺവീനർ: കെ.ടി. സൈമൺ പൊയ്ക്കാട്ടുശ്ശേരിൽ

വാർഡ് 6

1.വാര്യത്തുകടവ്	1. സി.ജി. ഈശ്വരൻ നമ്പൂതിരി
	2. രത്നമ്മ വാര്യത്തുകടവ്
2. ചിറയിൽ	1. പ്രസന്നൻ ചിറയിൽ
	2. മാധുരിദേവി
3. പുത്തമ്പറമ്പ്	1. തോമസ് പി. ചെറിയാൻ
	2. പെണ്ണമ്മ കുറുപ്പും പറമ്പ്
4. കൊച്ചിരവട്ടം	1. പാപ്പൻ കല്ലിപ്പുറം
	2. സിന്ധു. പി.പി
5. കാട്ടുത്തറ	1. ബിനു ഗോപിനാഥ്
	2. ജയശ്രീ വി.വി
6. പുന്നത്താഴെ	1. ലാൽജി പുന്നത്താഴെ
	2. സിബി അയ്യനാട്ടുശ്ശേരി
7. കായപ്പുറം	1. സുധാർണ്ണൻ ബോർമ്മയിൽ
	2. വത്സമ്മ കായപ്പുറം
8. പുളിക്കിയിൽ	1. ശശി. പുളിക്കയിൽ
	2. മോളി കണ്ടാത്ര
9. ലക്ഷ്മിച്ചിറ	1. വിജയൻ കൊല്ലന്തറ
	2. ഓമന കൊല്ലാന്തറ
10. ഹൈസ്ക്കൂൾ	1. പി.എസ്. ബാലചന്ദ്രൻ
	2. രമാദേവി ചിറ്റേഴത്തുകളം

വാർഡ് വികസന സമിതി
ചെയർപെഴ്സൺ അയിഷപ്രകാശൻ
കൺവീനർ ജി.സി. ദാമോദരൻ ഗൊങ്ങിണിക്കരി

വാർഡ് 7	1. പൊറ്റപ്പുറം	1. കെ.എൻ. പ്രസാദ്
		2. രാജമ്മ കുഞ്ഞുമോൻ
	2. പുതുവൽ	1. പി.പി. ജോസഫ്
		2. വി.എസ് അനിത
	3. കളത്തിൽ	1. തങ്കച്ചൻ ശാന്തിമൂല
		2. സുഷമ വൈക്കത്തുശ്ശേരി
	4. വിത്തുവട്ടിൽ	1. വി.വി. നടേശൻ
		2. പെണ്ണമ്മ
	5. കണ്ടങ്കാവ്	1. എബി ജോസഫ്
		2. ഓമന കണ്ടങ്കാവ്
	6. പൊറ്റക്കൊടിത്തറ	1. കുഞ്ഞുമോൻ പൊറ്റക്കൊടിത്തറ
		2.
	7. ബ്ലാത്തിയിൽ	1. സുഗുണൻ, തച്ചാറച്ചിറ
		2.
	8. മൂലയിൽ	1.
		2.

വാർഡ് വികസന സമിതി
ചെയർമാൻ വി. പി. കുഞ്ഞൂഞ്ഞ്
കൺവീനർ കെ.ആർ. കുമാരൻ കളത്തിൽ

വാർഡ് 8		
	1. മായിക്കാട്	1. സിനി ജോർജ്ജ്
		2. അനിതാ മുരളി
	2. പന്നിക്കോട്	1. എ.പി. സലിമോൻ
		2. സുലോചനാ മോഹനൻ
	3. മുപ്പതിൽ	1.
		2.
	4. മൂലേച്ചേരിൽ	1.
		2.
	5. പൊറ്റക്കട	1.
		2.
	6. ലക്ഷം വീട്	1. പി.സി. മോഹനൻ, പുതുവീട്
		2. കുഞ്ഞുമോൾ ബാബു
	7. കടമ്പനാട്	1.
		2
	8. പത്ത് പങ്കിൽ	1. ശശി പുന്നത്താഴെ
		2.
	9. നടുവിലേടം	1.
		2.

വാർഡ് വികസന സമിതി
ചെയർമാൻ പി.കെ.പാപ്പ
കൺവീനർ സിനി ജോർജ്ജ്, കൊല്ലപ്പള്ളിത്തറ

വാർഡ് 9

1.	വെസ്റ്റേൺ്	1. രാജൂ മാത്യു 2. മോൾവി പുതുപ്പറമ്പിൽ
2.	മേലേക്കര	1. സുഗുണൻ പുല്പ്രക്കരി 2. മോളി പ്രകാശൻ
3.	കൊട്ടുവടി	1. എം. കെ. സുരേഷ് 2. ബേബി പ്രസന്നൻ
4.	എമ്പാക്കൽ	1. പി.കെ. രഘുദാസ് 2. കെ.പി. രജനിമോൾ
5.	ചൊള്ളന്തറ	1. കെ.എം. ജയിംസ് 2. ശാന്തമ്മ മധു
6.	കണ്ണമ്പള്ളിൽ	1. ഗോപിനാഥൻ നായർ 2. കുഞ്ഞമ്മ കൃഷ്ണൻകുട്ടി
7.	കാലുതറ	1. വി.വി,വിനോദ് 2. ലാലി മോഹനനൻ
8.	വാതല്ലൂർ	1. അനിരുദ്ധൻ തട്ടുകളം 2. സുധർമ്മ കലാധരൻ

വാർഡ് വികസന സമിതി
ചെയർമാൻ കെ.എം ശാമുവൽ
കൺവീനർ എ.എസ്. രാജൻ, എമ്പാക്കൽ

വാർഡ് 10

1.	നാലുപങ്ക്	1. തോമസ് കുര്യൻ 2. അന്നമ്മ ചെറിയാൻ
2.	നസ്രേത്ത്	1. മോനച്ചൻ പുതുച്ചാറ 2. തങ്കമ്മ രാജൻ
3.	അമ്പത്താറിൽ	1. 2.
4.	വിജ്ഞാനപ്രഭ	1. എസ്.വി. സുരേന്ദ്രൻ 2. റെയ്ച്ചൽ പീറ്റർ
5.	ണടുമ്പറമ്പ്	1. ബേബി തോമസ് 2. പി.ജി. പത്മകുമാരി
6.	അട്ടിപ്പീടിക	1. ഉണ്ണികൃഷ്ണമേനോൻ 2. ഇ.ആർ. പൊന്നമ്മ
7.	കുന്നപ്പള്ളി	1. പി.യു. വർഗ്ഗീസ് 2. ലൈലാ ശ്രീധരൻ
8.	കരിയിൽ കിഴക്ക്	1. വി.കെ. സന്തോഷ്കുമാർ 2. കെ.എ. സാറാമ്മ
9.	കരിയിൽ പടിഞ്ഞാറ്	1. ചക്രപാണി കല്ലിപ്പുറം 2. കെ.എം. അമ്പിളി


വാർഡ് വികസന സമിതി
ചെയർ പെഴ്സൺ സാലി ചാക്കോ
കൺവീനർ കെ.ജെ. ആൻറണി, കായിത്ര

കുമരകം പഞ്ചായത്ത് വികസനസമിതി

രജി. നമ്പർ. കെ 714/95

പ്രവർത്തക സമിതി

വി.പി. കുഞ്ഞുകുഞ്ഞ് (പ്രസിഡന്റ്)
കെ.എം. ശാമുവൽ (വൈസ് പ്രസിഡന്റ്)
പി.ജി. പത്മനാഭൻ (സെക്രട്ടറി)
എ.പി. ഗോപി (ജോയിന്റ് സെക്രട്ടറി)
സിബി ജോർജ്ജ് (ജോയിന്റ് സെക്രട്ടറി)
സി.എസ്. അജിതൻ നമ്പൂതിരി (ട്രഷറർ)
ടി.യു. സുരേന്ദ്രൻ
കെ. ചന്ദ്രികാദേവി
എ.പി. സലിമോൻ
കെ.വി. ബിന്ദു
കെ. ജോൺ
പി.എസ്. ഷിബു
പി.റ്റി ആനന്ദൻ
കെ.പി. അലക്സാണ്ടർ
പി. ജി. ദേവദാസ്
ഇ.കെ. തങ്കമ്മ
സി.കെ. രാജമോഹൻ
എം.എൻ. പുഷ്ക്കരൻ
ജി.സി. ദാമോദരൻ
പി.എൻ. ശ്രീദേവി
പി.എൻ. സരസമ്മാൾ
അലക്സാണ്ടർ ചാക്കോ
ശോഭന ചന്ദ്രദാസ്
ജോർജ്ജ് മാത്യു
അയിഷാ പ്രകാശൻ
പി.കെ. പാപ്പ
സാലി ചാക്കോ
പി.ടി. സുഭാഷ്
എ. കെ. രജിമോൻ
വി.പി. വർഗ്ഗീസ്
കെ.ടി. സൈമൺ
കെ. ആർ കുമാരൻ
സിനി ജോർജ്
എ. എസ്. രാജൻ
കെ. ജെ. ആൻറണി
ഡോ. വി.കെ. പൊടിയപ്പൻ (മെഡിക്കൽ ഓഫീസർ)
യു. കവിത (കൃഷി ഓഫീസർ)
കെ. സുശീല (ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസ്)
കെ.ജി. കൃഷ്ണൻകുട്ടി (വില്ലേജ് ഓഫീസർ)
പി.എസ്.എം. സീതി (സെക്രട്ടറി, ഗ്രാമപഞ്ചായത്ത്)
വി.എൻ. പത്മകുമാരി (എൽ. വി. ഇ. ഒ)



കുമരകം ഗ്രാമപഞ്ചായത്ത് വികസനരേഖ